:B-1

കൃഷ്ണയജുർവേദം

(തൈത്തിരീയ സംഹിത)

"ദീപികാ" എന്ന വ്യാഖ്യാനത്തോടുകൂടി

ഒന്നാം ഭാഗം

(ആദ്യത്തെ രണ്ടു പ്രപാഠകങ്ങൾ)

— വ്യാഖ്യാതാ —
മഹോപാദ്ധ്യായ കെ. ഭഗവതീശങ്കരശർമ്മ B. A., B. Ed.,

വില—ഏഴ് രൂപാ

കൃഷ്ണയജുർവേദം

(തൈത്തിരീയ സംഹിത)

''ദീപികാ'' എന്ന വ്യാഖ്യാനത്തോടുകൂടി

ഒന്നാം ഭാഗം

(ആദ്യത്തെ രണ്ടു പ്രപാഠകങ്ങൾ)

— വ്യാഖ്യാതാ —

മഹോപാദ്ധ്യായ കെ. ഭഗവതീശ്വരശർമ്മ B. A., B. Ed.

SCANNED

വില—ഏഴ് രൂപാ.

SANSKRIT AND MALAYALAM

KRISHNA YAJURVEDA

(TAITHIREEYA SAMHITA)

With Malayalam Commentary—" Deepika "

VOLUME I

Edited and Published by

K. BHAGAVATHEESWARA SARMA
(38/500. Sanyasi Gramom, 3 rd Puthen Street, Trivandrum-9)

First Impression—in June 1975

Copies 1000

Printed at
JAYA PRINTERS, CHALAI, TRIVANDRUM

Price Rs. 7/-

Rights Reserved.

ॐ

॥ श्री शृङ्गेरी श्री जगद्गुरुसंस्थानम् ॥

श्रीविद्याशंकर

श्रीमत्परमहंसपरिव्राजकाचार्यवर्य पदवाक्यप्रमाणपारावारीण यमनियमासनप्राणायामप्रत्याहारध्यानधारणासमाध्यष्टाङ्गयोगानुष्ठाननिष्ठ तपश्चक्रवर्त्यनाद्यवच्छिन्न श्रीशंकराचार्य गुरुपरम्पराप्राप्तषड्दर्शनस्थापनाचार्य व्याख्यानसिंहासनाधीश्वरसकलनिगमागमसारहृदय सांख्यत्रयप्रतिपादक वैदिकमार्गप्रवर्तक सर्वतन्त्रस्वतन्त्रादिराजधानीकर्णाटकसिंहासन प्रतिष्ठापनाचार्य श्रीमद्राजाधिराजगुरु भूमण्डलाचार्य ऋष्यशृङ्गपुरवराधीश्वर तुङ्गभद्रातीरवासि श्रीमद्विद्याशंकरपादपद्माराधक श्री जगद्गुरु श्री चन्द्रशेखरभारती स्वामिगुरु करकमलसञ्जात श्री जगद्गुरु शृंगेरी श्रीमद्-अभिनवविद्यातीर्थपादस्वामिभिः ॥

- अस्मदत्यन्तप्रियशिष्य श्री भगवतीश्वर शर्मविषये नारायणस्मरणपूर्वकं विरचिता आशिषः समुल्लसन्तु

सर्वो हि मानवः श्रेयः प्रेप्सति। तत्साधनाय च नानाविधं प्रयतते। नहि तैरेवप्रयत्नैः आत्यन्तिकमभीप्सितमधिगच्छन्ति। ततश्च खिन्नान्तःकरणः नानाविधेषु मार्गेषु प्रवर्तमानः मानवंजन्मकदर्थयति च।

भगवान् जगतो विधाता श्रेयः प्राप्तिसाधनमवगमय्य सकलान् मानवान् उद्धर्तुं सर्गादौ सर्वार्थावद्योतिकाः श्रेयस्साधनपटिष्ठाः। ऋग्यजुस्सामाथर्वाख्याः श्रुतीः ऋषिभ्योऽनुजग्राह। ते च ऋषयः श्रेयस्साधिका श्रुतयः कदाचिदपि विपरिलोपं न प्राप्नुयुरिति परम्परया ताः शिष्यान् समध्यापयन्। तासां सर्वत्र प्रचारसद्भावेऽपि अर्थावगमस्य दुस्साध्यतामाकलय्य श्री सायणादयः निरुक्तशौनकीयार्थानुक्रमणी-बृहद्देवतादिग्रन्थान् अनुरुन्धानाः भाष्यं विरचय्य लोकानां महतीमुपकृतिमतन्वन्।

P. T. O.

अधुना संस्कृतभाषाया अपि विरलप्रचारतया देशभाषामात्राभिज्ञानामपि तदर्थावबोधो भवत्विति मनीषया भवान् यजुर्वेदस्य समग्रस्य कैरल्या भाषया सायणभाष्यानुसारं अनुवादं विधाय प्रकाशयितुमुद्युङ्क्ते। तत्र च कांश्चिदंशान् अस्मान् निशमय्य अतोषयत्।

वयमिमं अनुवादग्रन्थं निशम्य प्रीतान्तरङ्गाः भवद्विरचितस्यानुवादस्य सर्वत्रप्रचारमाकांक्षामहे। श्री शारदाशशिकलावतंसौ भवतां प्रयत्नं सफलीकुरुतमिति च आशास्महे॥

शृंगगिरिः प्रमादीयफाल्गुन कृष्णद्वितीया
भानुवासर 10-3-1974

इति नारायणस्मरणम्
श्रीमुद्रा

ഓം

ശ്രീ ശൃംഗേരീ ശ്രീ ജഗദ്ഗുരു സംസ്ഥാനം

ശ്രീ വിദ്യാശങ്കര

ശ്രീമത്പരമഹംസപരിവ്രാജകാചാര്യവര്യപദവാക്യ പ്രമാണ പാരാവാരീണ യമനിയമാസനപ്രാണായാമ പ്രത്യാഹാരധ്യാനധാരണാ സമാധ്യഷ്ടാംഗ യോഗാനുഷ്ഠാന നിഷ്ഠ തപ ശ്ചക്രവർത്ത്യനാദ്യവച്ഛിന്ന ശ്രീ ശങ്കരാചാര്യഗുരുപരമ്പരാ പ്രാപ്തഷഡ്ദർശന സ്ഥാപനാചാര്യ വ്യാഖ്യാന സിംഹാസനാധീശ്വര സകല നിഗമാഗമ സാരഹൃദയ സാംഖ്യത്രയ പ്രതിപാദക വൈദികമാർഗ്ഗ പ്രവർതക സർവ്വതന്ത്രസ്വതന്ത്രാദി രാജധാനീ വിദ്യാനഗര മഹാരാജധാനി കർണാടക സിംഹാസന പ്രതിഷ്ഠാപനാചാര്യ ശ്രീ മദ്രാജാധിരാജ ഗുരുഭൂമണ്ഡലാചാര്യ ഋഷ്യശൃംഗപുരവരാധീശ്വര തുംഗഭദ്രാതീരവാസി ശ്രീമദ്വിദ്യാശങ്കരപാദപദ്മാരാധക ശ്രീജഗദ്ഗുരു ശ്രീ ചന്ദ്രശേഖര ഭാരതീ സ്വാമി ഗുരുകരകമലസംജാത ശ്രീ ജഗദ്ഗുരു ശൃംഗേരീ ശ്രീമദഭിനവ വിദ്യാതീർത്ഥപാദ സ്വാമി കളാൽ നൽകപ്പെട്ട ശ്രീ മുഖം.

നമ്മുടെ പ്രിയശിഷ്യനായ ഭഗവതീശ്വര ശർമ്മക്ക് നാരായണ സ്മരണയോടുകൂടി നൽകപ്പെടുന്ന ആശിസ്സുകൾ സമുല്ലസിക്കട്ടെ.

എല്ലാ മനുഷ്യരും ശ്രേയസ്സ് ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി പല തരത്തിൽ പ്രയത്നിക്കയും ചെയ്യുന്നു. അപ്രകാരമുള്ള പ്രയത്നങ്ങളാൽ ഉദ്ദിഷ്ടമായ കാര്യം ലഭിക്കുന്നില്ല. തന്നിമിത്തം ഖിന്നമാനസരായി പല മാർഗ്ഗങ്ങളിൽ പ്രവർത്തിച്ച് മനുഷ്യജന്മം നിഷ്ഫലമാക്കുകയും ചെയ്യുന്നു.

ലോകത്തിൻെറ സൃഷ്ടികർത്താവായ ഈശ്വരൻ എല്ലാ മനുഷ്യരേയും ഉദ്ധരിക്കുന്നതിനു വേണ്ടി സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ സർവ്വാർത്ഥ ദ്യോതകങ്ങളും ശ്രേയസ്സ് നൽകുന്നതു

മായ ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നീ വേദങ്ങൾ മഹർഷിമാർക്കുപദേശിച്ചു. ആ മഹർഷിമാർ ശ്രേയസ്സാധക മായ വേദം ഒരിക്കലും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി പരമ്പരയായി ശിഷ്യന്മാരെ അഭ്യസിപ്പിച്ചു. വേദങ്ങൾക്ക് എല്ലാ സ്ഥലത്തും പ്രചാരമുണ്ടെങ്കിലും അർത്ഥാവബോധം സുകരമല്ലാത്തതുകൊണ്ടു് ശ്രീ സായണൻ മുതലായവർ നിരു ക്തം, ശൌനകപ്രണീതമായ അർത്ഥാനുക്രമണിക, ബൃഹദ് ദേവത മുതലായ ഗ്രന്ഥങ്ങളെ ആധാരമാക്കി ഭാഷ്യം രചിച്ച് ലോകത്തിനു് വലിയ ഉപകാരം ചെയ്തു.

ഇപ്പോൾ സംസ്കൃതഭാഷയുടെ പ്രചാരം വിരളമായതു കൊണ്ടു് പ്രാദേശികഭാഷ മാത്രം അറിയാവുന്നവർക്കും വേദ ത്തിന്റെ അർത്ഥം മനസ്സിലാകണം എന്ന വിചാരത്തോടുകൂടി നിങ്ങൾ യജുർവ്വേദത്തിനു് സായണഭാഷ്യം ആശ്രയിച്ചു് മല യാളത്തിൽ അർത്ഥം എഴുതി പ്രസിദ്ധപ്പെടുത്താൻ ഉദ്യമി ക്കുന്നു. അതിൽ കുറെ ഭാഗം നമ്മെ കേൾപ്പിക്കയും ചെയ്തു.

ഈ അനുവാദ ഗ്രന്ഥം കേട്ടു് സന്തുഷ്ടരായ നാം നിങ്ങൾ രചിച്ച അനുവാദ ഗ്രന്ഥത്തിനു് എല്ലാ സ്ഥലത്തും പ്രചാര മുണ്ടാകണമെന്നാഗ്രഹിക്കുന്നു. ശ്രീ ശാരദാദേവിയും ചന്ദ്ര മൌലീശ്വരനും നിങ്ങളുടെ പ്രയത്നം സഫലമാക്കട്ടെ എന്നു് ആശംസിക്കുന്നു.

ശൃംഗേരി
പ്രമാദിയഫാൽഗുന—
കൃഷ്ണ ദ്വിതീയാ.
ഭാനുവാസരം
10–3–1974.

ഇതി നാരായണസ്മരണം
ശ്രീമുദ്രാ.

(ശ്രീമുഖത്തിന്റെ അനുവാദം)

ശ്രീ

അഭിപ്രായം

എസ്‌-സുബ്രഹ്മണ്യ ഘനപാഠികൾ
യജുർവേദ സലക്ഷണ വിദ്വാൻ
ശ്രൌതസ്മാർത്ത പണ്ഡിററ്‌

തിരുവനന്തപുരം
1–5–1975

ബ്രഹ്മശ്രീ കെ. ഭഗവതീശ്വരശർമ്മ അവർകൾ രചിച്ച കൃഷ്ണയജുർവേദ തൈത്തിരീയ സംഹിതയുടെ മലയാള വ്യാഖ്യാനം ഞാൻ വായിച്ചുനോക്കി.

വേദങ്ങൾക്കു നമ്മുടെ സംസ്കൃതഭാഷാ ജ്ഞാനം കൊണ്ടു മാത്രം ഭാഷ്യം രചിക്കാൻ സാധ്യമല്ലെന്നുള്ളതു് സർവ്വവിദിതമാകയാൽ, നിരുക്തം മുതലായ വേദാംഗങ്ങളുടേയും ശ്രൌതസ്മാർത്ത പ്രയോഗജ്ഞന്മാരുടെ സഹകരണത്തേയും സഹായമാക്കി, സായണാചാര്യർ, ഭട്ടഭാസ്കരാചാര്യർ എന്നീ ഭാഷ്യകാരന്മാരും വിശ്വാമിത്രർ, അഗസ്ത്യർ, ഹരദത്തർ, എന്നീ മഹർഷിമാരും വേദഭാഷ്യങ്ങൾ രചിച്ചിട്ടുള്ളതാകുന്നു.

നമ്മുടെ ഗ്രന്ഥകർത്താവു് ബ്രഹ്മശ്രീ കെ. ഭഗവതീശ്വരശർമ്മ അവർകൾ സായണാചാര്യരുടെ ഭാഷ്യം സുവ്യക്തമാകയാൽ അതിനെ ആധാരമാക്കിയാണു് ഈ വ്യാഖ്യാനം രചിച്ചിട്ടുള്ളതു്. വേദം അധ്യയനം ചെയ്യുന്നവർക്കും, വേദം പഠിക്കണമെന്നാഗ്രഹമുള്ളവർക്കും ശ്രൌതസ്മാർത്ത പ്രയോഗജ്ഞാനാഭിവൃദ്ധി ഇച്ഛിക്കുന്നവർക്കും ഒന്നുപോലെ ഉപകാരപ്രദമാണു് ഈ വ്യാഖ്യാനം.

ഇതിലെ മററു് ഭാഗങ്ങൾകൂടി അചിരേണ പ്രസിദ്ധപ്പെടുത്താൻ ഗ്രന്ഥകർത്താവിനെ ജഗദീശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി വ്യാഖ്യാതാവിനു് സർവ്വവിജയങ്ങൾ ആശംസിച്ചുകൊള്ളുന്നു.

എന്നു്, ആസ്തികജനഗുണാനുരാഗീ
എസ്‌. സുബ്രഹ്മണ്യ ഘനപാഠികൾ
രണ്ടാം പുത്തൻ തെരുവു്
തിരുവനന്തപുരം—9

ഡാക്റ്റർ എസ്. വെങ്കടസുബ്രഹ്മണ്യയ്യർ. എം.എ., പി.എച്ച്. ഡി.
പ്രൊഫസർ, സംസ്കൃതവിഭാഗം,
കേരളസർവ്വകലാശാല.

തിരുവനന്തപുരം.
20-5-1975.

ആമുഖം

മാനവരാശിയുടെ ഏററവും പ്രാക്തനമായ ഗ്രന്ഥമാണ് വേദം. അതു് അനാദിയെന്നാണ് ഭാരതീയ സങ്കല്പം. വിശ്വാമിത്രൻ, വാമദേവൻ, ഭരദ്വാജൻ തുടങ്ങിയ മഹർഷിമാർ അന്തരമായി ദർശിച്ച മന്ത്രങ്ങളാണ് അതുൾക്കൊള്ളുന്നതു്. ഹൈന്ദവമതത്തിനും സംസ്കാരത്തിനും ആധാരം വേദമാണ്. അതുകൊണ്ടു് വേദത്തെപ്പററിയുള്ള പരിജ്ഞാനം ഏതൊരു ഭാരതീയനും ആവശ്യമാണ്.

സംഹിത, ബ്രാഹ്മണം, ആരണ്യകം എന്നു് വേദത്തിനു് മൂന്നു് വിഭാഗമുണ്ടു്. മന്ത്രങ്ങളുടെ സമാഹാരമാണ് സംഹിത. സ്തുതികൾ, പ്രാർത്ഥനകൾ മുതലായവ ഇതിൽപ്പെടുന്നു. ഋക്, യജുസ്, സാമം, അഥർവം എന്നു് നാലാണ് സംഹിതകൾ. ഋഗ്വേദം പ്രായേണ അഗ്നി, ഇന്ദ്രൻ, വരുണൻ, രുദ്രൻ, മുതലായ ദേവതകളുടെ സ്തുതിരൂപത്തിലാണ്. യജുർവേദത്തിൽ വൈദികസംസ്കാരത്തിന്റെ അതിപ്രധാനഘടകമായ യാഗങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും പ്രയോഗങ്ങളുമാണ് അടങ്ങിയിരിക്കുന്നതു്. സാമവേദം ഋഗ്വേദത്തിലെ ചില ഭാഗങ്ങൾ യാഗങ്ങളിൽ ഗാനം ചെയ്യുന്നതിനുവേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഇഷ്ടസിദ്ധിയ്ക്കായുള്ള മന്ത്രവാദപ്രയോഗങ്ങൾക്കാണ് അഥർവവേദത്തിൽ പ്രാധാന്യം. ആഭിചാരാദികർമ്മങ്ങൾക്കു് സ്ഥാനമുള്ളതുകൊണ്ടു് അഥർവവേദത്തിനു് ന്യൂനതകല്പിച്ചു, മററു മൂന്നുവേദങ്ങളെ മാത്രം പ്രമാണമാക്കിക്കൊണ്ടാണ് 'ത്രയീ' എന്ന വ്യവഹാരം. യാഗങ്ങളെപ്പററി സവിസ്തരം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളാണ്

ഡാക്ടർ എസ്. വെങ്കടസുബ്രഹ്മണ്യയ്യർ. എം.എ., പി, എച്ച്, ഡി.
പ്രൊഫസർ, സംസ്കൃതവിഭാഗം,
കേരളസർവ്വകലാശാല.

തിരുവനന്തപുരം,
20-5-1975.

ആമുഖം

മാനവരാശിയുടെ ഏററവും പ്രാക്തനമായ ഗ്രന്ഥമാണ് വേദം. അത് അനാദിയെന്നാണ് ഭാരതീയ സങ്കല്പം. വിശ്വാമിത്രൻ, വാമദേവൻ, ഭരദ്വാജൻ തുടങ്ങിയ മഹർഷിമാർ ആന്തരമായി ദർശിച്ച മന്ത്രങ്ങളാണ് അതുൾക്കൊള്ളുന്നത്. ഹൈന്ദവമതത്തിനും സംസ്കാരത്തിനും ആധാരം വേദമാണ്. അതുകൊണ്ട് വേദത്തെപ്പററിയുള്ള പരിജ്ഞാനം ഏതൊരു ഭാരതീയനും ആവശ്യമാണ്.

സംഹിത, ബ്രാഹ്മണം, ആരണ്യകം എന്നു് വേദത്തിനു് മൂന്നു് വിഭാഗമുണ്ടു്. മന്ത്രങ്ങളുടെ സമാഹാരമാണ് സംഹിത. സ്തുതികൾ, പ്രാർത്ഥനകൾ മുതലായവ ഇതിൽപ്പെടുന്നു. ഋക്, യജുസ്, സാമം, അഥർവ്വം എന്നു് നാലാണ് സംഹിതകൾ. ഋഗ്വേദം പ്രായേണ അഗ്നി, ഇന്ദ്രൻ, വരുണൻ, രുദ്രൻ, മുതലായ ദേവതകളുടെ സ്തുതിരൂപത്തിലാണ്. യജുർവ്വേദത്തിൽ വൈദികസംസ്കാരത്തിൻെറ അതിപ്രധാനഘടകമായ യാഗങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും പ്രയോഗങ്ങളുമാണ് അടങ്ങിയിരിക്കുന്നതു്. സാമവേദം ഋഗ്വദത്തിലെ ചില ഭാഗങ്ങൾ യാഗങ്ങളിൽ ഗാനം ചെയ്യുന്നതിനുവേണ്ടി രൂപപ്പെടുത്തിയിട്ടുള്ളതാണ്. ഇഷ്ടസിദ്ധിയ്ക്കായുള്ള മന്ത്രവാദപ്രയോഗങ്ങൾക്കാണ് അഥർവവേദത്തിൽ പ്രാധാന്യം. ആഭിചാരാദികർമ്മങ്ങൾക്കു് സ്ഥാനമുള്ളതുകൊണ്ടു് അഥർവവേദത്തിനു് ന്യൂനതകൽപ്പിച്ചു, മററു മൂന്നുവേദങ്ങളെ മാത്രം പ്രമാണമാക്കിക്കൊണ്ടാണ് "ത്രയീ" എന്ന വ്യവഹാരം. യാഗങ്ങളെപ്പററി സവിസ്തരം പ്രതിപാദിയ്ക്കുന്ന ഗ്രന്ഥങ്ങളാണ്

ബ്രാഹ്മണങ്ങൾ. പാരത്രികമായ ചിന്തയാണ് ആരണ്യകങ്ങളിലെ മുഖ്യവിഷയം. ആദ്ധ്യാത്മികമായ വിചാരമാണ് ആരണ്യകങ്ങളോടനുബന്ധിച്ച ഉപനിഷത്തുകളിൽ കാണുന്നതു്. വേദവിഹിത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച ശ്രൌതസൂത്രം, ഗൃഹ്യസൂത്രം, ധർമ്മസൂത്രം എന്നീ കല്പസൂത്രങ്ങളും ശിക്ഷ, കല്പം, നിരുക്തം, വ്യാകരണം, ജ്യോതിഷം, ഛന്ദസ്സ് എന്നീ വേദാംഗങ്ങളും കൂടി പരിഗണിയ്ക്കുമ്പോൾ വൈദിക സാഹിത്യത്തിന്റെ വൈപുല്യം എത്രമാത്രമാണെന്നു് ഊഹിയ്ക്കാവുന്നതേയുള്ളു. മാത്രമല്ല, ഓരോ സംഹിതയ്ക്കും അല്പാല്പം ഭേദത്തോടുകൂടിയ പല ശാഖകളുണ്ടു്. ഇവയെല്ലാം തന്നെ ഇന്നു് നിലവിലില്ലെങ്കിലും, ഉദാഹരണമായി യജുർവേദത്തിനു് ശുക്ലം, കൃഷ്ണം എന്നു് രണ്ടു ശാഖകളും ശുക്ലത്തിനു് കാണ്വം, മാദ്ധ്യന്ദിനം എന്നു രണ്ടും, കൃഷ്ണത്തിനു് കാഠകം, കപിഷ്ഠലം, മൈത്രായണീ, തൈത്തിരീയം എന്നു നാലും ഉപശാഖകളുമുണ്ടു്. ഇവയ്ക്കോരോന്നിനും പ്രത്യേകം കല്പസൂത്രങ്ങളുമുണ്ടു്.

ഇങ്ങനെ അത്യന്തം വിസ്തൃതമായ വൈദിക സാഹിത്യത്തിലെ പല ഗ്രന്ഥങ്ങളും പാശ്ചാത്യ പണ്ഡിതന്മാരുടെ പരിശ്രമഫലമായി ഇംഗ്ലീഷ്, ജർമ്മൻ മുതലായ ഭാഷകളിൽ തർജ്ജിമയോടുകൂടി പ്രസാധനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, പ്രധാനപ്പെട്ട ഉപനിഷത്തുകൾ മാത്രമാണു് ഭാരതീയ ഭാഷകളിൽ പ്രായേണ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതു്. അടുത്ത കാലത്തായി ഋഗ്വേദത്തിന്റെ പരിഭാഷകൾ ആവിർഭവിച്ചു് തുടങ്ങിയിട്ടുണ്ടു്. മററു് കൃതികളുടെ കാര്യം മിയ്ക്കവാറും അവഗണനയിലാണു്.

ഈ സ്ഥിതിയിൽ പണ്ഡിതനും സ്ഥിരോത്സാഹിയുമായ മഹോപാദ്ധ്യായ ശ്രീ കെ. ഭഗവതീശ്വര ശർമ്മ യജുർവേദത്തിലെ ഏററവും പ്രധാനമായ തൈത്തിരീയ സംഹിതയ്ക്കു മലയാളത്തിൽ വ്യാഖ്യാനം രചിച്ചു് തുടങ്ങിയിരിയ്ക്കുന്നതു് വളരെ സ്വാഗതാർഹമാണു്. വേദഭാഷ്യകൃത്തുകളിൽ അതിപ്രാമാണികനായ സായണാചാര്യരുടെ വ്യാഖ്യാനമാണു് അദ്ദേഹം

ഇതിനു് മുഖ്യമായി അവലംബിച്ചിരിയ്ക്കുന്നതു്. ഓരോ മന്ത്രത്തിനും സംഹിതാപാഠം, പദപാഠം, വിനിയോഗം, അതിലെ ഓരോ പദത്തിനും അർത്ഥം, സാങ്കേതിക പദങ്ങളുടെ വിവരണം എന്നിങ്ങനെ അറിയേണ്ട സകല കാര്യങ്ങളും വിശദമാക്കിയിട്ടുണ്ടു്. അത്യാവശ്യമല്ലാത്ത കാര്യങ്ങളിലേയ്ക്കു് കടന്നിട്ടുമില്ല

ഏഴ കാണ്ഡങ്ങളിലായി നാല്പത്തിനാലു പ്രപാഠകങ്ങടം അടങ്ങിയിട്ടുള്ള തൈത്തിരീയ സംഹിതയിലെ ആദ്യത്തെ രണ്ടു പ്രപാഠകങ്ങളാണു് മാത്രകയ്ക്കായി പ്രകാശനം ചെയ്യുന്ന ഈ ആദ്യഭാഗത്തിലുള്ളതു്. ദർശപൂർണമാസ യാഗത്തിനും സോമലതാനയനത്തിനുമുള്ള മന്ത്രങ്ങളും അവയുടെ വിനിയോഗവുമാണു് ഈ വിഭാഗത്തിലെ പ്രതിപാദ്യം. ''സാമിധേനി'' മന്ത്രങ്ങടം, ചില പ്രത്യേക ഫലങ്ങളെ ഉദ്ദേശിച്ചുള്ള കാമ്യേഷ്ടികളിൽ ആരംഭത്തിലുള്ള ''പുരോ f നുവാക്യാ'' മന്ത്രങ്ങടം, അവസാനത്തിലുള്ള ''യാജ്യാ''മന്ത്രങ്ങടം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

വേദം പഠിയ്ക്കുന്നവരുടെ സംഖ്യ അംഗുലീപരിമിതവും, പഠിക്കുന്നവരുടെതന്നെ അർത്ഥജ്ഞാനം അതിവിരളവും, പ്രയോഗജ്ഞാനം സന്ദേഹബഹുളവുമായ ഇന്നത്തെ നിലയിൽ അവക്കും വേദാർത്ഥജ്ഞാനകുതുകികളായ സാധാരണക്കാർക്കും ഒരുപോലെ പ്രയോജനകരമായ—ശ്രീ ഭഗവതിശ്വരശർമ്മയുടെ ഈ സേവനം വളരെ സമാദരണീയമാണു്. അതു തുടരുന്നതിനു് വേണ്ട പ്രോത്സാഹനം അദ്ദേഹത്തിനു് ലഭിയ്ക്കുമാറാകട്ടെ.

എസ്, വെങ്കടസുബ്രഹ്മണ്യയ്യർ.

പ്രസ്താവന

വേദത്തിന് ഭാരതീയ സംസ്ക്കാരത്തിൽ മാത്രമല്ല വിശ്വസംസ്ക്കാരത്തിൽ തന്നെ പ്രമുഖമായ സ്ഥാനമുണ്ട്. ഭാരതീയ സംസ്കാരം വേദത്തിൽ പ്രതിഷ്ഠിതമാണ് സാധാരണ ജനങ്ങൾ വേദഗ്രന്ഥത്തെ ഈശ്വരന്റെ വിഗ്രഹംപോലെ ആരാധിച്ചുവന്നിരുന്നു. പ്രാചീനകാലത്തിൽ വേദാദ്ധ്യയനത്തിന് വേണ്ട സൗകര്യങ്ങൾ ഉണ്ടായിരുന്നു. അർത്ഥബോധത്തോടുകൂടി വേദം പഠിയ്ക്കുന്നവന് ഈ ജന്മത്തിൽ തന്നെ ബ്രഹ്മസാക്ഷാത്കാരം സിദ്ധിയ്ക്കുമെന്ന് മനുസ്മൃതിയിൽ പറഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ വേദാദ്ധ്യയനം ചെയ്യുന്നവരുടെ സംഖ്യയും അതിനുള്ള സൌകര്യവും വിരളമാണ്.

ലോകസാഹിത്യത്തിൽ പ്രാചീനതമവും സർവ്വശ്രേഷ്ഠവുമാണ് വേദം എന്ന് പറയാം. ഭാരതീയധർമ്മവും തത്വജ്ഞാനവും നല്ലപോലെ മനസ്സിലാക്കാൻ വേദത്തിന്റെ ജ്ഞാനം അത്യന്താപേക്ഷിതമാണ് ഭാരതീയ ധർമ്മങ്ങളുടേയും തത്വജ്ഞാനത്തിന്റേയും ഉറവിടം തന്നെ വേദമാണ്. ലോകസാഹിത്യത്തിലെ ഏററവും പ്രാചീനമായ ഗ്രന്ഥം എന്നു മാത്രമല്ല ആദ്ധ്യാത്മികവും ആധി ഭൗതികവുമായ കാര്യങ്ങളെപ്പററി നമുക്ക വേണ്ട അറിവ് നൽകുന്ന ഗ്രന്ഥം എന്ന നിലയിലും വേദത്തിനുള്ള പ്രാധാന്യം അവർണ്ണ്യനീയമാണ്.

മനുഷ്യസമുദായത്തിന്റെ ഏററവും പുരാതനമായ സമ്പത്താണ് വേദങ്ങൾ. ഹിന്ദുക്കളുടെ ഇടയിൽ പ്രാബല്യത്തിലിരിയ്ക്കുന്ന പല ആചാരങ്ങളും യാഗഹോമാദികർമ്മങ്ങളും വേദങ്ങളെ അവലംബിച്ചിരിയ്ക്കുന്നു. ഹിന്ദുമതത്തിന്റെ അചഞ്ചലമായ അടിസ്ഥാനമായിട്ടാണ് ജനങ്ങൾ വേദത്തെ ഗണിയ്ക്കുന്നതും. ശ്രുതിയെ പ്രമാണമാക്കാത്ത മതസമ്പ്രദായങ്ങൾ സനാതന ധർമ്മമായി സ്വീകരിയ്ക്കപ്പെടുന്നില്ല. അപൗരുഷേയമായ വേദത്തിൽ സകല തത്വങ്ങളും അടങ്ങിയിട്ടുണ്ടെന്നും വേദവാക്യങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാകാ

ത്തുകൊണ്ടാണ് ഹൈന്ദവധർമ്മം ക്ഷയിച്ചുപോയതെന്നു മാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

ഭാരതീയരുടെ അമൂല്യസമ്പത്താണ് വേദമെങ്കിലും, ഇപ്പോൾ വിദേശങ്ങളിലും അതിനുള്ള സ്ഥാനം അതിപ്രധാന മായിതീർന്നിരിയ്ക്കുന്നു. യൂറോപ്പിലെ പല പണ്ഡിതന്മാരും വേദങ്ങളുടേയും വേദാംഗങ്ങളുടേയും തർജ്ജമകളും, അവയെ സ്പർശിയ്ക്കുന്ന പല ഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. ക്ഷേമ ത്തിനും സമ്പത്തിനും, ശത്രുക്കളിൽനിന്ന് ഉപദ്രവം ഉണ്ടാകാ തിരിയ്ക്കുന്നതിനും, അവരോട് യുദ്ധം ചെയ്യേണ്ടിവരുമ്പോൾ ജയം കിട്ടുന്നതിനുമുള്ള പ്രാർത്ഥനകളാണ് വേദമന്ത്രങ്ങളിൽ സാധാരണ കാണുന്നത്.

''വേദോ ധർമ്മമൂലം'' ''വേദമാണ് ധർമ്മത്തിന്റെ അടി സ്ഥാനം'' എന്ന് അനേകം വർഷങ്ങൾക്ക മുൻപ് തന്നെ മഹർഷിമാർ ഘോഷിച്ചിരുന്നു. വേദങ്ങളിൽനിന്ന് ലഭ്യ മാകുന്ന ജ്ഞാനം നിത്യമാണ് വേദം ഒരു പ്രത്യേക സമുദാ യത്തിന് വേണ്ടിയുള്ളതല്ല അതു് മാനവരാശിയുടെ അഭ്യുദ യത്തിന് വേണ്ടിയുള്ളതാണ്.

വേദം കാണ്ഡദ്വയാത്മകമാണ് അതിൽ ആദ്യത്തെ കാണ്ഡത്തിൽ നിത്യ-നൈമിത്തിക-കാമ്യ-നിഷിദ്ധ രൂപ ങ്ങളായ നാലുവിധം കർമ്മങ്ങൾ പ്രതിപാദിയ്ക്കപ്പെടുന്നു. എല്ലാ ദിവസവും അനുഷ്ഠിയ്ക്കേണ്ടതു് നിത്യം. ഏതെങ്കിലും നിമിത്ത മുണ്ടായാൽ അതിന് പരിഹാരമായനുഷ്ഠിയ്ക്കേണ്ടതു് നൈമി- ത്തികം. ഏതെങ്കിലും അഭീഷ്ടം സാധിയ്ക്കുന്നതിന് വേണ്ടി അനുഷ്ഠിയ്ക്കേണ്ടതു് കാമ്യം. ചെയ്യാൻ പാടില്ല എന്ന് നിഷേ ധിയ്ക്കുന്നതു് നിഷിദ്ധം. ഉത്തരകാണ്ഡത്തിൽ മോക്ഷപ്രാപ്തി യ്ക്കുള്ള ഉപായം പ്രതിപാദിക്കുന്നു. ആരണ്യകങ്ങളും ഉപനി ഷത്തുകളും ഇതിൽ അന്തർഭവിക്കുന്നു.

''വിദവിചാരണേ'' ''വിദസത്തായാം'' ''വിദജ്ഞാനേ'' ''വിദ്‌ലൃലാഭേ'' എന്നീ ധാതുക്കളിൽനിന്ന് ''വേദ'' ശബ്ദം നിഷ്പന്നമാകും. വേദ്യതേഅനേന ഇതിവേദഃ അല്ലെങ്കിൽ

വേദയതീതി വേദഃ എന്നാണ് വേദശബ്ദത്തിന്റെ വ്യുത്പത്തി. ഇഷ്ടപ്രാപ്തിക്കും അനിഷ്ടപരിഹാരത്തിനുമുള്ള അലൌകികമായ മാർഗ്ഗം യാതൊന്നാണോ ഉപദേശിക്കുന്നതു് അതാണ് വേദം എന്നാണ് വേദശബ്ദത്തിനു് പണ്ഡിതന്മാരുടെ നിർവ്വചനം. (1)

ഋക്, യജുസ്സ്, സാമം, അഥർവ്വം എന്നു വേദം നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു. നിയതപദാക്ഷര നിബദ്ധമായ മന്ത്രം ഋക്. അനിയതപദാക്ഷരങ്ങളോടുകൂടിയമന്ത്രം യജുസ്സ് ഗാനാർഹങ്ങളായ ഋക്കുകൾ സാമം അഥർവ്വാ എന്ന മഹർഷിയാൽ ദർശിക്കപ്പെട്ട മന്ത്രങ്ങൾ ബാഹുല്യേനയുള്ളതു് അഥർവ്വവേദം. ചാതുർഹോത്രമാണ് ഈ വിഭാഗംകൊണ്ടുള്ള പ്രയോജനം(2) ഹൌത്രം, ആധ്വര്യവം, ഔദ്ഗാത്രം, ബ്രഹ്മത്വം എന്നിവയാണ് ചാതുർഹോത്രമെന്നു് പറയുന്നതു്. യാഗങ്ങളിൽ ഹോതാ, അധ്വർയ്യു, ഉദ്ഗാതാ, ബ്രഹ്മാ എന്നീ നാലുതരം ഋത്വിക്കുകളാണുള്ളതു്. ഋഗ്വേദം പഠിച്ചവരാണ് "ഹോതാ" എന്നു് പറയപ്പെടുന്നതു്. അവർ യാഗത്തിനുള്ള മന്ത്രങ്ങൾ ഉച്ചത്തിൽ ചൊല്ലുന്നു. യജുർവ്വേദം അഭ്യസിച്ചവരാണ് "അധ്വർയ്യു" എന്നറിയപ്പെടുന്നതു് അവരാണ്പ്രാധാന്യേന യാഗക്രിയ നിർവ്വഹിക്കുന്നതു്. സാമവേദം അഭ്യസിച്ചവർ ആണ് ഉദ്ഗാതാ എന്നറിയപ്പെടുന്നതു്. യാഗാവസരത്തിൽ സ്തുതിരൂപങ്ങളായ മന്ത്രങ്ങൾ ഗാനം ചെയ്യുന്നതു് അവരാണ്. യാഗം ശരിയായ വിധത്തിൽ നടക്കുന്നുണ്ടോ എന്നു് നിരീക്ഷിക്കുന്നതു് അഥർവ്വജ്ഞനായ "ബ്രഹ്മാ" എന്ന ഋത്വിക്കാണ്.

ഇതിൽ ഓരോ വേദത്തിനും പല ശാഖകൾ ഉണ്ടു് ഗുരുശിഷ്യപരമ്പരാ ക്രമേണ അല്പാല്പം വ്യത്യാസമുള്ളവ

---

(1) ഇഷ്ടപ്രാപ്ത്യനിഷ്ടപരിഹാരയോരലൌകികമുപായംയോ വേദയതി സ വേദഃ

(2) ആധ്വര്യവം യജുർഭിസ്തു ഋഗ്ഭിർവൈ ഹൌത്രമേവച. ഔദ്ഗാത്രം സാമഭിശ്ചക്രേ ബ്രഹ്മത്വം ചാപ്യഥർവ്വഭിഃ.

യാണു് ഈ ഭേദങ്ങൾ-ഋഗ്വേദത്തിനു് ഇരുപത്തിയൊന്നു് ശാഖകളും യജുർവേദത്തിനു് നൂററിയൊന്നു് ശാഖകളും സാമവേദത്തിനു് ആയിരം ശാഖകളും അഥർവ്വവേദത്തിനു് ഒൻപതു ശാഖകളും ഉള്ളതായി പതഞ്ജലി വിരചിതമായ മഹാഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നു.

യജുർവേദ സംഘം

യജുർവേദത്തിനു് ബോധായന-ആപസ്തംബ-മൈത്രായണി മുതലായ ബ്രഹ്മസമ്പ്രദായത്തിൽ അനുഷ്ഠിച്ചു വരുന്ന 86 ശാഖകളോടു കൂടിയതും കൃഷ്ണയജുർവേദം എന്നറിയപ്പെടുന്നതുമായ ഒരു സംഘം ഉണ്ടു്- കണ്വ-മാദ്ധ്യന്ദിന മുതലായ ആദിത്യ സമ്പ്രദായത്തിൽ അനുഷ്ഠിച്ചുവരുന്നതും 15 ശാഖകളോടുകൂടിയതുമായ ശുക്ലയജുർവേദം എന്നറിയപ്പെടുന്ന ഒരു സംഘം ഉണ്ടു്. ഈ രണ്ടു സംഘങ്ങൾക്കുംകൂടി സൂത്രഭേദം നിമിത്തം ആറു് സംഘം ഉണ്ടായി. സൂത്രമന്ത്ര പ്രകാശികയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ശുക്ലയജുർവേദത്തിനു് പതിനഞ്ചു ശാഖകൾ ഉണ്ടു്. കൃഷ്ണയജുർവേദത്തിനു് 86 ശാഖകൾ ഉണ്ടു് ഇപ്രകാരം യജുർവേദത്തിനു് നൂററിയൊന്നു് ശാഖകൾ. ഈ വേദത്തിനു് കാത്യായനൻ മുതലായ ആറുപേർ കല്പസൂത്രം എഴുതിയിട്ടുണ്ടു്. ശുക്ലയജുർവേദത്തിനു് കല്പസൂത്രം എഴുതിയതു് കാത്യായനൻ ആണു്. ബോധായനൻ, ആപസ്തംബൻ, ഭാരദ്വാജൻ, ഹിരണ്യകേശി, സത്യാഷാഢൻ എന്നീ അഞ്ചുപേരാണു് ''തൈത്തിരീയകം'' എന്നു് പ്രസിദ്ധമായ കൃഷ്ണയജുർവേദത്തിനു് കല്പസൂത്രം എഴുതിയിട്ടുള്ളതു്. കണ്വാദി പതിനഞ്ചു് ശാഖകളുടെ കല്പസൂത്രം എഴുതിയതു് കാത്യായനൻ ആണു്. ഔഖെയാദി ഇരുപത്തി ഒന്നു ശാഖകളുടെ കല്പസൂത്രം രചിച്ചതു് ആപസ്തംബൻ ആണു്. ചരകാദി പന്ത്രണ്ടു് ശാഖകളുടെ കല്പസൂത്രം രചിച്ചതു് ഭാരദ്വാ

ജനാണ്. മാനവാദി പതിനേഴശാഖകളുടെ കല്പസൂത്രം രചിച്ചത് ഹിരണ്യകേശിയാണ്. ഗർഗ്യാദി പതിനഞ്ചു ശാഖകളുടെ കല്പസൂത്രം രചിച്ചത് സത്യാഷാഢനാണ് ശാഖാഭേദം ഉണ്ടെങ്കിലും ഒരേ കല്പസൂത്രം സ്വീകരിച്ചിട്ടുള്ളവർക്ക് കർമ്മങ്ങളിൽ വ്യത്യാസമില്ല. (3)

മന്ത്രവും ബ്രാഹ്മണവും പ്രത്യേകമായി പ്രതിപാദിച്ചിരിക്കുന്ന ശാഖയ്ക്ക് "ശുക്ലയജുർവേദം" എന്നും മന്ത്രബ്രാഹ്മണ മിശ്രിതമായ ശാഖയ്ക്ക് "കൃഷ്ണയജുർവേദം" എന്നും വ്യവഹാരമുണ്ടായി. ശുക്ലകൃഷ്ണ ഭേദങ്ങൾ വ്യാസകൃതമായ വേദവിഭാഗാനന്തരം സംഭവിച്ചതാണ്. ഒന്നായിരുന്ന വേദസമൂഹത്തെ വേദവ്യാസൻ നാലായി ഭാഗിച്ചു. പൈലനെ ഋഗ്വേദവും വൈശമ്പായനനെ യജുർവേദവും ജൈമിനിയെ സാമവേദവും

---

(3) "ശുക്ലസ്യ യജുഷഃ പഞ്ചദശ ശാഖാശ്ചതാ സ്മൃതാഃ
കൃഷ്ണസ്യ യജുഷഃ ശാഖാഷഡ ശീതിരുദാഹൃതാഃ
ഏവമേകോത്തരശതം ശാഖാപ്രോക്താനി യാജുഷേ.
ഏതദ്വേദഷട് കൽപാശ്ച പ്രോക്താകാത്യായനാദിഭിഃ.
കാത്യായനഃ കല്പകർത്താ ശുക്ലേവാ ജസനേയകേ
ബോധായനാപസ്തംബൌച ഭാരദ്വാജസ്തഥൈവ ച.
തഥാഹിരണ്യ കേശീച സത്യാഷാഢസ്തു പഞ്ചമഃ.
പഞ്ചൈവ കല്പകർത്താരഃ കൃഷ്ണേസ്യ്യൈത്തിരീയകേ.
കണ്വാദി പഞ്ചദശസു കല്പഃ കാത്യായനഃ സ്മൃതഃ.
ഔഖേയാദ്യേക വിംശസ്വാപ സ്തംബ ഇതി സ്മൃതഃ.
ചരകാദിദ്വാ ദശാനാം ഭാരദ്വാജ ഇതി സ്മൃതഃ
മാനവാദ്യഷ്ടിദശസു സ്മൃതോ ഹൈരണ്യ കേശിനഃ.
ഗാർഗ്യാദി പഞ്ചദശസു സത്യാഷാഢ ഇതി സ്മൃതഃ.
ഏവം ഷട്കല്പ കർത്താര സ്തത്തദ് ശാഖാ കദംബകേ.
ശാഖാ ഭേദേ ƒപി കല്പൈക്യേ കർമ്മഭേദോ നവിദ്യതേ".

സുമന്തുവിനെ അഥർവ്വവേദവും പഠിപ്പിച്ചു (4) അവർ ശിഷ്യന്മാരേയും ശിഷ്യന്മാർ അവരുടെ ശിഷ്യന്മാരെയും പഠിപ്പിച്ചു് അനേകം ശാഖാഭേദങ്ങൾ ഉണ്ടായി. വേദവ്യാസനിൽനിന്നു് യജുർവേദം അദ്ധ്യയനം ചെയ്ത വൈശമ്പായനൻ ഇരുപത്തിയേഴ് ശാഖകൾ ഉണ്ടാക്കി ശിഷ്യന്മാർക്ക നൽകി എന്നു് വിഷ്ണുപുരാണം മൂന്നാം ഭാഗം അഞ്ചാമദ്ധ്യായത്തിൽ പ്രതിപാദിച്ചിരിയ്ക്കുന്നു- (5) സ്വരം-മന്ത്രങ്ങളുടെ ന്യൂനാധിക്യം-കല്പസൂത്രം-ബ്രാഹ്മണം മുതലായവയുടെ വൈലക്ഷണ്യമാണു് ശാഖാഭേദത്തിനുള്ള ഉപാധി

കൃഷ്ണയജുർവേദത്തിൽ മൈത്രായണീയ സംഹിത, കാഠക സംഹിത, തൈത്തിരീയ സംഹിത എന്നിവ ഇപ്പോൾ പ്രചാരത്തിലിരിയ്ക്കുന്നു. ദക്ഷിണ ഭാരതത്തിൽ പ്രചാരമുള്ള വേദശാഖ "തൈത്തിരീയ സംഹിത" ആണു്. തിത്തിരി എന്ന ആചാര്യനാൽ ഉപദേശിയ്ക്കപ്പെട്ട മന്ത്രസമൂഹം എന്നാണു് തൈത്തിരീയ സംഹിത എന്നതിൻെറ അർത്ഥം. ഇതിൽ ഏഴു കാണ്ഡങ്ങളും. എല്ലാ കാണ്ഡങ്ങളിലുമായി നാല്പത്തിനാലു് പ്രപാഠകങ്ങളും ഉണ്ടു്. ഓരോ പ്രപാഠകവും അനുവാകങ്ങളായി വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

മന്ത്രവും ബ്രാഹ്മണവും.

ഓരോ ക്രിയകൾ നടത്തുമ്പോൾ ചൊല്ലേണ്ട വേദഭാഗം മന്ത്രവും, മന്ത്രത്തിൻെറ വിനിയോഗ രീതിയും അതിൻെറ

---

(4) ബ്രഹ്മണാ ചോദിതോ വ്യാസോ വേദാൻ വ്യസ്തും
പ്രചക്രമേ.
അഥശിഷ്യാൻ സജഗ്രാഹ ചതുരോവേദ പാരഗാൻ.
ഋഗ്വേദ ശ്രാവകം പൈലം ജഗ്രാഹ സമഹാമുനിഃ.
വൈശമ്പായന നാമാനം യജുർവേദസ്യ ചാഗ്രഹിതു്.
ജൈമിനിം സാമവേദസ്യ തഥൈവാഥർവ്വ വേദവിതു്.
സുമന്തുസ്തസ്യ ശിഷ്യോഽഭൂതു് വേദ വ്യാസസ്യ ധീമതഃ

(5) യജുർവേദതരോഃ ശാഖാസപ്ത വിംശന്മഹാമുനിഃ. വൈശമ്പായന നാമാസൌ വ്യാസശിഷ്യശ്ചകാരവൈ. ശിഷ്യേഭ്യഃ പ്രദദൌ താശ്ചജഗൃഹുസ്തേപ്യനുക്രമാതു്.

ഫലവും പ്രതിപാദിക്കുന്ന ഭാഗം ബ്രാഹ്മണവും ആണ്. ''മന്ത്രബ്രാഹ്മണയോർവേദനാമധേയം'' എന്ന് കാരസ്കര സൂത്രത്തിലും ആപസ്തംബ ശ്രൌതസൂത്രത്തിലും സത്യാഷാഢ ശ്രൌതസൂത്രത്തിലും കാണുന്ന ബോധായന ഗൃഹ്യസൂത്രത്തിലും, കൌഷീതകി സൂത്രത്തിലും ഇപ്രകാരം തന്നെയാണ് പറഞ്ഞിരിക്കുന്നത്. ശബരസ്വാമി, ഭട്ടകുമാരിലൻ, മേധാതിഥി, മസ്കരി മുതലായ ആചാര്യന്മാരും മന്ത്രവും ബ്രാഹ്മണവും വേദമാണെന്ന് പറഞ്ഞിരിക്കുന്നു. കൃഷ്ണയജുർവേദം ഒഴികെയുള്ള വേദങ്ങളിൽ മന്ത്രവും ബ്രാഹ്മണവും പ്രത്യേകമായി കാണുന്നു. കൃഷ്ണയജുർവേദത്തിലാകട്ടെ അവ രണ്ടും സമ്മിശ്രമായിരിക്കുന്നു.

വേദഭാഷ്യം

വേദത്തിന്റെ അർത്ഥവും അതിലെ രഹസ്യങ്ങളും മനസ്സിലാക്കാൻ ബ്രാഹ്മണ ഗ്രന്ഥങ്ങളാണ് നമ്മെ സഹായിക്കുന്നത്. നിരുക്തവും വ്യാകരണവും വേദാർത്ഥം മനസ്സിലാക്കാൻ സഹായിക്കുന്നുണ്ട്. ബ്രാഹ്മണ ഗ്രന്ഥങ്ങളെ ആധാരമാക്കിയാണ് നിരുക്തങ്ങൾ നിർമ്മിക്കപ്പെട്ടത്. കല്പസൂത്രങ്ങളിലാണ് വേദമന്ത്രങ്ങളുടെ വിനിയോഗം വ്യക്തമായി വർണ്ണിച്ചിരിക്കുന്നത്. ഇവയെല്ലാം പ്രമാണമാക്കിയാണ്, തൈത്തിരീയസംഹിതയ്ക്ക് ''വേദാർത്ഥ പ്രകാശിക'' എന്ന വ്യാഖ്യാനം സായണാചാര്യർ എഴുതിയത് എന്ന് അദ്ദേഹം ഗ്രന്ഥാരംഭത്തിൽ പറഞ്ഞിട്ടുണ്ട്. (6) തൈത്തിരീയ സംഹിതക്ക് ഭട്ടഭാസ്കരൻ എഴുതിയ ''ജ്ഞാനയജ്ഞം'' എന്നൊരു വ്യാഖ്യാനം കൂടിയുണ്ട്. എന്നാൽ അത് പൂർണ്ണമായി ലഭ്യമല്ല ലഭ്യമായ ഭാഗം നോക്കുമ്പോൾ ആശയത്തിൽ സായണഭാഷ്യവുമായി പറയത്തക്ക വ്യത്യാസമൊന്നുമില്ല. സായണാചാര്യർ കല്പസൂത്രങ്ങളും മീമാംസാ ശാസ്ത്രവും പൂർണമായി ഉദ്ധരിക്കുന്ന സ്ഥലങ്ങളിൽ ഭട്ടഭാസ്ക്കരൻ അതിന്റെ സാരം മാത്രം പ്രതിപാദിക്കുന്നു

---

(6) ബ്രാഹ്മണം കല്പസൂത്രേദ്വേ മീമാംസാം വ്യാകൃതിം തഥാ. ഉദാഹൃത്യാഥ തൈ: സർവ്വൈർമന്ത്രാർഥ: സ്പഷ്ടമീർയതെ.

പ്രകൃത വ്യാഖ്യാനം.

ഈ മലയാള വ്യാഖ്യാനം സായണ ഭാഷ്യത്തെ ആധാരമാക്കി രചിച്ചിട്ടുള്ളതാണ്. ഈ ഗ്രന്ഥത്തിൽ ഓരോ അനുവാകവും ഉദ്ധരിച്ച് അവയുടെ പദപാഠം (പദച്ഛേദം) ചേർത്തിരിക്കുന്നു അതു കഴിഞ്ഞു് സംഹിതാഭാഗം ഓരോ മന്ത്രമായി വിഭജിച്ച് അവ ഏതേതവസരത്തിലാണ് ചൊല്ലേണ്ടതു് എന്നും അന്വയപ്രകാരം ഓരോ പദത്തിന്റെയും അർത്ഥവും ചേർത്തിട്ടുണ്ട്. പല സ്ഥലത്തും മന്ത്രത്തിന്റെ സന്ദർഭം അനുസരിച്ചു ചില പദങ്ങൾ അദ്ധ്യാഹരിച്ചാണ് അർത്ഥം എഴുതിയിട്ടുള്ളതു്. അതു് സായണഭാഷ്യത്തെ ആശ്രയിച്ചുമാണ്. മന്ത്രങ്ങൾക്കു് പ്രകരണം ആശ്രയിച്ച് വേണം അർത്ഥം പറയേണ്ടതു്. എന്നാണ് നിരുക്തകാരനായ യാസ്കൻ പറയുന്നതു്. (7) തൈത്തിരീയസംഹിതയിലെ ആദ്യത്തെ രണ്ടു് പ്രപാഠകങ്ങളുടെ വ്യാഖ്യാനമാണ് ഈ പുസ്തകത്തിൽ ഉള്ളതു് സഹൃദയന്മാരായ പണ്ഡിതന്മാരിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ആദരിച്ച് അടുത്ത ഭാഗങ്ങൾ പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ പുസ്തകം കഴിഞ്ഞവർഷം പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിച്ചു എങ്കിലും ഇപ്പോൾ മാത്രമാണ് പ്രസിദ്ധപ്പെടുത്താൻ സാധിച്ചതു്. എന്റെ മലയാളവ്യാഖ്യാനത്തിൽ ഏതാനും ഭാഗം കാരുണ്യത്തോടുകൂടി വായിച്ചുകേൾക്കുകയും അതിനു് ഒരു ''ശ്രീമുഖം'' തന്നു് എന്നെ അനുഗ്രഹിക്കുകയും ചെയ്ത ജഗത്ഗുരു ശൃംഗേരി ശ്രീ ശങ്കരാചാര്യസ്വാമി അവർകളുടെ തൃപ്പാദങ്ങളിൽ എന്റെ അഭിവാദനങ്ങൾ അർപ്പിച്ചുകൊള്ളുന്നു. ഈ വ്യാഖ്യാനം രചിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വേണ്ട പ്രചോദനം നൽകിയ ഡാക്ടർ പി. കെ. നാരായണപിള്ള (ഡീൻ ആഫ് ദി ഫാക്കൽട്ടീസ് ആഫ് ഓറിയൻറൽ സ്റ്റഡീസ് കേരളസർവ്വകലാശാല) അവർകളോടും, ശ്രീ. ശൂരനാട്ടു് പി. എൻ കുഞ്ഞൻപിള്ള, എം. ഏ. അവർകളോടും എനിക്കുള്ള കൃതജ്ഞത രേഖപ്പെട

---

(7) നതുപൃഥക്ത്വയാ മന്ത്രാ നിഗദിതവ്യാഃ |
പ്രകരണശഏവവക്തവ്യാഃ ।

ത്തുന്നു. ഈ ഗ്രന്ഥത്തിന് ആമുഖം എഴുതിത്തരികയും വ്യാഖ്യാനത്തിന്റെ മാതൃക പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത കേരളസർവ്വകലാശാലാ സംസ്കൃതവിഭാഗം പ്രൊഫസർ ശ്രീ. എസ്. വെങ്കിടസുബ്രഹ്മണ്യയ്യർ, എം. എ പി. എച്ച്. ഡി. അവർകളോട് എനിയ്ക്കുള്ള അഗാധമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. വ്യാഖ്യാനം എഴുതാൻ തുടങ്ങിയതുമുതൽ പ്രസിദ്ധീകരണംവരെയുള്ള എല്ലാ ഘട്ടങ്ങളിലും വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച കേരളയൂണിവേഴ്സിററി മാൻസ്ക്രിപ്ററ് ലൈബ്രററി സംസ്കൃതവിഭാഗത്തിൽ സീനിയർ റീസർച്ച് ആഫീസർ ശ്രീ. എ. രാമചന്ദ്രശാസ്ത്രികൾ അവർകളോട് എനിയ്ക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു. (!) ഈ വ്യാഖ്യാനം വായിച്ചുനോക്കി വിലയേറിയ അഭിപ്രായം എഴുതിത്തന്നതിന്, വേദങ്ങളിലും വേദാംഗങ്ങളിലും അഗാധപാണ്ഡിത്യമുള്ള ബ്രഹ്മശ്രീ എസ്. സുബ്രഹ്മണ്യഘനപാഠികൾ (രണ്ടാം പുത്തൻതെരുവ്, തിരുവനന്തപുരം) അവർകളോട് എനിയ്ക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. പ്രൂഫ് പരിശോധിക്കുന്നതിലും ശുദ്ധിപത്രം തയാറാക്കുന്നതിലും എന്നെ സഹായിച്ച യജുർവ്വേദനിഷ്ണാതനായ എസ്. സുബ്രഹ്മണ്യഘനപാഠികളോടും (മൂന്നാം പുത്തൻതെരുവ്) കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ പുസ്തകം ഭംഗിയായി അച്ചടിച്ചുതന്ന ജയാ പ്രിൻേറഴ്സ് (ചാല, തിരുവനന്തപുരം) ഉടമസ്ഥനോടും എനിയ്ക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചു കൊള്ളുന്നു. ഈ സംഹിതയുടെ മററു ഭാഗങ്ങളുടെ വ്യാഖ്യാനവും അചിരേണ പ്രകാശിപ്പിക്കാൻ സർവ്വശക്തനായ ഈശ്വരൻ അനുഗ്രഹിയ്ക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ വ്യാഖ്യാനം സഹൃദയസമക്ഷം അവതരിപ്പിക്കുന്നു.

തിരുവനന്തപുരം,

20-5-1975.

കെ. ഭഗവതീശ്വരശർമ്മ.

(2) ഈ വ്യാഖ്യാനഗ്രന്ഥം അഖിലകേരള ബ്രാഹ്മണമഹാജനസഭയുടെ ആഭിമുഖ്യത്തിൽ ഒരു വലിയ സദസ്സിൽ വെച്ച് പ്രകാശനം ചെയ്യാൻ സാധിച്ചതിൽ എനിക്കു് അതീവ ചാരിതാർത്ഥ്യം ഉണ്ടു്. ഗ്രന്ഥപ്രകാശനത്തിന്നു് എനിക്കു് വേണ്ട സഹായം നൽകിയ അഖിലകേരള ബ്രാഹ്മണമഹാജനസഭയോടും അതിന്റെ ഭാരവാഹികളോടും എനിക്കുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

N. B. (1) ഓരോ അനുവാകത്തിലും ആദ്യം സംഹിതാഭാഗം കഴിഞ്ഞു് ബ്രാക്കറ്റിലുള്ള സംഖ്യ ആ അനുവാകത്തിലെ പദങ്ങളുടെ സംഖ്യയാണു്.

(2) പേജിന്റെ മുകളിലുള്ള സംഖ്യകൾ യഥാക്രമം കാണ്ഡം. പ്രപാഠകം അനുവാകം എന്നിവയുടെ സംഖ്യ സൂചിപ്പിക്കുന്നു.

(3 ഒടുവിൽ ചേർത്തിട്ടുള്ള ശുദ്ധിപത്രം നോക്കി തെറ്റുകൾ തിരുത്തിവായിക്കണമെന്നപേക്ഷിക്കുന്നു.

വിഷയാനുക്രമണിക

പ്രഥമകാണ്ഡേ പ്രഥമപ്രപാഠകഃ.

അനുവാകം—		പേജ്
1.	വത്സാപാകരണം	1
2.	ബർഹിരാഹരണം	3
3.	രാത്രിദോഹഃ	8
4.	വ്രീഹിനിർവ്വാപഃ	11
5.	വ്രീഹ്യവഘാതഃ	16
6.	വ്രീഹിപേഷണം	22
7.	കപാലോപധാനം	25
8.	പുരോഡാശ ശ്രപണം	29
9.	വേദികരണം	33
10.	ഹവിർഗ്രഹണം	39
11.	വേദ്യാം ഹവിരാസാദനം	46
12	ആഘാരഃ	51
13.	സ്രുഗ്വ്യൂഹനാദി	55
14.	കാമ്യേഷ്ടികളുടെ യാജ്യാ പുരോ f നുവാക്യകൾ	62

ദ്വിതീയ പ്രപാഠകം 72—148

അനുവാകം—		
1.	യജമാനന്റെ സ്നാനാദി	72
2	യജമാനന്റെ ദീക്ഷ	77
3.	ദേവയജന സ്വീകാരം	84
4.	സോമക്രയണിയെ കൊണ്ടുപോകുന്നത്	91
5.	സോമക്രയണിയുടെ പദപാംസു എടുക്കുന്നത്	96
6.	സോമലത അളക്കുന്നത്	99

അനുവാകം-		പേജ്
7.	സോമലത വിലയ്ക്കു വാങ്ങുന്നതു്	102
8.	സോമലത ശകടത്തിൽ കൊണ്ടുവെയ്ക്കുന്നതു്	106
9.	സോമലത പ്രാചീന വംശത്തിലേയ്ക്കു്	110
10.	ആതിഥ്യേഷ്ടി	113
11.	ഉപസത്തുകം	119
12.	ഉത്തരവേദിനിർമ്മാണം	122
13.	ഹവിർധാന മണ്ഡപനിർമ്മാണം	129
14.	സാമിധേനീമന്ത്രം	136

ശുദ്ധിപത്രം.

ഹരിഃ ഓം

തൈത്തരീയ സംഹിതായാം പ്രഥമ കാണ്ഡേ പ്രഥമ പ്രപാഠകേ പ്രഥമോ ƒ നുവാകഃ

ഇഷേ ത്വോർജേ ത്വാ വായ വഃ സ്ഥോപായവഃ സ്ഥ ദേവോ വഃ സവിതാ പ്രാർപയതു ശ്രേഷ്ഠതമായ കർമണ ആ പ്യായധ്വമഘ്നിയാ ദേവഭാഗമൂർജസ്വതീഃ പയസ്വതീഃ പ്രജാവതീരനമീവാ അയക്ഷ്മാ മാ വസ്തേന ഈശത മാƒ ഘശംസോ രുദ്രസ്യ ഹേതിഃ പരിവോ വൃണക്തു ധ്രുവം അസ്മിൻ ഗോപതൗ സ്യാത ബഹ്വീർ യജമാനസ്യ പശൂൻ പാഹി. (43)

ഇഷേ ത്വാ ഊർജേ ത്വാ വായവഃ സ്ഥ ഉപായവഃ സ്ഥ ദേവഃ വഃ സവിതാ പ്ര അർപയതു ശ്രേഷ്ഠതമായ കർമണേ ആപ്യായധ്വം അഘ്നിയാഃ ദേവഭാഗം ഊർജസ്വതീഃ പയസ്വതീഃ പ്രജാവതീഃ അനമീവാഃ അയക്ഷ്മാഃ മാ വഃ സ്തേനഃ ഈശത മാ അഘശംസഃ രുദ്രസ്യ ഹേതിഃ പരി വഃ വൃണക്തു. ധ്രുവാഃ അസ്മിൻ ഗോപതൗ സ്യാത ബഹ്വീഃ യജമാനസ്യ പശൂൻ പാഹി.

1. ഇഷേ ത്വോർജേ ത്വാ

ദർശപൂർണമാസ യാഗത്തിനു് പശുക്കളെമേയ്ക്കാൻ കൊണ്ടു പോകുന്നതിനു് വടിയായി ഉപയോഗിയ്ക്കാൻ പലാശ വൃക്ഷ ത്തിൻെറ ഒരു കൊമ്പു് മുറിച്ചെടുക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഇഷേ = അന്നത്തിനു് വേണ്ടി, ത്വാ = നിന്നെ (മുറിച്ചെ ടുക്കുന്നു.) ഊർജേ = ബലത്തിനു് വേണ്ടി, ത്വാ = നിന്നെ (മുറിച്ചെടുക്കുന്നു.)

2. വായവസ്ഥോപായവഃസ്ഥ

പശുക്കളെ അഭിസംബോധന ചെയ്തുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

അഘ്ന്യയോ പശുക്കളേ, യൂയം വായവഃസ്ഥ = നിങ്ങൾ ഗമിയ്ക്കുന്നവരാണ്. ഉപായവഃസ്ഥ = നിങ്ങൾ മടങ്ങി വരുന്നവരാണ്. (നിങ്ങൾ പോയിട്ട് മടങ്ങിവരിക)

3. ദേവോ വഃ സവിതാ പ്രാർപയതു ശ്രേഷ്ഠതമായ
കർമണ ആപ്യായധ്വമഘ്ന്യാ ദേവഭാഗം—
ഊർജസ്വതീഃ പയസ്വതീഃ പ്രജാവതീരനമീവാഃ
അയക്ഷ്മാ മാവ സ്തേന ഈശത മാഘശംസോ
രുദ്രസ്യ ഹേതിഃ പരിവോ വൃണക്തു.

പശുക്കളെ അഴിച്ചുവിടുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇത്—

സവിതാ ദേവഃ = സർവ്വപ്രേരകനായ ദേവൻ, വഃ = നിങ്ങളെ. ശ്രേഷ്ഠതമായ കർമണേ = അത്യധികം വിശിഷ്ടമായ കർമ്മത്തിനു വേണ്ടി (യാഗത്തിനു വേണ്ടി) പ്രാർപയതു = പ്രസ്ഥാനം ചെയ്യിക്കട്ടെ. ഹേ അഘ്ന്യാഃ = അഘ്ന്യയോ പശുക്കളേ! യൂയം = നിങ്ങൾ ദേവഭാഗം ആപ്യായധ്വം = ദേവേന്ദ്രനു തൃപ്തിവരത്തക്ക വിധത്തിൽ ഭക്ഷണം നൽകിയാലും.

ഊർജസ്വതീഃ = ബലത്തോടു കൂടിയവയും, പയസ്വതീഃ = ധാരാളം പാലുള്ളവയും, പ്രജാവതീഃ = ധാരാളം സന്താനങ്ങളോടുകൂടിയവയും, അനമീവാഃ = ഉദരരോഗം ഇല്ലാത്തവയും ആയ, വഃ = നിങ്ങളെ സ്തേനഃ = കള്ളൻ, മാ ഈശത = സ്വാധീനമാക്കരുതു്. അഘശംസഃ = നിങ്ങളെ പീഡിപ്പിയ്ക്കാൻ ആഗ്രഹിയ്ക്കുന്നവനും, വഃ മാ ഈശത = നിങ്ങളെ പീഡിപ്പിയ്ക്കരുതു്. രുദ്രസ്യ ഹേതിഃ = രുദ്രൻ എന്ന ദേവന്റെ ആയുധവും, വഃ പരിവൃണക്തു = നിങ്ങളെ രക്ഷിക്കട്ടെ.

[''യജ്ഞോ ഹി ശ്രേഷ്ഠതമം കർമ'' എന്നു് തൈത്തരിയ ബ്രാഹ്മണത്തിൽ പറഞ്ഞിരിയ്ക്കുന്നു. പശുക്കൾ നല്ല പോലെ ഭക്ഷണം കഴിച്ചാൽ ധാരാളം പാൽ കിട്ടുകയും അതിൽ നിന്നു് ഇന്ദ്രന്റേയും ദേവന്മാരുടേയും പ്രീതിയ്ക്കു വേണ്ടിയുള്ള യാഗത്തിനു് ധാരാളം നെയ്യും കിട്ടുമെന്നുള്ളതു കൊണ്ടു് ''ആപ്യായധ്വം'' എന്നു പറഞ്ഞിരിയ്ക്കുന്നു. അഘ്ന്യാഃ എന്ന പദം ''ഹന'' ധാതുവിൽ നിന്നു് ഉണ്ടായതാണു്.

അവധ്യർ എന്നത്ഥം. പശുക്കളെ കൊല്ലാൻ പാടില്ല എന്നുള്ളതു കൊണ്ടും ''അഘ്നിയാഃ'' എന്നു് പശുക്കളെ സംബോധന ചെയ്യുന്നു. കോപശീലമുള്ള ഒരു ദേവനായിട്ടാണു് രുദ്രനെ വർണ്ണിച്ചിരിയ്ക്കുന്നതു്. രുദ്രനു് യജമാനനോടു കോപത്തിനു് എന്തെങ്കിലും കാരണമുണ്ടായാൽ അതു് പശുക്കളുടെ നാശത്തിനു കാരണമായേക്കാം. അപ്രകാരമുള്ള ദോഷം ഉണ്ടാകരുതെന്നു പ്രാത്ഥിയ്ക്കുന്നു.]

4. ധ്രുവാ അസ്മിൻ ഗോപതൗ സ്യാത ബഹ്വീഃ.

പുരോഹിതൻ പശുക്കളെ സംബോധന ചെയ്തു കൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

അസ്മിൻ ഗോപതൗ = ഈ യജമാനനിൽ, ധ്രുവാഃ സ്യാത = സ്ഥിരമായിരിയ്ക്കുക. ബഹ്വീഃ സ്യാത = സന്താനസമൃദ്ധി കൊണ്ടു് വർദ്ധിയ്ക്കുക.

5. യജമാനസ്യ പശൂൻ പാഹി.

പലാശ ശാഖയെ അഭിസംബോധന ചെയ്തു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

യജമാനസ്യ = യജമാനൻെറ, പശൂൻ = പശുക്കളെ, പാഹി = രക്ഷിച്ചാലും.

ഇതി പ്രഥമോഽനുവാകഃ

അഥ ദ്വിതീയോഽനുവാകഃ

യജ്ഞസ്യ ഘോഷദസി പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയഃ പ്രേയ മഗാദ്ധിഷണാ ബർഹിരച്ഛ മനുനാകൃതാ സ്വധയാ വിതഷ്ടാ ത ആവഹന്തി കവയഃ പുരസ്താദ്ദേവേഭ്യോ ജുഷ്ടമിഹ ബർഹിരാസദെ ദേവാനാം പരിഷൂതമസി വർഷവൃദ്ധമസി ദേവ ബർഹിർമാ ത്വാഽന്വങ്മാ തിര്യക് പർവ തേ രാദ്ധ്യാസമാച്ഛേത്താതേ മാരിഷം ദേവ ബർഹിഃ ശതവൽശം വിരോഹ സഹസ്രവൽശാഃ (1) വിവയം രുഹേമ പൃഥിവ്യാഃ സംപൃചഃ പാഹി സുസംഭൃതാ ത്വാ സംഭരാമ്യദിത്യൈ രാസ്നാസീന്ദ്രാണ്യൈ സംനഹനം പൂഷാ തേ ഗ്രന്ഥിം ഗ്രഥ്നാതു സതേ മാസ്ഥാദിന്ദ്രസ്യ ത്വാ ബാഹുഭ്യാമുദ്യച്ഛേ ബൃഹസ്പതേർമൂർദ്ധ്നാ ഹരാമ്യുർവന്തരിക്ഷ മന്വിഹി ദേവം ഗമമസി (೪೪)

യജ്ഞസ്യ ഘോഷദ് അസി പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയഃ പ്ര ഇയം അഗാത് ധിഷണാ ബർഹിഃ അച്ഛ മനുനാ കൃതാ സ്വധയാ വിതഷ്ടാ തേ ആ വഹന്തി കവയഃ പുരസ്താത്. ദേവേഭ്യഃ ജുഷ്ടം ഇഹ ബർഹിഃ ആസദേ ദേവാനാം പരിഷ്ടുതം അസി വർഷവൃദ്ധം അസി. ദേവബർഹിഃ മാ ത്വാ അന്വക് മാ തിര്യക് പർവ് തേ രാദ്ധ്യാസം ആച്ഛേത്താ തേ മാരിഷം. ദേവ ബർഹിഃ ശതവൽശം വി രോഹ സഹസ്രവൽശാഃ വി വയം രുഹേമ പൃഥിവ്യാഃ സംപൃചഃ പാഹി സുസംഭൃതാ ത്വാ സംഭരാമി അദിത്യൈ രാസ്നാ അസി ഇന്ദ്രാണ്യൈ സംനഹനം പൂഷാ തേ ഗ്രന്ഥിം ഗ്രഥ്നാതു. സഃ തേ മാ ആ സ്ഥാത് ഇന്ദ്രസ്യ ത്വാ ബാഹുഭ്യാം ഉദ് യച്ഛേ ബൃഹസ്പതേഃ മൂർധ്നാ ഹരാമി. ഉരു അന്തരീക്ഷം അനു ഇഹി ദേവംഗമം അസി

1. യജ്ഞസ്യ ഘോഷദസി പ്രത്യുഷ്ടം രക്ഷഃ
പ്രത്യുഷ്ടാഃ അരാതയഃ.

അശ്വ പർശുവിനെ (കുതിരയുടെ എല്ല്) അഭിസംബോധന ചെയ്തു ചൊല്ലുന്ന മന്ത്രമാണിതു്. യാഗത്തിനാവശ്യമുള്ള ദർഭ മുറിച്ചെടുക്കാനുള്ള ഉപകരണമാണു് അശ്വപർശു

ഹേ അശ്വപർശോ ത്വം = നീ യജ്ഞസ്യ ഘോഷദ് അസി = യാഗത്തിനു് വേണ്ടിയുള്ള ഒരു ദ്രവ്യം ആകുന്നു. രക്ഷഃ പ്രത്യുഷ്ടം അസ്തു = രക്ഷസ്സ് ദഹിച്ചുപോകട്ടെ. അരാതയഃ പ്രത്യുഷ്ടാഃ സന്തു = ശത്രുക്കൾ ദഹിച്ചു പോകട്ടെ.

2. പ്രേയ മഗാദ്ധിഷണാ ബർഹിരച്ഛ മനുനാ
കൃതാ സ്വധയാവിതഷ്ടാ ത ആ വഹന്തി
കവയഃ പുരസ്താത്

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് ആഹവനീയ സ്ഥലത്തേയ്ക്കു് പോകുന്നു.

ധിഷണാ = ജ്ഞാനവതിയും മനുനാകൃതാ = പ്രജാപതിയാൽ സൃഷ്ടിയ്ക്കപ്പെട്ടവളും സ്വധയാ = ഭക്ഷണം കൊണ്ടു് വിതഷ്ടാ = അതിനിശിതയും ആയ ഇയം = ഇവരം (ഈ അശ്വ പർശു) ബർഹിഃ അച്ഛ = ദർഭയുടെ സമീപം പ്രാപിയ്ക്കുന്നതിനു് പ്ര അഗാത് = കിഴക്കു ദിക്കിലേയ്ക്കു് പോകുന്നു. തേ കവയഃ = യജ്ഞ കർമം അറിയാവുന്ന ബുദ്ധിമാന്മാർ ദേവേഭ്യഃ ജുഷ്ടം = ദേവന്മാക്കു പ്രിയപ്പെട്ട ബർഹിഃ = ദർഭ പുരസ്താത് ആവഹന്തി = കിഴക്കു ദിക്കിൽനിന്നു് കൊണ്ടുവരുന്നു.

3. ഇഹ ബർഹിരാസദേ

ഹോമവേദിയെ നോക്കിക്കൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഇഹ = ഇവിടെ (ഈ വേദിയിൽ) ബർഹിഃ
ആസദെ = ഞാൻ ദർഭ വിരിയ്ക്കുന്നു

4. ദേവാനാം പരിഷൂതമസി വർഷവൃദ്ധമസി

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് ദർഭ എടുക്കുന്നു

അല്ലയോ ദർഭേ നീ ദേവാനാം = ദേവന്മാക്കു വേണ്ടി പരിഷൂതം അസി = പരിഗ്രഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു. വർഷവൃദ്ധം അസി = നീ ഒരു വർഷം കൊണ്ടു് അഭിവൃദ്ധി പ്രാപിയ്ക്കുന്നതാകുന്നു. (ദർഭ മുറിച്ചെടുത്താലും അതു് ഒരു വർഷം കൊണ്ടു് സമൃദ്ധിയായി വളരും)

5. ദേവ ബർഹിർമാത്വാനന്വക് മാതിർയക്

ദർഭപ്പുല്ലിനെ സംബോധന ചെയ്തു ചൊല്ലുന്നതാണു് ഈ മന്ത്രം

ദേവ ബർഹിഃ ത്വാ = ദേവന്മാക്കു തല്പഭൂതമായ നിന്നെ അന്വക് = പ്രരോഹ സ്ഥാനത്തിനു് താഴെവെച്ച് മാ അച്ഛിദം = മുറിച്ചില്ല. തിർയക്കു് മാ അച്ഛിദം = നെടുകയും മുറിച്ചില്ല. (ദർഭപ്പുല്ലു് പ്രരോഹസ്ഥാനത്തിനു്

മുകളിൽവെച്ച് മാത്രമെ മുറിയ്ക്കാവൂ. അതു നെടുകെ കീറുകയും അരുത്)

6. പർവതേ രാദ്ധ്യാസ മാഛേരത്താതേ മാരിഷം

ഇതും ദർഭപ്പുല്ലിനെ സംബോധന ചെയ്തു ചൊല്ലാനുള്ളതാണ്.

തേ പവ് = നിൻെറ പ്രരോഹ സ്ഥാനം രാദ്ധ്യാസം = നശിയ്ക്കാതെ സുരക്ഷിച്ചിരിയ്ക്കുന്നു. തേ ആച്ഛേത്താ = നിന്നെ മുറിച്ചെടുത്ത എനിയ്ക്കു് മാരിഷം = നാശം ഉണ്ടാവുകയില്ല.

7. ദേവബർഹിഃ ശതവൽശം വിരോഹ സഹസ്രവൽശാഃ വിവയം രുഹേമ

ദർഭ മുറിച്ചെടുത്തതിനുശേഷം ചൊല്ലുന്ന മന്ത്രമാണ് ഇതും.

ഹേ ദേവ ബർഹിഃ = ദേവന്മാർക്ക തല്പ ഭൂതമായ അല്ലയോ ദർഭപ്പുല്ലേ! നീ ശതവൽശം വിരോഹ = നൂറിരട്ടിയായി മുളച്ചു വളരുക. വയം = ഞങ്ങളും സഹസ്രവൽശാഃ = പുത്രപൌത്രാദ്യനേക സന്താനങ്ങളോടുകൂടി വിരുഹേമ = സ്ഥിരമായി ഉറച്ചിരിയ്ക്കട്ടെ.

8. പൃഥിവ്യാഃ സംപൃചഃ പാഹി സുസംഭൃതാ ത്വാ സംഭരാമി

ഈ മന്ത്രം ചൊല്ലി ഏതെങ്കിലും പദാർത്ഥത്തിൻെറ പുറത്തു് മുറിച്ചെടുത്ത ദർഭപ്പുല്ലു് വെയ്ക്കുന്നു.

പൃഥിവ്യാഃ സംപൃചഃ = പൃഥിവീ സംസർഗ്ഗത്തിൽനിന്നു് പാഹി = രക്ഷിച്ചാലും. സുസംഭൃതാ = നല്ലപോലെ നിർമ്മിതമായ കയറുകൊണ്ടു് ത്വാ സംഭരാമി = നിന്നെ (ദർഭയുടെ സമൂഹത്തെ) കെട്ടുന്നു.

9. അദിത്യൈരാസ്നാസീ ന്ദ്രാണ്യൈ സംനഹനം പൂഷാതേ ഗ്രന്ഥിം ഗ്രഥ്നാതു

ഈ മന്ത്രം ചൊല്ലി ഒരു കയറ് ഇട്ടു് മുറിച്ചെടുത്ത ദർഭപ്പുല്ലെല്ലാം കെട്ടിയ്ക്കൊണ്ടു് പോകത്തക്കവിധം ആ കയറിൽ വെയ്ക്കുന്നു.

ത്വം = നീ (ദർഭപ്പുല്ലു് കെട്ടുന്നതിനുള്ള കയറ്)

അദിത്യൈ = അഖണ്ഡനീയയായ ഭൂമിയുടെ രാസ്നാ അസി = ചരട് ആകുന്നു. ഇന്ദ്രാണ്യൈ = ഇന്ദ്രാണിയുടെ സംനഹനം അസി = സംനഹനം ആകുന്നു (സംനഹനം = രണ്ടററവും കൂട്ടിച്ചേർത്ത് കെട്ടുന്നത്)

ഇന്ദ്രാണി പൂർവ്വജന്മത്തിൽ ദർഭ കൊണ്ടുണ്ടാക്കിയ കയറായിരുന്നു എന്നും ആ സുകൃതം കൊണ്ടാണ് ദേവേന്ദ്രൻെറ ഭാര്യാ പദത്തിൽ എത്തിച്ചേർന്നു എന്നും ഐതിഹ്യം.)

പൂഷാ = ആദിത്യൻ തേഗ്രന്ഥിം = നിൻെറ കെട്ട് ഗ്രഥ്നാതു = മുറുകിക്കെട്ടട്ടെ

10. സതേമാസ്ഥാദിന്ദ്രസ്യത്വാ ബാഹുഭ്യാമുദ്യച്ഛേ ബൃഹസ്പതേർ മൂർധ്നാ ഹരാമി

ഈ മന്ത്രം ചൊല്ലി മുറിച്ചെടുത്ത ദർഭ കെട്ടി തലയിൽ എടുത്തു കൊണ്ടു പോകുന്നു

തേ സഃ ഗ്രന്ഥിഃ = നിൻെറ ആ രജ്ജുഗ്രന്ഥി മാ സ്ഥാത് = ശിഥിലമായിപ്പോകരുത് ഇന്ദ്രസ്യ ബാഹുഭ്യാം = ഇന്ദ്രൻെറ കൈകരം കൊണ്ട് ഉദ്യച്ഛേ = മേൽപോട്ട് കൊണ്ടുപോകുന്നു. ബൃഹസ്പതേഃ മൂർധ്നാ = ബൃസ്പതിയുടെ ശിരസ്സ് കൊണ്ട് ഹരാമി = പാപം ഇല്ലാതെയാക്കുന്നു.

11. ഉർവ്വന്തരിക്ഷമന്വിഹി ദേവം ഗമമസി

ഈ മന്ത്രം ചൊല്ലി ദർഭ നിശ്ചിത സ്ഥലത്ത് കൊണ്ടു വെയ്ക്കുന്നു.

ത്വം = നീ ഉരു = വിസ്തീർണ്ണമായ അന്തരീക്ഷം അന്വിഹി = അന്തരീക്ഷത്തിലേക്കു പോയാലും ദേവം ഗമം = അസി = നീ ദേവലോകത്തിലേക്ക് പോകാൻ അർഹതയുള്ളതായിത്തീരുന്നു.

ഇതി ദ്വിതീയോഽനുവാകഃ

അഥതൃതീയോ fനുവാകഃ

ശുന്ധധ്വം ദൈവ്യായ കർമണെ ദേവയജ്യായൈ മാതരി-
ശ്വനോഘർമോ fസി ദ്യൌരസി പൃഥിവ്യസി വിശ്വധായാ
അസി പരമേണധാമ്നാ ദൃംഹസ്വ മാ ഹ്വാർവ സൂനാം പവിത്ര
മസി ശതധാരം വസൂനാം പവിത്രമസി സഹസ്രധാരം
ഹുതസ്തോകോ ഹുതോ ദ്രപ്സോ fഗ്നയേ ബൃഹതേ നാകായ
സ്വാഹാ ദ്യാവാപൃഥിവീഭ്യാം സാ വിശ്വായുഃ സാ വിശ്വ
വ്യചാഃ സാവിശ്വകർമാ സംപൃച്യ ധ്വമൃതാവരിരൂർമിണീ-
മധുമത്തമാ മന്ദ്രാധനസ്യ സാതയെ സോമേന (1) ത്വാതന-
ച്മീന്ദ്രായ ദധി വിഷ്ണോ ഹവ്യം രക്ഷസ്വ. (58)

ശുന്ധധ്വം ദൈവ്യായ കർമണെ ദേവയജ്യായൈ
മാതരിശ്വനഃ ഘർമഃ അസി ദ്യൌഃ അസി
പൃഥിവീ അസി വിശ്വധായാ അസി പരമേണ
ധാമ്നാ ദൃംഹസ്വ മാ ഹ്വാഃ വസൂനാം പവിത്രം
അസി ശതധാരം വസൂനാം പവിത്രം അസി
സഹസ്രധാരം ഹുതഃ സ്തോകഃ ഹുതഃ ദ്രപ്സഃ
അഗ്നയേ ബൃഹതേ നാകായ സ്വാഹാ ദ്യാവാപൃഥി-
വീഭ്യാം സാ വിശ്വായുഃ സാ വിശ്വവ്യചാഃ
സാ വിശ്വകർമാ സം പൃച്യധ്വം ഋതാവരീഃ
ഊർമിണീഃ മധുമത്തമാഃ മന്ദ്രാഃ ധനസ്യ സാതയെ
സോമേന ത്വാ ആതനച്മി ഇന്ദ്രായ ദധി
വിഷ്ണോ ഹവ്യം രക്ഷസ്വ

1. ശുന്ധധ്വം ദൈവ്യായ കർമ്മണെ ദേവയജ്യായൈ

ഈ മന്ത്രം ചൊല്ലി യാഗോപകരണങ്ങളെല്ലാം വെള്ളം തളിച്ച് ശുദ്ധമാക്കുന്നു.

യാഗോപകരണങ്ങളേ! നിങ്ങൾ ദൈവ്യായ കർമണേ = ദേവന്മാർക്ക് വേണ്ടിയുള്ള ദേവയജ്യായൈ = യാഗത്തിന് വേണ്ടി ശുന്ധധ്വം = ശുദ്ധമായിത്തീരുവിൻ.

2. മാതരിശ്വനോഘർമോസി

ഈ മന്ത്രം ചൊല്ലി തീക്കനൽ ഊതി അഗ്നി ജ്വലിപ്പിക്കുന്നു.

ഹേ അഗ്നേ! അങ്ങ് മാതരിശ്വനഃ = വായുവിൻെറ ഘർമഃ അസി = ചൂടാകുന്നു.

3. ദ്യൌരസി പൃഥിവ്യസി വിശ്വധായാ അസി
പരമേണ ധാമ്നാ ദൃംഹസ്വ മാഹ്വാഃ

ഈ മന്ത്രം ചൊല്ലി ഹവിസ്സ് പാകം ചെയ്യാനുള്ള സ്ഥാലി (പാത്രം) അഗ്നിയിൽ വെയ്ക്കുന്നു.

ഹേ സ്ഥാലി! = അല്ലയോ പാത്രമേ! ത്വം = നീ ദ്യൌഃ അസി = ദ്യോവ് ആകുന്നു. പൃഥിവീ അസി = ഭൂമി ആകുന്നു. വിശ്വധായാ അസി = അന്തരീക്ഷം ആകുന്നു. പരമേണ ധാമ്നാ = ശ്രേഷ്ഠമായ തേജസ്സോടു കൂടി ദൃംഹസ്വ = വർദ്ധിച്ചാലും. മാഹ്വാഃ = ഭഗ്നമായി ത്തീരരുത്.

4. വസൂനാം പവിത്രമസി ശത ധാരം
വസൂനാം പവിത്രമസി സഹസ്ര ധാരം

സ്ഥാലിയുടെ മുകളിൽ പവിത്രം വെച്ചിട്ട് ചൊല്ലുന്ന മന്ത്രമാണ് ഇത്

ദർഭ കൂട്ടികെട്ടി ഉണ്ടാക്കുന്നതാണ് ''പവിത്രം'' ദർഭ കൊണ്ട് സാധനങ്ങൾ പരിശുദ്ധമാകുന്നു എന്ന ആശയ ത്തിൽ ''പവിത്രം'' എന്നു് നാമകരണം ചെയ്തു.

ഹേ പവിത്ര! ത്വം = അല്ലയോ പവിത്രമേ! നീ വസൂനാം = ധാന്യങ്ങളെ ശതധാരം = നൂറ് തരത്തിൽ പവിത്രം അസി = പരിശുദ്ധമാക്കുന്നു. വസൂനാം = ധാന്യാദികളെ സഹസ്രധാരം = പലതരത്തിൽ പവി ത്രം അസി = പരിശുദ്ധമാക്കുന്നു. (ദർഭ യാഗ കർത്താ വിനേയും യാഗോപകരണങ്ങളേയും പരിശുദ്ധമാക്കുന്നു)

5. ഹുതസ്തോകോ ഹുതോ ദ്രപ്സോ ƒ ഗ്നയേ
ബൃഹതേ നാകായ സ്വാഹാ

പാൽ കാച്ചുന്ന അവസരത്തിൽ പാത്രത്തിൽനിന്നു് താഴെ വീഴുന്ന ക്ഷീര ബിന്ദുക്കളെ സംബോധന ചെയ്തു ചൊല്ലുന്ന മന്ത്രമാണ് ഇതു്

സ്തോകഃ = ചെറിയ ക്ഷീരബിന്ദു (പാത്രത്തിൽനിന്നു് വീണതു്) ഹുതഃ അസ്തു = ഹോമിക്കപ്പെടട്ടെ ദ്രപ്സഃ = വലിയ ക്ഷീരബിന്ദു ഹുതഃ അസ്തു = ഹോമിക്കപ്പെടട്ടെ നാകായ = ''നാക'' എന്ന പേരിൽ പ്രസിദ്ധനം ബൃഹതേ = മഹാനമായ അഗ്നയേ സ്വാഹാ = അഗ്നിയ്ക്കായിക്കൊണ്ടു് ഹോമം ചെയ്യുന്നു ദ്യാവാ പൃഥിവീഭ്യാം സ്വാഹാ = ദ്യോവിനായിക്കൊണ്ടും പൃഥിവിയ്ക്കായിക്കൊണ്ടും ഹോമം ചെയ്യുന്നു.

6. സാവിശ്വായുഃ സാവിശ്വ വ്യചാഃ സാവിശ്വകർമാ

പാൽ കറന്നെടുക്കപ്പെട്ട പശുക്കളുടെ സമീപത്തു ചെന്നു് അവയെ സ്തുതിച്ചു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

സാ = ആദ്യം പാൽ കറന്നെടുക്കപ്പെട്ട പശു വിശ്വായുഃ = വിശ്വായുസ്സാകുന്നു (എല്ലാവരുടേയും ജീവിതം യാതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ അതു് വിശ്വായു) സാ = അതു് (രണ്ടാമതു് പാൽ കറന്നെടുക്കപ്പെട്ട പശു) വിശ്വവ്യചാഃ = ലോകം മുഴുവൻ വ്യാപിക്കുന്നതാണു് (സന്താന സമൃദ്ധികൊണ്ടു് വർദ്ധിക്കുന്നതു്) സാ = അതു് (മൂന്നാമതു പാൽ കറന്നെടുക്കപ്പെട്ട പശു വിശ്വകർമാ = വിശ്വ കർമയാണു് (എല്ലാ കർമ്മങ്ങളും യാതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ അതു്.)

7. സംപൃചൃ ധ്വമൃതാവരീ രൂർമിണീ ർമധുമത്തമാ മന്ദ്രാ ധനസ്യസാതയേ

പാൽ കറക്കാനുള്ള പാത്രവും പശുവിന്റെ അകിടും കഴുകാനുള്ള വെള്ളം എടുത്തു കൊണ്ടു് ചൊല്ലാനുള്ള മന്ത്രമാണു് ഇതു്.

ഹേഋതാവരിഃ ആപഃ = രസത്തോടു കൂടിയ അപ്പുകളേ! (അപ്പു് = ജലം) യൂയം = നിങ്ങൾ പയസാ സംപൃചൃധ്വം = പാലുമായി യോജിച്ചാലും. യൂയം = നിങ്ങൾ ധനസ്യ

സാതയെ ധന ലാഭത്തിനു് വേണ്ടി ഊർമിണി: = പത യോടുകൂടിയതും മധുരത്തമാഃ = മധുരതമങ്ങളും മന്ത്രാഃ സന്തോഷകരങ്ങളും ആയി ഭവിയ്ക്കുക.

8. സോമേന ത്വാതനച്മീന്ദ്രായദധി

കാച്ചിയ പാൽ തണുപ്പിച്ചു് ഉറയൊഴിയ്ക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണിതു്.

ഇന്ദ്രായ = ദേവേന്ദ്രനു് ദധി = തൈരു് സമപ്പിയ്ക്കുന്നതിനു് വേണ്ടി ത്വാ നിന്നെ (കാച്ചിയ പാൽ) സോമേന = ചന്ദ്രനെപ്പോലെ വെളുത്ത തൈരുമായി ആതനച്മി = ഞാൻ യോജിപ്പിയ്ക്കുന്നു.

9. വിഷ്ണോ ഹവ്യം രക്ഷസ്വ

ഈ മന്ത്രം ചൊല്ലി ഉറയൊഴിച്ചിരിയ്ക്കുന്ന പാത്രം അടച്ചു വെയ്ക്കുന്നു.

വിഷ്ണോ = സവ്വരക്ഷകനായ ദേവ ഹവ്യം രക്ഷസ്വ = ഹോമാഹ്മായ ഈ പദാത്ഥത്തെ രക്ഷിച്ചാലും.

ഇതി തൃതീയോƒനുവാകഃ

അഥചതുത്ഥോƒനുവാകഃ

കർമണേവാം ദേവേഭ്യഃ ശകേയം വേഷായത്വാ പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയോ ധൂരസി ധൂർവ ധൂർവന്തം ധൂർവതം യോƒസ്മാൻ ധൂർവതി തം ധൂർവയം വയം ധൂർവാമസ്ത്വം ദേവാനാമസി സസ്നിതമം പപ്രിതമം ജുഷ്ടതമം വഹ്നിതമം ദേവഹൂതമമഹ്രുതമസി ഹവിർധാനം ദൃംഹസ്വ മാ ഹ്വാ മിത്രസ്യ ത്വാ ചക്ഷുഷാ പ്രേക്ഷേമാ ഭേർമാസം വികഽഥാ മാത്വാ (1) ഹിംസിഷ മുരുവാതായ ദേവസ്യ ത്വാ സവിതുഃ പ്രസവേƒശ്വിനോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാമഗ്നയെ ജുഷ്ടം നിർപാമ്യഗ്നീഷോമാഭ്യാമിദം ദേവാനാമിദമുനഃ സഹ സ്ഫാത്യൈ ത്വാ നാരാത്യൈ സുവരസി വിഖ്യേഷം വൈശ്വാനരം ജ്യോതിർദൃംഹന്താം ദുർയാ ദ്യാവാപൃഥിവ്യോ- രുർവന്തരിക്ഷമന്വിഹ്യദിത്യാസ്ത്വോപസ്ഥേ സാദയാമ്യഗ്നേ ഹവ്യം രക്ഷസ്വ. (96)

കർമണേ വാം ദേവേഭ്യഃ ശകേയം വേഷായ ത്വാ പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാഃ അരാതയഃ ധൂഃ അസി ധൂർവ് ധൂർവന്തം ധൂർവ് തം യഃ അസ്മാൻ ധൂർവതി തം ധൂർവ് യം വയം ധൂർവാമഃ ത്വം ദേവാനാം അസി സസ്നിതമം പപ്രിതമം ജുഷ്ടതമം വഹ്നിതമം ദേവഹൂതമം അഹ്രുതം അസി ഹവിർധാനം ദൃംഹസ്വ മാ ഹ്വാഃ മിത്രസ്യ ത്വാ ചക്ഷുഷാ പ്രേക്ഷേ മാ ഭേഃ മാ സംവിക്‌ഥാഃ ഉരു വാതായ ദേവസ്യ ത്വാ സവിതുഃ പ്രസവേ അശ്വിനോഃ ബാഹുഭ്യാം പൂഷ്ണഃ ഹസ്താഭ്യാം അഗ്നയേ ജുഷ്ടം നിർവപാമി അഗ്നീഷോമാഭ്യാം ഇദം ദേവാനാം ഇദം ഉ നഃ സഹ സ്ഫാത്യൈ ത്വാ ന അരാത്യൈ സുവഃ അഭി വി ഖ്യേഷം വൈശ്വാനരം ജ്യോതിഃ ദൃംഹന്താം ദുർയാഃ ദ്യാവാപൃഥിവ്യോഃ ഉരു അന്തരിക്ഷം അനു ഇഹി. അദിത്യാഃ ത്വാ ഉപസ്ഥേ സാദയാമി. അഗ്നേ ഹവ്യം രക്ഷസ്വ.

1. കർമണേവാം ദേവേഭ്യശ്ശകേയം

യാഗ ദിവസം കർമ്മാദികൾ ആരംഭിക്കുന്ന അവസരത്തിൽ ഹസ്തങ്ങളെ സ്പർശിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രം
ദേവേഭ്യഃ കർമണേ = ദേവസംബന്ധിയായ കർമ്മസിദ്ധിക്കുവേണ്ടി വാം = നിങ്ങളെ ഉപയോഗിക്കുവാൻ ശകേയം = ഞാൻ ശക്തനായിത്തീരട്ടെ.

2. വേഷായത്വാ

മുറം കയ്യിൽ എടുത്തു കൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു.

ത്വാ = നിന്നെ വേഷായ = സർവ്വ വ്യാപിയും വിഷ്ണു സ്വരൂപവുമായ യാഗത്തിനു് വേണ്ടി ആദദെ = ഞാൻ എടുക്കുന്നു.

3. പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയോ

ധൂരസി ധൂർവ് ധൂർവന്തം ധൂർവതം യോ ഽസ്മാൻ
ധൂർവതിതം ധൂർവ്യം വയം ധൂർവാമഃ

വണ്ടിയിൽ കാളകളെ കെട്ടുമ്പോൾ നുകത്തിൽ സ്ഥിതി ചെയ്യുന്ന രക്ഷസ്സുകളിൽ നിന്നു് തന്നിമിത്തം കാളകൾക്കും ദോഷം വരാതിരിയ്ക്കുന്നതിനു്വേണ്ടി നുകത്തെ സ്പർശിച്ചു് കൊണ്ടു ചൊല്ലുന്ന മന്ത്രം.

രക്ഷഃ = രക്ഷസ്സുകൾ പ്രത്യുഷ്ടം = ദഹിച്ചു പോകട്ടെ ധൂഃ = നുകത്തിലുള്ള അഗ്നി ത്വം അസി = നീയാകുന്ന ഹേ അഗ്നേ ! ത്വം = അല്ലയോ അഗ്നേ ! നീ ധൂർവന്തം = യജ്ഞ ഹിംസകരായ രക്ഷസ്സുകളെ ധൂർവ് = നശിപ്പിച്ചാലും യഃ = യാതൊരുത്തനാണോ അസ്മാൻ = ഞങ്ങളെ ധൂർവതി = ഉപദ്രവിയ്ക്കാൻ ആഗ്രഹിയ്ക്കുന്നതു് തം ധൂർവ് = അവനേയും നശിപ്പിയ്ക്കുക.

4. ത്വം ദേവാനാമസി സസ്നിതമം പപ്രിതമം
ജുഷ്ടതമം വഹ്നിതമം ദേവഹൂതമമഹ്രുതമസി.
ഹവിർധാനം ദൃംഹസ്വ മാഹ്വാഃ

ധാന്യം കൊണ്ടുവരാൻ തയാറാക്കിയ ശകടത്തെ നോക്കി ചൊല്ലാനുള്ള മന്ത്രമാണു് ഇതു്

ഹേ ശകട ! = അല്ലയോ ശകടമേ! ത്വം = നീ ദേവാനാം അസി = ദേവന്മാർക്കു വേണ്ടിയുള്ളതാകുന്നു. സസ്നിതമം അസി = നീ പരിശുദ്ധം ആകുന്നു. പപ്രിതമം അസി = നീ ധാന്യാദികളാൽ പുഷ്ടമാകുന്നു. ജുഷ്ടതമം അസി = നീ ദേവന്മാർക്കു പ്രിയപ്പെട്ടതാകുന്നു. വഹ്നിതമം അസി = നീ ധാന്യഭാരം വഹിയ്ക്കുന്നതാകുന്നു. ദേവഹൂതമം അസി = നീ ദേവന്മാരെ ആഹ്വാനം ചെയ്യുന്നതാകുന്നു. അഹ്രുതം അസി = നീ കുടിലത ഇല്ലാത്തതാകുന്നു. ഹവിർധാനം ദൃംഹസ്വ = യാഗോപയോഗിയായ പദാർത്ഥങ്ങൾ കൊണ്ടു നിറഞ്ഞിരിയ്ക്കുന്ന നീ വർദ്ധിച്ചാലും. മാഹ്വാഃ = നീ കുടിലമായിത്തീരരുതു്

5. മിത്രസ്യത്വാ ചക്ഷുഷാ പ്രേക്ഷേ മാ ഭേർമാ സംവിക്ഥാഃ മാത്വാഹിംസിഷം!

പുരോഡാശത്തിന് വേണ്ടിയുള്ള ധാന്യത്തെ നോക്കിക്കൊണ്ട് ചൊല്ലാനുള്ള മന്ത്രമാണ് ഇത്. (ധാന്യങ്ങളുടെ മാവ് അഗ്നിയിൽ പാകം ചെയ്തത് പുരോഡാശം)

ഹേ പുരോഡാശ ! ത്വാ = നിന്നെ മിത്രസ്യചക്ഷുഷാ = ആദിത്യൻെറ കണ്ണു കൊണ്ട് പ്രേക്ഷേ = ഞാൻ നോക്കുന്നു മാഭേഃ = നീ പേടിയ്ക്കരുത്. മാസംവിക്ഥാഃ = നീ വിറയ്ക്കുകയും അരുത്. ത്വാ മാഹിംസിഷം = നിന്നെ ഞാൻ ഉപദ്രവിയ്ക്കുകയില്ല.

6. ഉരുവാതായ

ഈ മന്ത്രം ചൊല്ലി ധാന്യത്തിലുള്ള തൃണാദികൾ മാററുന്നു

വാതായ = വായു പ്രവേശിയ്ക്കുന്നതിനുള്ള സ്ഥലം ഉരു- വിസ്തീർണ്ണമായിത്തീരട്ടെ.

7. ദേവസ്യത്വാ സവിതുഃ പ്ര സവേഽശ്വിനോർ
ബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാമഗ്ന യേജ്ജുഷ്ടം
നിർവ്വപാമ്യഗ്നീ ഷോമാഭ്യാം

ഈ മന്ത്രം ചൊല്ലി ധാന്യം മുറത്തിൽ ഇടുന്നു.

സവിതുഃ ദേവസ്യ = സർവ്വപ്രേരകനായ ദേവൻെറ പ്രസവേ = പ്രേരണ കൊണ്ട് അഹം = ഞാൻ അഗ്നയേ ജുഷ്ടം = അഗ്നിയ്ക്ക് = ഇഷ്ടപ്പെട്ട ധാന്യം നിർവ്വപാമി = മുറത്തിൽ ഇടുന്നു. അശ്വിനോഃ = അശ്വിനി ദേവന്മാരുടെ ബാഹുഭ്യാം = കൈകൊണ്ട് നിർവ്വപാമി = നിക്ഷേപിയ്ക്കുന്നു. പൂഷ്ണഃ = പൂഷാ എന്ന ദേവൻെറ ഹസ്താഭ്യാം = കൈകൾ കൊണ്ട് നിർവ്വപാമി = നിക്ഷേപിയ്ക്കുന്നു അഗ്നിഷോമാഭ്യാം = അഗ്നിദേവനും സോമദേവനും വേണ്ടി നിർവ്വപാമി = ധാന്യം മുറത്തിൽ തുടുന്നു.

8. ഇദം ദേവാനാം.

മുറത്തിൽ ഇരിയ്ക്കുന്ന ധാന്യ. തൊട്ടുകൊണ്ട് ഈ മന്ത്രം ചൊല്ലുന്നു.

ഇദം = മുറത്തിൽ ഇട്ടിരിയ്ക്കുന്ന ഈ ധാന്യം
ദേവാനാം = ദേവന്മാർക്കുള്ളതാണ്

9. ഇദമുനഃ സഹ

ബാക്കി പാത്രത്തിൽ വെച്ചിരിക്കുന്ന ധാന്യം തൊട്ടുകൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു.

ഇദം ഉ = ഈ ശേഷിച്ച ധാന്യമാകട്ടെ നഃ സഹ = നിങ്ങൾക്കും ഞങ്ങൾക്കും കൂടിയുള്ളതാണു്.

10. സ്ഫാത്യൈ ത്വാനാരാത്യൈ

ഈ മന്ത്രം ചൊല്ലി ധാന്യത്തെ ആമന്ത്രണം ചെയ്യുന്നു.

അല്ലയോ ധാന്യമേ! സ്ഫാത്യൈ ത്വാ = അഭിവൃദ്ധിക്കുവേണ്ടി നിന്നെ ആവപനം ചെയ്യുന്നു. ന അരാത്യൈ = ദാനം ചെയ്യുന്നതിനു് വേണ്ടി ത്വാ ആവപാമി = നിന്നെ ആവപനം ചെയ്യുന്നു. (ദേവന്മാൎക്കു് യാഗാദികൾ കഴിച്ചു് അഭിവൃദ്ധി നേടാനാണു് ധാന്യം സംഭരിക്കുന്നതു്)

11. സുവരഭിവിഖ്യേഷം വൈശ്വാനരം ജ്യോതിഃ

ആഹവനീയാഗ്നിയെ നോക്കിക്കൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു.

സുവഃ = ശ്രേയസ്സുണ്ടാക്കിത്തരുന്നതും വൈശ്വാനരം = എല്ലാ മനുഷ്യരുടേയും സ്വാമിത്വേന വൎത്തിക്കുന്നതും ജ്യോതിഃ = പ്രകാശശീലമുള്ളതും ആയ അല്ലയോ അഗ്നേ! അഭിവിഖ്യേഷം = ഞാൻ അങ്ങയെ അഭിമുഖമായി കാണുന്നു.

12. ദൃംഹന്താം ദുൎയാദ്യാവാപൃഥിവ്യോരുൎവന്തരിക്ഷമന്വേഹി

യജമാനൻ ഗൃഹത്തെ നോക്കിക്കൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ദ്യാവാ പൃഥിവ്യോഃ = സ്വൎഗ്ഗത്തിലും ഭൂമിയിലും ദുൎയാഃ = ഞങ്ങളുടെ വാസസ്ഥാനമാകുന്ന ഗൃഹങ്ങൾ ദൃംഹന്താം = വൎദ്ധിക്കട്ടെ. ഉരു അന്തരിക്ഷം അന്വേഹി = വിസ്തീൎണ്ണമായ അന്തരിക്ഷത്തിലേക്കു് പോയാലും.

13. അദിത്യം സ്ത്വാ പസ്ഥെ സാദയാമി

ഈ മന്ത്രം ചൊല്ലി ഹവിസ്സ് നിക്ഷേപിയ്ക്കുന്നു.

അദിത്യാഃ ഉപസ്ഥെ = ഭൂമിയുടെ ഉത്സംഗത്തിൽ ത്വാ സാദയാമി = നിന്നെ നിക്ഷേപിയ്ക്കുന്നു.

14. അഗ്നേ ഹവ്യം രക്ഷസ്വ

ഗാർഹപത്യാഗ്നിയെ സംബോധന ചെയ്തു കൊണ്ടു ചെല്ലുന്ന മന്ത്രമാണ് ഇതു്.

ഹേ അഗ്നേ = അല്ലയോ അഗ്നേ ഹവ്യം രക്ഷസ്വ ഹവിസ്സ് രക്ഷിച്ചാലും.

ഇതി ചതുർത്ഥോ*f*നുവാകഃ

അഥപഞ്ചമോ*f*നുവാകഃ

ദേവോ വഃ സവിതോത്പുനാത്വച്ഛിദ്രേണ പവിത്രേണ വസോഃ സൂര്യസ്യരശ്മിഭിരപാം ദേവീരഗ്രേ പുവോ അഗ്രേ ഗുവോ*f*ഗ്രം ഇമം യജ്ഞം നയതാഗ്രേ യജ്ഞപതിം ധത്ത യുഷ്മാ നിന്ദ്രോ*f*വൃണീത വൃത്രതൂർയെ യൂയമിന്ദ്ര മവൃണീധ്വം വൃത്രതൂർയേ പ്രോക്ഷിതാസ്ഥാഗ്നയെ വോ ജുഷ്ടം പ്രോക്ഷാമ്യഗ്നീഷോമാഭ്യാം ശുന്ധധ്വം ദൈവ്യായ കർമണെ ദേവയജ്യായാ അവധൂതം രക്ഷോ*f*വധൂതാ അരാതയോ*f*ദിത്യാസ്ത്വഗസി പ്രതിത്വാ (ii) പൃഥിവീ വേത്വധിഷവണമസി വാനസ്പത്യം പ്രതി ത്വാ*f*ദിത്യാസ്ത്വഗ്വേത്ത്വാഗ്നേസ്തനൂരസി വാചോ വിസർജനം ദേവവീതയെ ത്വാ ഗൃഹ്ണാമ്യദ്രിരസി വാനസ്പത്യഃ സ ഇദം ദേവേഭ്യോ ഹവ്യം സുശമി ശമിഷ്വേഷമാവദോർജമാവദ ദ്യുമദ്വദത വയം സംഘാതം ജേഷ്ട വർഷവൃദ്ധമസി പ്രതിത്വാ വർഷവൃദ്ധം വേത്തു പരാപൂതം രക്ഷഃ പരാപൂതാ അരാതയോ രക്ഷസാം ഭാഗോ*f*സി വായുർവ്വാ വിവിനക്തു ദേവോ വഃ സവിതാ ഹിരണ്യപാണിഃ പ്രതിഗൃഹ്ണാതു. (111)

ദേവഃ വഃ സവിതാ ഉത് പുനാത്തു അച്ഛിദ്രേണ പവിത്രേണ വസോഃ സൂർയസ്യ രശ്മിഭിഃ ആപഃ ദേവീഃ അഗ്രേപുവഃ അഗ്രേഗുവഃ അഗ്രേ ഇമം യജ്ഞം നയത അഗ്രേ യജ്ഞപതിം ധത്ത. യുഷ്മാൻ ഇന്ദ്രഃ അവൃണീത വൃത്രതൂർയേ യൂയം ഇന്ദ്രം അവൃണീധ്വം വൃത്രതൂർയെ പ്രോക്ഷിതാഃ സ്ഥ അഗ്നയേ വഃ ജുഷ്ടം പ്രോക്ഷാമി അഗ്നീഷോ- മാഭ്യാം ശുന്ധധ്വം ദൈവ്യായ കർമണേ ദേവ- യജ്യായൈ അവധൂതം രക്ഷഃ അവധൂതാഃ അരാതയഃ അദിത്യാഃ ത്വക് അസി പ്രതി ത്വാ പൃഥിവീ വേത്തു അധിഷവണം അസി വാന- സ്പത്യം പ്രതി ത്വാ അദിത്യാഃ ത്വക് വേത്തു അഗ്നേഃ തനൂഃ അസി വാചഃ വിസർജനം ദേവവീതയെ ത്വാ ഗൃഹ്ണാമി അദ്രിഃ അസി വാനസ്പത്യഃ സഃ ഇദം ദേവേഭ്യഃ ഹവ്യം സുശമി ശമിഷ്വ ഇഷം ആ വദ ഊർജം ആ വദ ദ്യുമദ് വദത വയം സംഘാതം ജേഷ്മ വർഷവൃദ്ധം അസി പ്രതി ത്വാ വർഷവൃദ്ധം വേത്തു പരാപൂതം രക്ഷഃ പരാപൂതാഃ അരാതയഃ രക്ഷസാം ഭാഗഃ അസി വായുഃ വഃ വി വിനക്തു ദേവഃ വഃ സവിതാ ഹിരണ്യപാണിഃ പ്രതി ഗൃഹ്ണാത്തു.

1. ദേവോ വഃ സവിതോത്പുനാത്വച്ഛി ദ്രേണ
   പവിത്രേണ വസോഃ സൂര്യ്യസ്യ രശ്മിഭിഃ

ഈ മന്ത്രം ചൊല്ലി ധാന്യത്തിൽ വെള്ളം തളിക്കുന്നു.

ദേവഃസവിതാ = സവിതൃദേവൻ, വഃ = നിങ്ങളെഅച്ഛി- ദ്രേണ = അവിച്ഛിന്നമായിരിക്കുന്നതും, പവിത്രേണ = പാവനവുമായ, വസോഃ സൂര്യ്യസ്യ = ജഗത്തിനു വാ സഹേതുവായ സൂര്യ്യൻെറ, രശ്മിഭിഃ = രശ്മികളാൽ, ഉത്പു നാത്തു = പരിശുദ്ധമാക്കട്ടെ.

2. ആപോദേവീരഗ്രേപുവോ അഗ്രേ ഗ്രുവോ/ഽഗ്ര
ഇമം യജ്ഞം നയതാഗ്രേ യജ്ഞപതിം ധത്ത
ജലത്തെ സ്തുതിച്ചു പറയുന്ന മന്ത്രമാണിതു്

ദേവീഃ = ദേവ ഗുണയുക്തങ്ങളും, അഗ്രേ പുവഃ = പദാ ത്ഥങ്ങളെ ശുദ്ധമാക്കുന്നവയും, അഗ്രേഗ്രുവഃ = യാഗത്തി ന്റെ ആദ്യത്തെ ഉപകരണവുമായ ഹേ ആപഃ ! = അപ്പു കളേ! യൂയം = നിങ്ങൾ, ഇമം യജ്ഞം = ഈ യാഗത്തെ അഗ്രംനയത = യാഗങ്ങളിൽ ഒന്നാമത്തേതാക്കുക. യജ്ഞപതിം = യാഗ കത്താവിനേയും, അഗ്രേനയത = യാഗകത്താക്കളിൽ അഗ്രഗണ്യനാക്കുക

3. യുഷ്മാനിന്ദ്രോ/വൃണിത വൃത്രതൂർയേ
യൂയമിന്ദ്രമ വൃണീധ്വം വൃത്രതൂർയെ
ഈ മന്ത്രവും ജലത്തെ സ്തുതിയ്ക്കാനുള്ളതാണു്.

ഹേ ആപഃ = അല്ലയോ അപ്പുകളെ! യുഷ്മാൻ = നിങ്ങ ളെയാണല്ലോ, ഇന്ദ്രഃ = ദേവേന്ദ്രൻ, വൃത്രതൂർയേ = വൃത്ര വധാത്ഥമായുള്ള യുദ്ധത്തിൽ, അവൃണിത = സഹായ ത്തിനു് വരിച്ചതു്. യൂയം = നിങ്ങളും, ഇന്ദ്രം = ഇന്ദ്ര നെ, വൃത്രതൂർയെ = വൃത്രാസുരനെ കൊല്ലാനുള്ള യുദ്ധ ത്തിൽ, അവൃണീധ്വം = സഹായത്തിനു് വേണ്ടി വരിച്ചു. ''വൃത്രം ഹനിഷ്യന്നിന്ദ്ര ആപോ വവ്രേ ' എന്നു് തൈത്ത രീയ ബ്രാഹ്മണത്തിൽ പറഞ്ഞിരിയ്ക്കുന്നു.

4. പ്രോക്ഷിതാഃ സ്ഥ
ഈ മന്ത്രം ചൊല്ലി പ്രോക്ഷണികളെ പ്രോക്ഷിയ്ക്കുന്നു. (പ്രോക്ഷിയ്ക്കുക = പരിശുദ്ധമാക്കുന്നതിനു് വേണ്ടി മന്ത്രം ചൊല്ലി വെള്ളം തളിയ്ക്കുക)

പ്രോക്ഷിതാഃ സ്ഥ = പ്രോക്ഷണികളെ ! നിങ്ങൾ സ്വതേ ശുദ്ധമാണു്.

5. അഗ്നയേ ജുഷ്ടം പ്രോക്ഷാമ്യഗ്നീഷോമാഭ്യാം
ഈ മന്ത്രം ചൊല്ലി പുരോഡാശത്തിൽ പ്രോക്ഷിയ്ക്കുന്നു.
അഗ്നയേ ജുഷ്ടം = അഗ്നിയ്ക്കു് പ്രിയമാകത്തക്കവിധം

യുഷ്മാൻ പ്രോക്ഷാമി = നിങ്ങളെ പ്രോക്ഷിയ്ക്കുന്നു. അഗ്നീഷോമാഭ്യാം പ്രോക്ഷാമി = അഗ്നിദേവനും സോമ ദേവനും പ്രിയമാകത്തക്കവിധം ഞാൻ പ്രോക്ഷിയ്ക്കുന്നു.

6. ശുന്ധധ്വം ദൈവ്യായ കർമണേ ദേവയജ്യായൈ

ഈ മന്ത്രം ചൊല്ലി യാഗോപകരണങ്ങളായ പാത്രങ്ങളെ പ്രോക്ഷിയ്ക്കുന്നു.

ദേവയജ്യായൈ = ദേവന്മാൎക്കുവേണ്ടിയുള്ള, ദൈവ്യായ-കൎമണേ = യാഗത്തിനുവേണ്ടി, ശുന്ധധ്വം = പരിശുദ്ധരായിത്തീരുവിൻ.

7. അവധൂതം രക്ഷോ / വധൂതാ അരാതയോ / ദിത്യാസ്ത്വഗസി പ്രതിത്വാ പൃഥിവീ വേത്തു

കൃഷ്ണാ ജിനം എടുത്തുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണിതു്. രക്ഷഃ അവധൂതം = രക്ഷസ്സുകൾ നശിയ്ക്കട്ടെ. അരാതയഃ അവധൂതാഃ = ശത്രുക്കൾ നശിയ്ക്കട്ടെ ഹേ കൃഷ്ണാ ജിന = അല്ലയോ കൃഷ്ണാ ജിനമേ! ത്വം = നീ അദിത്യാഃ — ഭൂമിദേവിയ്ക്കു് ത്വക് അസി = ത്വക്ക പോലെ പ്രിയപ്പെട്ടതാകുന്നു. അതഃ = അതുകൊണ്ടു് പൃഥിവീത്വാ പ്രതിവേത്തു = പൃഥിവി നിന്നെ തറയിൽ വിരിയ്ക്കുന്നതിനു് അനുവദിയ്ക്കട്ടെ.

8 അധിഷവണ മസി വാനസ്പത്യം

പ്രതിത്വാദിത്യാ സ്ത്വഗ്വേത്തു

ഈ മന്ത്രം ചൊല്ലി കൃഷ്ണാ ജിനത്തിന്റെ മുകളിൽ ഉരൽ എടുത്തുവെയ്ക്കുന്നു.

അല്ലയോ ഉരലേ നീ അധിഷവണം = ഇടിച്ചു ചതയ്ക്കാൻ ഉപകരിയ്ക്കുന്നതും, വാനസ്പത്യം അസി = മരം കൊണ്ടുണ്ടാക്കപ്പെട്ടതും ആകുന്നു. അദിത്യാഃ ത്വക് = ഭൂമിയുടെ ത്വക്കിനു് തുല്യമായ നിന്നെ, പ്രതിവേത്തു = ആത്മോപരി നിധാനം ചെയ്യാൻ അനുവദിയ്ക്കട്ടെ.

9. അഗ്നേസ്തനൂരസി

ഈ മന്ത്രം ചൊല്ലി പുരോഡാശത്തിനുവേണ്ടിയുള്ള ധാന്യം ഇളക്കുന്നു.

പുരോഡാശത്തിനു് വേണ്ടിയുള്ള ധാന്യമേ! ത്വം = നീ അഗ്നേഃ തനൂഃ അസി = അഗ്നിയുടെ ശരീരത്തിനു് തുല്യം ആകുന്നു.

10. വാചോവിസർജനം ദേവ വീതയെത്വാ ഗൃഹ്ണാമി

ഈ മന്ത്രം ചൊല്ലി ധാന്യം ഉമി മുതലായവ കളഞ്ഞു് ഉരലിൽ ഇടുന്നു.

ത്വം = നീ, വാചഃ വിസർജനം അസി = വാക്കുകളെ പുറത്തയയ്ക്കുന്നു (വാക്കുകൾ ഉച്ചരിയ്ക്കാൻ സഹായിയ്ക്കുന്നു) ത്വാ = ഇപ്രകാരമുള്ള നിന്നെ, ദേവവീതയെ = ദേവന്മാരുടെ ഭക്ഷണത്തിനു് വേണ്ടി, ഗൃഹ്ണാമി = ഞാൻ എടുക്കുന്നു. "യദാഹിപ്രജാഃ ഓഷധീനാമശ്നന്തി അഥ വാചം വിസൃജതെ'' ധാന്യം ഭക്ഷിച്ചു തുടങ്ങുമ്പോൾ വാക്കുകൾ ഉച്ചരിച്ചു തുടങ്ങുന്നു. എന്നു് വേദവചനം.

11. അദ്രിരസി വാനസ്പത്യഃ സ ഇദം ദേവേഭ്യോഹവ്യം സുശമി ശമിഷ്വ

ഈ മന്ത്രം ചൊല്ലി ഉലക്ക കയ്യിൽ എടുക്കുന്നു.

ത്വം വാനസ്പത്യഃ = നീ മരം കൊണ്ടു് ഉണ്ടാക്കപ്പെട്ടതാണെങ്കിലും, അദ്രിഃ അസി = പാറ പോലെ ഉറപ്പുള്ളതാകുന്നു. സഃ ത്വം = അപ്രകാരമുള്ള നീ, ഇദം ഹവ്യം = ഹോമത്തിനു വേണ്ടിയുള്ള ഈ ധാന്യം, സുശമി = സുഖ ഹേതുവാക്കുക (ഉമി മുതലായവ കളഞ്ഞു് നല്ലതാക്കുക.) ഇദം = ഈ ധാന്യം, ദേവേഭ്യഃ ശമിഷ്വ = ദേവന്മാർക്കു വേണ്ടി ഉമി മുതലായവ കളഞ്ഞു് ശുദ്ധമാക്കുക.

12. ഇഷമാ വദോർജമാ

ഈ മന്ത്രം ചൊല്ലി ഉരലിൽ ഇട്ടിരിയ്ക്കുന്ന ധാന്യം ഉലക്ക കൊണ്ടു് ഇടിയ്ക്കുന്നു.

ഇഷം ആവദ = ഹവിർലക്ഷണമായ അന്നം ദേവന്മാർക്കു വേണ്ടി തയാറാക്കുന്നു എന്നു പറയുക. ഊർജം ആവദ = അതു് രസവത്താണെന്നും പറയുക.

13. വദ ദ്യുമ ദ്വേതവയം സംഘാതം ജേഷ്മ

യജ്ഞായുധങ്ങളെ സംബോധന ചെയ്തുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ദ്യുമത് = ദീപ്തിമത്തായിരിക്കുന്ന, ഇദം = പാകം ചെയ്യപ്പെടുന്ന ഈ അന്നം, ദേവേഭ്യഃ വദത = ദേവന്മാർക്കു വേണ്ടി പാകം ചെയ്യപ്പെടുന്നു എന്നു് പറയുക. വയം = ഞങ്ങൾ സംഘാതം ജേഷ്മ = ശത്രു സമൂഹത്തെ ജയിക്കട്ടെ.

14. വർഷവൃദ്ധമസി

മുറം കയ്യിൽ എടുത്തിട്ടു് ചൊല്ലുന്നതാണിതു്.

അല്ലയോ മുറമേ നീ, വർഷവൃദ്ധം അസി = ഒരു വർഷം കൊണ്ടു് വൎദ്ധിച്ചുവരുന്നതാണു്. (മുറം ഈററ കൊണ്ടു് ഉണ്ടാക്കിയതാണു്. ഈററ മുറിച്ചെടുത്താലും ഒരു വർഷം കൊണ്ടു വീണ്ടും വളൎന്നുവരും)

15 പ്രതിത്വാ വർഷവൃദ്ധം വേത്തു

പുരോഡാശത്തെ അഭിസംബോധന ചെയ്തു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ പുരോഡാശീയ = അല്ലയോ പുരോഡാശത്തിനു് വേണ്ടിയുള്ള ധാന്യമേ! വർഷവൃദ്ധം ത്വാ = ഒരു വർഷം കൊണ്ടു് വർദ്ധിച്ച നിന്നെ, ശൂർപഃ = മുറം, പ്രതിവേത്തു = അതിൽ ഇടാൻ അനുവദിക്കട്ടെ

16. പരാപൂതം രക്ഷഃ പരാപൂതാ അരാതയോ

രക്ഷസാം ഭാഗഃ *f* സി വായുർവോ വിവിനക്തു

ഈ മന്ത്രം ചൊല്ലി ഉരലിൽ ഉലക്ക കൊണ്ടിടിച്ച ധാന്യം മുറത്തിൽ ഇട്ടു് ഉമി മാററുന്നു.

രക്ഷഃ പരാപൂതം അസ്തു = രക്ഷസ്സുകൾ മാററിപ്പോകട്ടെ. അരാതയഃ പരാപൂതാഃ സന്തു = ശത്രുക്കൾ മാററിപ്പോകട്ടെ. അല്ലയോ ഉമി നീ രക്ഷസാം ഭാഗഃ അസി = രക്ഷസ്സുകൾക്ക് അവകാശപ്പെട്ട ഭാഗം ആകുന്നു. വായുഃ വഃ വിവിനക്തു = വായു നിങ്ങളെ (ധാന്യത്തിൽ നിന്നു) വേർതിരിയ്ക്കട്ടെ.

17. ദേവോ വഃ സവിതാ ഹിരണ്യപാണിഃ
പ്രതിഗൃഹ്ണാതു.

ഉമി മാററി പരിശുദ്ധമാക്കിയ അരി കയ്യിൽ എടുത്തു കൊണ്ടു ചൊല്ലുന്ന മന്ത്രമാണ് ഇതു്.

ഹിരണ്യപാണിഃ = കയ്യിൽ സ്വർണ്ണാഭരണം ധരിച്ചിരിയ്ക്കുന്ന, സവിതാ ദേവഃ = സർവ്വപ്രേരകനായ ദേവൻ വഃ പ്രതി ഗൃഹ്ണാതു = നിങ്ങളെ സ്വീകരിയ്ക്കട്ടെ.

ഇതി പഞ്ചമോ ƒനുവാകഃ

ഷഷ്ഠോ ƒനുവാകഃ

അവധൂതം രക്ഷോ ƒവധൂതാ അരാതയോ ƒദിത്യാ സ്ത്വഗസി പ്രതിത്വാ പൃഥിവീ വേത്തു ദിവഃ സ്കംഭനിരസി പ്രതിത്വാ ദിത്യാസ്ത്വ ഗേത്തുധിഷണാസി പർവ്വത്യാ പ്രതിത്വാ ദിവഃസ്കംഭനിർവേത്തു ധിഷണാസി പാർവ്വതേയീ പ്രതി-ത്വാ പർവ്വതിർ വേത്തു ദേവസ്യ ത്വാ സവിതുഃ പ്രസവേ ƒ ശ്വിനോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം മ ധിവപാമി ധാന്യമസി ധിനുഹി ദേവാൻ പ്രാണായ ത്വാ ƒ പാനായത്വാ വ്യാ-നായത്വാ ദീർഘാമനു പ്രസിതി മായുഷേ ധാം ദേവോ വഃ സവിതാ ഹിരണ്യപാണിഃ പ്രതി ഗൃഹ്ണാതു. 11 (65)

അവധൂതം രക്ഷഃ അവധൂതാഃ അരാതയഃ അദിത്യാഃ ത്വക് അസി പ്രതി ത്വാ പൃഥിവീ വേത്തു ദിവഃ സ്കംഭനിഃ അസി പ്രതി ത്വാ അദിത്യാഃ ത്വക് വേത്തു ധിഷണാ അസി

പവ്ത്യാ പ്രതി ത്വാ ദിവഃ സ്കംഭനിഃ വേത്തു ധിഷണാ അസി പാവ്തേയീ പ്രതി ത്വാ പവ്തിഃ വേത്തു ദേവസ്യ ത്വാ സവിതുഃ പ്രസവേ അശ്വിനോഃ ബാഹുഭ്യാം പൂഷ്ണഃ ഹസ്താഭ്യാം അധിവപാമി ധാന്യം അസി ധിനുഹി ദേവാൻ പ്രാണായ ത്വാ അപാനായ ത്വാ വ്യാനായ ത്വാ ദീഘാം അനു പ്രസൃതിം ആയുഷേ ധാം ദേവഃ വഃ സവിതാ ഹിരണ്യപാണിഃ പ്രതി ഗൃഹ്ണാതു.

1. അവധൂതം രക്ഷോ / വധൂതാ അരാതയോ / ദിത്യാ-സ്ത്വഗസി പ്രതിത്വാ പൃഥിവീ വേത്തു ദിവഃ സ്കംഭനിരസി പ്രതിത്വാ ദിത്യാസ്ത്വ ഗേത്തു.

ഈ മന്ത്രം ചൊല്ലി കൃഷ്ണാജിനത്തിന്റെ മുകളിൽ ''ശമ്യം'' എടുത്തു വെയ്ക്കുന്നു. ഗദയുടെ സമാനാകാരത്തിൽ അരമുഴം നീളത്തിലുള്ള ഒരു കോലാണ് ''ശമ്യാ''

രക്ഷഃ അവധൂതം = രക്ഷസ്സുകരം നശിക്കട്ടെ. അരാതയഃ അവധൂതാഃ = ശത്രുക്കരം നശിക്കട്ടെ. ത്വം = നീ അദിത്യാഃ ത്വക് അസി = ഭൂമിദേവിക്കു് ത്വക്കു പോലെ പ്രിയപ്പെട്ടതാകുന്നു. പൃഥിവീ = ഭൂമി, ത്വാ = നിന്നെ, പ്രതിവേത്തു = തറയിൽ വെയ്ക്കാൻ അനുവദിക്കട്ടെ ഹേ ശമ്യേ ത്വം = നീ, ദിവഃ — സ്വർഗ്ഗത്തിന്റെ, സ്കംഭനിഃ അസി = ധാരയിത്രി ആകുന്നു. ത്വാ = നിന്നെ അദിത്യാഃ ത്വക് = അദിതിയുടെ ത്വക്കുപോലുള്ള കൃഷ്ണാജിനം, പ്രതിവേത്തു = ആത്മോപരി നിധാനം ചെയ്യാൻ അനുവദിക്കട്ടെ.

2. ധിഷണാസി പവ്ത്യാ പ്രതിത്വാ ദിവഃ സ്കംഭനി വേ്ത്തു ധിഷണാസി പാവ്തേയീ

ഈ മന്ത്രം ചൊല്ലി ശമ്യയിൽ അരയ്ക്കാനുള്ള കല്ലു് എടുത്തു വെയ്ക്കുന്നു.

ഹേ ദൃഷദ് ത്വം = അല്ലയോ കല്ലേ നീ, പവ്ത്യാ ധിഷണാ അസി = പവ്വതം പോലെ ഉറപ്പുള്ളതാകുന്നു.

പർവ്വതേയീ അസി = പർവ്വതത്തെ സംബന്ധിച്ചതാകുന്നു. ദിവഃ സ്കംഭനിഃ = ദ്യോവിൻെറ ധാരയിത്രിയായ ശമ്യ ത്വാ പ്രതിവേത്തു = നിന്നെ ആത്മോപരി നിധാനം ചെയ്യാൻ അനുവദിയ്ക്കട്ടെ.

3. പ്രതിത്വാ പർവ്വതി വേത്തു ദേവസ്യ ത്വാ സവിതുഃ പ്രസവേ ƒശ്വി നോർബാഹുഭ്യാം പൂഷ്ണോ ഹസ്താഭ്യാം-മധിവപാമി ധാന്യ മസി ധിനുഹി ദേവാൻ

ഈ മന്ത്രം ചൊല്ലി ധാന്യം കല്ലിൽ ഇടുന്നു.

അല്ലയോ ധാന്യമേ ! പർവ്വതിഃ = കല്ല്, ത്വാ പ്രതി-വേത്തു = നിന്നെ ആത്മോപരി നിക്ഷേപിയ്ക്കാൻ അനുവദിയ്ക്കട്ടെ. സവിതുഃ ദേവസ്യ = സർവ്വ പ്രേരകനായ ദേവൻെറ പ്രസവേ = പ്രേരണകൊണ്ടു് അശ്വിനോഃ ബാഹുഭ്യാം = അശ്വിനി ദേവന്മാരുടെ കൈകളാകൊണ്ടും പൂഷ്ണഃ ഹസ്താഭ്യാം = പൂഷാ എന്ന ദേവൻെറ കൈകളാ കൊണ്ടും, അധിവപാമി = ധാന്യം കല്ലിൽ ഇടുന്നു. ധാന്യം അസി = നീ ധാന്യം ആകുന്നു. ദേവാൻ ധിനുഹി = ദേവന്മാരെ പ്രീണിപ്പിയ്ക്കുക.

4. പ്രാണായത്വാ പാനായത്വാ വ്യാനായത്വാ

ഈ മന്ത്രം ചൊല്ലി കല്ലിൽ വെച്ച ധാന്യം അരയ്ക്കുന്നു. പ്രാണായ ത്വാ = പ്രാണനു് വേണ്ടി നിന്നെ അരയ്ക്കുന്നു. അപാനായ ത്വാ = അപാന വായുവിനു് വേണ്ടി നിന്നെ അരയ്ക്കുന്നു. വ്യാനായ ത്വാ = വ്യാനനു്വേണ്ടി നിന്നെ അരയ്ക്കുന്നു.

5 ദീർഘാമനു പ്രസിതി മായുഷേ ധാം.

ഈ മന്ത്രം ചൊല്ലി യജമാനൻ തൻെറ കൈകളെ നോക്കുന്നു.

ദീർഘാം = അവിച്ഛിന്നമായ, പ്രസിതിം അനു = കർമ്മ സമ്പത്തികൊണ്ടു്, ആയുഷെ = ദീർഘായുസ്സു് കിട്ടുന്നതിനു് വേണ്ടി, യുവാം ധാം = നിങ്ങളെ ഞാൻ യോജിപ്പിയ്ക്കുന്നു.

6. ദേവോ വഃ സവിതാ ഹിരണ്യപാണിഃ പ്രതിഗൃഹ്ണാതു
ധാന്യം അരച്ച മാവ് കൃഷ്ണാജിനത്തിൽ വെച്ചിട്ട് ചൊല്ലുന്ന മന്ത്രമാണ് ഇത്.

ഹിരണ്യപാണിഃ = സ്വർണ്ണാഭരണം കയ്യിൽ ധരിച്ച സവിതാ ദേവഃ = സവിതൃ ദേവൻ വഃ പ്രതിഗൃഹ്ണാതു = നിങ്ങളെ സ്വീകരിയ്ക്കട്ടെ.

ഇതി ഷഷ്ഠോ*f* നുവാകഃ

സപ്തമോ *f* നുവാകഃ

ധൃഷ്ടിരസി ബ്രഹ്മയച്ഛാപാഗ്നേ *f* ഗ്നിമാമാദം ജഹി നിഷ്ക്രവ്യാദം സേധാ *ff* ദേവയജം വഹ നിർദഗ്ധം രക്ഷോ നിർദഗ്ധാ അരാതയോ ധ്രുവമസി പൃഥിവീം ദൃംഹാ *ff* യുർദ്ദൃംഹ പ്രജാം ദൃംഹ സ ജാതാനസ്മൈ യജമാനായപര്യൂഹ ധർത്ര മസ്യന്തരിക്ഷം ദൃംഹ പ്രാണം ദൃംഹാപാനം ദൃംഹ സജാതാനസ്മൈ യജമാനായ പര്യൂഹ ധരുണമസിദിവം ദൃംഹ ചക്ഷുർദൃംഹശ്രോത്രം ദൃംഹസജാതാനസ്മൈ യജമാനായ പര്യൂഹ ധർമാസി ദിശോ ദൃംഹ യോനിം ദൃംഹ പ്രജാം ദൃംഹ സ ജാതാനസ്മൈ യജമാനായ പര്യൂഹചിതഃ സ്ഥ പ്രജാമസ്മൈ രയിമസ്മൈ സജാതാനസ്മൈ യജമാനായ പർയൂഹ ഭൃഗൂണാമങ്ഗിരസാം തപസാതപ്യധ്വം യാനിഘർമേ കപാലാന്യുപചിന്വന്തി വേധസഃ പൂഷ്ണസ്താന്യപിവ്രത ഇന്ദ്രവായൂ വിമുഞ്ചതാം 11 (98)

ധൃഷ്ടിഃ അസി ബ്രഹ്മ യച്ഛ അപ അഗ്നേ അഗ്നിം ആമാദം ജഹി നിഃ ക്രവ്യാദം സേധ ആ ദേവയജം വഹ നിർദഗ്ധം രക്ഷഃ നിർദഗ്ധാഃ അരാതയഃ ധ്രുവം അസി പൃഥിവീം ദൃംഹ ആയുഃ ദൃംഹ പ്രജാം ദൃംഹ സ ജാതാൻ അസ്മൈ യജമാനായ പരി ഊഹ ധർത്രം അസി അന്തരീക്ഷം ദൃംഹ പ്രാണം ദൃംഹ അപാനം ദൃംഹ സ ജാതാൻ അസ്മൈ യജമാനായ പരി ഊഹ ധരുണം അസി ദിവം ദൃംഹ ചക്ഷുഃ ദൃംഹ ശ്രോത്രം ദൃംഹ സജാതാൻ അസ്മൈ യജമാനായ പരി ഊഹ ധർമ അസി ദിശഃ ദൃംഹ യോനിം ദൃംഹ

പ്രജാം ദൃംഹ സ ജാതാൻ അസ്മൈ യജമാനായ പരി ഊഹ ചിതഃ സ്ഥ പ്രജാം അസ്മൈ രയിം അസ്മൈ സജാതാൻ അസ്മൈ യജമാനായ പരി ഊഹ ഭൃഗൂണാം അങ്ഗിരസാം തപസാ തപ്യധ്വം യാനി ഘർമേ കപാലാനി ഉപചിന്വന്തി വേധസഃ പൂഷ്ണഃ താനി അപി വ്രതേ ഇന്ദ്രവായൂ വി മുഞ്ചതാം.

1. ധൃഷ്ടിരസി ബ്രഹ്മയച്ഛ

ഉപവേഷം കയ്യിൽ എടുക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇത്. തീക്കനൽ മാററുന്നതിന് പലാശ ശാഖയിൽനിന്ന് ഒരുമുഴം നീളത്തിൽ മുറിച്ചെടുത്തിരിക്കുന്ന കമ്പിന് ഉപവേഷം എന്നു പറയുന്നു.

ധൃഷ്ടിഃ അസി = നീ ധൃഷ്ടി ആകുന്നു (ധൃഷ്ടി = ധൈര്യത്തോടു കൂടിയതു്) ബ്രഹ്മയച്ഛ = ബ്രഹ്മലക്ഷണമായ ഹവിസ്സ് തന്നാലും.

2. അപാഗ്നേ ഽഗ്നിമാമാദം ജഹി

ഗാർഹപത്യാഗ്നിയെ അഭിമന്ത്രണം ചെയ്യുന്ന മന്ത്രമാണ് ഇതു്.

ഹേ അഗ്നേ = അല്ലയോ ഗാർഹപത്യാഗ്നേ! ത്വയി = നിന്നിൽ ഉള്ള, ആമാദം = അപക്വമായ ഹവിസ്സ് ഭക്ഷിച്ച, അഗ്നിം = അഗ്നിയെ, അപജഹി = നശിപ്പിക്കുക.

3. നിഷ്ക്രവ്യാദം സേധ

ഈ മന്ത്രം ചൊല്ലി കനൽ മാററുന്നു.

ക്രവ്യാദം = പാകം ചെയ്യാത്ത ഭക്ഷണം കഴിച്ച അഗ്നിയെ നിഃ സേധ = നിശ്ശേഷം വെളിയിലേക്കു കൊണ്ടു വരിക.

4. ആ ദേവയജം വ ഹ

പുതിയ കനൽ ഇടുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണിതു്.

ദേവയജം = ദേവ യാഗത്തിനുതകുന്ന അഗ്നി, ആ വ ഹ = കൊണ്ടു വരിക.

5. നിർദഗ്ദ്ധം രക്ഷോ നിർദഗ്ദ്ധാ അരാതയഃ

ഈ മന്ത്രം ചൊല്ലി അംഗാരം കപാലത്തിൽ ഇടുന്നു.

രക്ഷഃ നിർദഗ്ദ്ധം = രക്ഷസ്സുകൾ ദഹിച്ചുപോകട്ടെ അരാതയഃ നിർദഗ്ദ്ധാഃ = ശത്രുക്കൾ ദഹിച്ചു പോകട്ടെ.

6. ധ്രുവമസി പൃഥിവീം ദൃംഹായുർദൃംഹ പ്രജാം
ദൃംഹ സജാതാനസ്മൈ യജമാനായ പര്യൂഹ

മദ്ധ്യമ കപാലം കയ്യിൽ എടുക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇതു്.

അല്ലയോ കപാലമേ! ത്വം ധ്രുവം അസി = നീ നിത്യമാകുന്നു, പൃഥിവീം ദൃംഹ = ഭൂമിയെ ദൃഢമാക്കിയാലും, യജമാനസ്യ ആയുഃ ദൃംഹ = യജമാനന്റെ ആയുസ്സ് വർദ്ധിപ്പിയ്ക്കുക. പ്രജാം ദൃംഹ = സന്തതികളെ വർദ്ധിപ്പിയ്ക്കുക. സജാതാൻ = തുല്യരായ ആളുകളെ അസ്മൈ യജമാനായ പര്യൂഹ = ഈ യജമാനന്റെ ചുററും നില്ക്കുന്നവരാക്കുക (സേവകരാക്കുക)

7 ധർത്രമസ്യന്തരിക്ഷം ദൃംഹ പ്രാണം ദൃംഹാപാനം
ദൃംഹ സജാതാനസ്മൈയജമാനായ പര്യൂഹ

ഈ മന്ത്രം ചൊല്ലി കിഴക്കുദിക്കിൽ രണ്ടു കപാലം (ഹോമത്തിനു് ഹവിസ്സ് പാകം ചെയ്യുന്നതിനുള്ള പാത്രം) താഴെ വെയ്ക്കുന്നു.

അല്ലയോ കപാലമേ! ത്വം = നീ, ധർത്രം അസി = ധാരകം ആകുന്നു. (പുരോഡാശം ധരിയ്ക്കുന്നതു്) ത്വം അന്തരീക്ഷം ദൃംഹ = നീ അന്തരീക്ഷത്തെ ധരിക്കുക. പ്രാണം ദൃംഹ = നീ പ്രാണവായുവിനെ ധരിയ്ക്കുക. അപാനം ദൃംഹ = നീ അപാനവായുവിനെ ധരിക്കുക. സജാതാൻ = തുല്യരായ ആളുകളെ, അസ്മൈയജമാനായ പര്യൂഹ = ഈ യജമാനന്റെ ചുററും നിൽക്കുന്നവരാക്കുക.

8. ധരുണമസിദിവം ദൃംഹ ചക്ഷുർദൃംഹ ശ്രോത്രം
ദൃംഹ സ ജാതാന സ്യൈ യജമാനായ പർയ്യൂഹ

ഈ മന്ത്രം ചൊല്ലി വടക്കുവശത്തു ഒരു കപാലം വെയ്ക്കുന്നു. ധരുണം അസി = നീ പുരോഡാശം ധരിയ്ക്കുക. ദിവം ദൃംഹ = ദ്യോവിനെ ധരിയ്ക്കുക. ചക്ഷു: ദൃംഹ = ചക്ഷുസ്സിനെ ധരിയ്ക്കുക. ശ്രോത്രം ദൃംഹ = ശ്രോത്രത്തെ ധരിയ്ക്കുക. സ ജാതാൻ = തുല്യരായ ആളുകളെ, അസ്യൈ യജമാനായ പർയ്യൂഹ = ഈ യജമാനന്റെ ചുററും നില്ക്കുന്നവരാക്കുക.

9. ധർമാ*f*സി ദിശോ ദൃംഹ യോനിം ദൃംഹ പ്രജാം
ദൃംഹ സ ജാതാന സ്യൈ യജമാനായ പർയ്യൂഹ

ഈ മന്ത്രം ചൊല്ലി തെക്കുവശത്തു ഒരു കപാലം വെയ്ക്കുന്നു. ധർമ അസി = നീ ദക്ഷിണ ദിക്കിലുള്ള പുരോഡാശത്തിന്റെ ധാരകം ആകുന്നു. ദിശഃ ദൃംഹ = ദിക്കുകളെ ധരിയ്ക്കുക. യോനിം ദൃംഹ = യോനിയെ ധരിയ്ക്കുക. പ്രജാം ദൃംഹ = പ്രജകളെ ധരിക്കുക. സ ജാതാൻ = തുല്യരായ ആളുകളെ. അസ്യൈ യജമാനായ പർയ്യൂഹ = ഈ യജമാനനു് ചുററും നിൽക്കുന്നവരാക്കുക.

10. ചിതഃ സ്ഥ പ്രജാമസ്യൈ രയി മസ്യൈ
സ ജാതാന സ്യൈ യജമാനായ പർയ്യൂഹ

ഈ മന്ത്രം ചൊല്ലി മററു് കപാലങ്ങൾ എടുത്തു വെയ്ക്കുന്നു ചിതഃ സ്ഥ = നിങ്ങൾ വദ്ധിയ്ക്കുന്നവ ആകുന്നു. അസ്യൈ പ്രജാം പർയ്യൂഹ = ഈ യജമാനനു് ചുററും സന്താനങ്ങൾ നിൽക്കത്തക്കവിധത്തിലാക്കുക. അസ്യൈ രയിം പർയ്യൂഹ = ഈ യജമാനനെ ധനം ചുററിനിൽക്കട്ടെ (യജമാനൻ ധനവാനായിത്തീരട്ടെ)

11. ഭൃഗൂണാമം ഗിരസാം തപസാ തപ്യധ്വം യാനി
ഘർമെ കപാലം നൃപ ചിനവന്തി വേധസഃ
പൂഷ്ണ സ്താന്യപി വ്രത ഇന്ദ്രവായൂ വിമുഞ്ചതാം

കപാലങ്ങളിൽ കനൽ വാരിയിട്ടിട്ട് ചൊല്ലുന്ന മന്ത്രമാണ് ഇതു്.

ഭൃഗൂണാം അംഗിരസാം = പ്രസിദ്ധരായ ഭൃഗുക്കളുടേയും അംഗിരസ്സുകളുടേയും, തപസാ = തപസ്സുകൊണ്ട് തപ്യധ്വം = നിങ്ങൾ തപിച്ചാലും, യാനി കപാലാനി = യാതൊരു കപാലങ്ങൾ, ഘർമ്മേ = തീക്കനലിൽ വേധസഃ ഉപ ചിന്വന്തി = വേധസ്സിനായി വെച്ചിരിക്കുന്നുവോ, താനി = അവ, പഷ്ണഃ = പോഷകനായ അഗ്നിയുടെ, വ്രീത = ഹവിർലക്ഷണമായ പ്രവൃത്തിയിൽ ഇന്ദ്രവായൂ = ഇന്ദ്രനും വായുവും, വി മുഞ്ചതാം = വിമോചനം ചെയ്യട്ടെ.

ഇതി സപ്തമോ ഽനുവാകഃ

അഷ്ടമോ ഽനുവാകഃ

സംവപാമി സമാപോ അദ്ഭിരഗ്മത സമോഷധയോ രസേന സം രേവതീർജ ഗതീഭിർമധുമതീർമധുമതീഭിഃ സൃജ്യധ്വ മദ്ഭ്യഃ പരി പ്രജാതാഃ സ്ഥ സമദ്ഭിഃ പൃച്യധ്വം ജനയത്യൈ ത്വാ സം യൌമ്യഗ്നയെ ത്വാഗ്നീഷോമാഭ്യാം മഖസ്യ ശിരോ ഽസി ഘർമോ ഽസി വിശ്വായുരുരു പ്രഥസ്വോരു തേ യജ്ഞപതിഃ പ്രഥതാം ത്വ ചം ഗൃഹ്ണീഷ്വാന്തരിതം രക്ഷോ ഽന്തരിതാ അരാതയോ ദേവസ്ത്വാ സവിതാ ശ്രപയതു വർഷിഷ്ഠേ അധിനാകേ ഽഗ്നിസ്തേ തനുവം മാ ഽതി ധാഗഗ്നേ ഹവ്യം രക്ഷസ്വ സംബ്രഹ്മണാ പൃച്യസ്വൈകതായ സ്വാഹാ ദ്വിതായ സ്വാഹാ ത്രിതായസ്വാഹാ (72)

സം വപാമി സം ആപഃ അദ്ഭിഃ അഗ്മത സം ഓഷധയഃ രസേന സം രേവതീഃ ജഗതീഭിഃ മധുമതീഃ മധുമതീഭിഃ സൃജ്യധ്വം। അദ്ഭിഃ പരി പ്രജാതാഃ സ്ഥ സം അദ്ഭിഃ പൃച്യധ്വം ജനയത്യൈ ത്വാ സം യൌമി അഗ്നയേ ത്വാ അഗ്നീഷോമാഭ്യാം മഖസ്യ ശിരഃ അസി ഘർമഃ അസി വിശ്വായുഃ ഉരു പ്രഥസ്വ ഉരു തേ യജ്ഞപതിഃ പ്രഥതാം

ത്വചം ഗൃഹ്ണീഷ്വ അന്തരിതം രക്ഷഃ അന്തരിതാഃ അരാതയഃ ദേവഃ ത്വാ സവിതാ ശ്രപയതു വർഷിഷ്ഠേ അധി നാകേ അഗ്നിഃ തേ തനുവം മാ അതി ധാക് അഗ്നേ ഹവ്യം രക്ഷസ്വ സം ബ്രഹ്മണാ പൃച്യസ്വ ഏകതായ സ്വാഹാ ദ്വിതായ സ്വാഹാ ത്രിതായ സ്വാഹാ.

1. സംവപാമി

ഈ മന്ത്രം ചൊല്ലി യാഗത്തിനുള്ള മാവ് കൂട്ടിച്ചേർക്കുന്നു
സംവപാമി = ഞാൻ മാവ് കൂട്ടിച്ചേർക്കുന്നു.

2. സമാപോ ഽദ്ഭിരഗ്മത സമോഷധയോ രസേന സം രേവതീർജഗതീഭിഃ മധുമതീർ മധുമതീഭിഃ സൃജ്യധ്വം

ഈ മന്ത്രം ചൊല്ലി പ്രണീത ജലം അഭിമന്ത്രണം ചെയ്യുന്നു. (ചമസത്തിൽ എടുത്തുവെച്ചിട്ടുള്ള ജലം പ്രണീത) ആപഃ = പ്രണീതാലക്ഷണമായ ജലം. അദ്ഭിഃ = മദന്തിലക്ഷണമായ ജലത്തോടുകൂടി (ചൂട് പിടിപ്പിച്ച വെള്ളം മദന്തി) സംഅഗ്മത = യോജിക്കട്ടെ ഓഷധയഃ = പിഷ്ടലക്ഷണമായ ഔഷധികൾ. അന്നേ നരസേന = ഈ ജലത്തോടുകൂടി, സംഗച്ഛന്താം = യോജിക്കട്ടെ. രേവതീഃ = ധനവതികളായ നിങ്ങൾ (അപ്പുകൾ) ജഗതീഭിഃ = ജംഗമസ്വഭാവമുള്ള വസ്തുക്കളോടുകൂടി, സംസൃജ്യധ്വം = യോജിക്കട്ടെ. മധുമതിഃ = മധുരരസമുള്ള നിങ്ങൾ, മധുമതീഭിഃ = മധുരരസത്തോടുകൂടിയ പദാർത്ഥങ്ങളുമായി. സംസൃജ്യധ്വം = യോജിച്ചാലും.

3. അദ്ഭ്യഃ പരിപ്രജാതാഃ സ്ഥസമദ്ഭിഃ പൃച്യധ്വം.

ഈ മന്ത്രം ചൊല്ലി പുരോഡാശത്തിനുള്ള മാവിൽ വെള്ളം തളിക്കുന്നു

ഔഷധാഷധികളെ നിങ്ങൾ. അദ്ഭ്യഃ പരിപ്രജാതാഃ = ജലത്തിൽനിന്നുണ്ടായവയാണ്. അദ്ഭിഃ സംപൃച്യധ്വം = ഈ ജലത്തോടുകൂടി യോജിച്ചാലും.

4. ജനയത്യൈത്വാ സംയൗമി

ഈ മന്ത്രം ചൊല്ലി മാവു് കൂട്ടിക്കുഴയ്ക്കുന്നു.

ജനയത്യൈ = പ്രജകളുടെ ജനനത്തിനുവേണ്ടി
ത്വാ സംയൗമി = കൂട്ടിച്ചേർക്കുന്നു.

5. അഗ്നയേത്വാ

ഈ മന്ത്രം ചൊല്ലി മാവു് എല്ലാം ഒരു സ്ഥലത്തുവെയ്ക്കുന്നു

അഗ്നയേത്വാ = അഗ്നിയ്ക്കു്വേണ്ടി നിന്നെ യോജിപ്പിക്കുന്നു.

6. അഗ്നിഷോമാഭ്യാം

ഈ മന്ത്രം ചൊല്ലി അഗ്നിയ്ക്കും സോമനും വേണ്ടിയുള്ള മാവു് സ്പർശിയ്ക്കുന്നു.

അഗ്നിഷോമാഭ്യാം ത്വാ അഭിമൃശാമി = അഗ്നിദേവനും സോമദേവനുംവേണ്ടി നിന്നെ സ്പർശിക്കുന്നു.

7 മഖസ്യ ശിരോ*f*സി

ഈ മന്ത്രം ചൊല്ലി മാവു് ഉരുളയാക്കുന്നു.

അല്ലയോ പുരോഡാശമേ നീ, മഖസ്യശിരഃ അസി = യാഗത്തിന്റെ ശിരസ്സ്പോലെ മുഖ്യമായ ഭാഗം ആകുന്നു.

8 ഘർമോ*f*സി വിശ്വായുഃ

ഈ മന്ത്രം ചൊല്ലി പാകം ചെയ്യുന്നതിനു് മാവു് കപാലങ്ങളിൽ ഇടുന്നു.

കപാലവർത്തിയായ പുരോഡാശമേ ത്വം = നീ, ഘർമഃ = ആദിത്യനും, വിശ്വായുഃ = പൂർണ്ണമായ ആയുസ്സ നൽകുന്നവനും ആകുന്നു.

9. ഉരു പ്രഥസ്വാരുതേയജ്ഞപതി: പ്രഥതാം

ഈ മന്ത്രം ചൊല്ലി പാകം ചെയ്ത പുരോഡാശം ഒരു സ്ഥലത്തു പരത്തിവെയ്ക്കുന്നു.

ഹേ പുരോഡാശ ത്വം = അല്ലയോ പുരോഡാശ നീ

ഉരു പ്രഥസ്വ = വർദ്ധിച്ച കീർത്തിയോടുകൂടിയതാകുക

യജ്ഞപതി: പ്രഥതാം = യജമാനൻ ഈ കർമ്മം നിമിത്തം വർദ്ധിച്ച കീർത്തിയുള്ളവനായിത്തീരട്ടെ

10. ത്വചം ഗൃഹ്ണീഷ്വ

ഈ മന്ത്രം ചൊല്ലി പുരോഡാശത്തിന്റെ മുകളിൽ അല്പം വെള്ളം തളിച്ച് അതു് സമനിരപ്പിലാക്കുന്നു.

ഹേ പുരോഡാശ ! ത്വചം ഗൃഹ്ണീഷ്വ = നീ ത്വക്കു് കൊണ്ടു് വളരെ മൃദുവായ ശരീരത്തോടു കൂടിയവനായിത്തീരുക.

11. അന്തരിതം രക്ഷോ ഽന്തരിതാ അരാതയഃ

ഈ മന്ത്രം ചൊല്ലി പര്യഗ്നീകരണം ചെയ്യുന്നു. (ദർഭപ്പുല്ലു് കത്തിച്ചു് പരത്തിയിരിക്കുന്ന പുരോഡാശത്തിനു് ചുറ്റും കാണിക്കുന്നു)

രക്ഷ: അന്തരിതം = രക്ഷസ്സുകൾ മറഞ്ഞുപോകട്ടെ

അരാതയ: അന്തരിതാ: = ശത്രുക്കൾ മറഞ്ഞുപോകട്ടെ.

12 ദേവസ്ത്വാ സവിതാ ശ്രപയതുവർഷിഷ്ഠേ അധി നാകേ ഽഗ്നിസ്തേതനുവം മാ ഽതിധാക്

ഈ മന്ത്രം ചൊല്ലി പുരോഡാശം പാകം ചെയ്യുന്നു

ഹേ പുരോഡാശ ! വർഷിഷ്ഠേ അധിനാകെ = സുഖരൂപമായ സ്വർഗ്ഗത്തിൽ (സ്വർഗ്ഗത്തിനുവേണ്ടി) സവിതാ-ദേവ: = സർവ്വപ്രേരകനായ ദേവൻ, ത്വാ ശ്രപയതു = നിന്നെ പക്വം ആക്കട്ടെ അഗ്നി: = അഗ്നി, തേ തനുവം = നിന്റെ ശരീരം, മാ അതിധാക്. = അധികം ദഹിപ്പിക്കരുതു്.

13. അഗ്നേ ഹവ്യം രക്ഷസ്വ

ഗാർഹപത്യാഗ്നിയെ അഭിമന്ത്രണം ചെയ്തു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

അഗ്ന = അല്ലയോ അഗ്നിദേവ! ഹവ്യം രക്ഷസ്വ = ഹവിസ്സിനെ രക്ഷിച്ചാലും

14. സംബ്രഹ്മണാ പൃചൃസ്വ

ഈ മന്ത്രം ചൊല്ലി പുരോഡാശത്തിന്റെ മുകളിൽ ഭസ്മം വിതറുന്നു

അല്ലയോ പുരോഡാശ നീ, ബ്രഹ്മണാ = ബൃഹത്തായ ഈ ഭസ്മത്തോടു കൂടി, സംപൃചൃസ്വ = യോജിച്ചാലും

15 ഏകതായ സ്വാഹാ ദ്വിതായ സ്വാഹാ ത്രിതായ സ്വാഹാ ഈ മന്ത്രം ചൊല്ലി പുരോഡാശ പാത്രം കഴുകിയ വെള്ളം തായിൽ ഒഴിക്കുന്നു

ഏകതായ സ്വാഹാ = ഏകതന് ആഹുതി സമർപ്പിക്കുന്നു.
ദ്വിതായ സ്വാഹാ = ദ്വിതന് ആഹുതി സമർപ്പിക്കുന്നു.
ത്രിതായ സ്വാഹാ = ത്രിതന് ആഹുതി സമർപ്പിക്കുന്നു.

ഇതി അഷ്ടമോഽനുവാകഃ

നവമോഽനുവാകഃ

ആദദ ഇന്ദ്രസ്യ ബാഹുരസി ദക്ഷിണഃ സഹസ്രഭൃഷ്ടിഃ ശതതേജാ വായുരസി തിഗ്മതേജാഃ പൃഥിവി ദേവയജന്യോഷധ്യാസ്തേ മൂലം മാഹിംസിഷമപഹതോഽരരുഃ പൃഥിവ്യൈ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൌർബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈർയോഽസ്മാൻ ദ്വേഷ്ടി യംച വയം ദ്വിഷ്മസ്തമതോ മാ മൌഗപഹതോഽരരുഃ പൃഥിവ്യൈ ദേവയജന്യൈ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൌർബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈർയോഽസ്മാൻ ദ്വേഷ്ടി യംചവയം ദ്വിഷ്മസ്തമതോ മാ മൌഗ പഹതോഽരരുഃ പൃഥിവ്യാ അദേവയജനോ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൌർബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈർയോഽസ്മാൻ ദ്വേഷ്ടി യംചവയം ദ്വിഷ്മസ്തമതോ മാ മൌഗരരുസ്തേ ദിവം മാസ്കാൻ വസവസ്ത്വാ പരിഗൃഹ്ണന്തു ഗായത്രേണ ഛന്ദസാ രുദ്രാസ്ത്വാ പരിഗൃഹ്ണന്തു ത്രൈഷ്ടുഭേന ഛന്ദസാ ഽഽ

ദിത്യാസ്ത്വാ പരിഗൃഹ്ണന്തു ജാഗതേന ഛന്ദസാ ദേവസ്യ സവിതുഃ സവെ കർമകൃണ്വന്തി വേധസഃ ഋതമസി ഋത- സദനമസ്യൃത ശ്രീരസി ധാ അസി സ്വധാ അസ്യുർവീചാസി വ സ്വീചാസി പുരാ ക്രൂരസ്യ വിസൃപോ വിരപ്ശിന്നുദാ- ദായ പൃഥിവീം ജീരദാനുര്യാമൈരയഞ്ചന്ദ്രമസി സ്വധാ- ഭിസ്താം ധീരാസോ അനുദൃശ്യ യജന്തെ. ll (161)

ആ ദദേ ഇന്ദ്രസ്യ ബാഹുഃ അസി ദക്ഷിണഃ സഹസ്രഭൃഷ്ടിഃ ശത തേജാഃ വായുഃ അസി തിഗ്മ- തേജാഃ പൃഥിവി ദേവ യജനി ഓഷധ്യാഃ തേ മൂലം മാ ഹിംസിഷം അപഹതഃ അരരുഃ പൃഥിവ്യൈ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൗഃ ബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈഃ യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ തം അതഃ മാ മൌക് അപഹതഃ അരരുഃ പൃഥിവ്യൈ ദേവ- യജന്യൈ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൗഃ ബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈഃ യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ തം അതഃ മാ മൌക് അപഹതഃ അരരുഃ പൃഥിവ്യാഃ അദേവ- യജനഃ വ്രജം ഗച്ഛ ഗോസ്ഥാനം വർഷതു തേ ദ്യൗഃ ബധാന ദേവ സവിതഃ പരമസ്യാം പരാവതി ശതേന പാശൈഃ യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ തം അതഃ മാ മൌക് അരരുഃ തേ ദിവം മാ സ്കാൻ വസവഃ ത്വാ പരി ഗൃഹ്ണന്തു ഗായത്രേണ ഛന്ദസാ രുദ്രാഃ ത്വാ പരി ഗൃഹ്ണന്തു ത്രൈഷ്ടു- ഭേന ഛന്ദസാ ആദിത്യാഃ ത്വാ പരി ഗൃഹ്ണന്തു ജാഗതേന ഛന്ദസാ ദേവസ്യ സവിതുഃ സവേ കർമ കൃണ്വന്തി വേധസഃ ഋതം അസി ഋത- സദനം അസി ഋതശ്രീഃ അസി ധാഃ അസി

സ്വധാ അസി ഉർവ്വീ ച അസി വസ്വീ ച അസി പുരാ ക്രൂരസ്യ വിസൃപഃ വിരപ്ശിൻ ഉദാദായ പൃഥിവീം ജീരദാനുഃ യാം ഐരയൻ ചന്ദ്രമസി സ്വധാഭിഃ താം ധീരാസഃ അനുദൃശ്യ യജന്തെ.

1. ആദദേ

ഈ മന്ത്രം ചൊല്ലി സ്ഫ്യം (കത്തി) കയ്യിൽ എടുക്കുന്നു.

ആദദേ = ഞാൻ സ്ഫ്യം എടുക്കുന്നു.

2 ഇന്ദ്രസ്യ ബാഹുരസി ദക്ഷിണഃ സഹസ്രഭൃഷ്ടിഃ ശതതേജാഃ

ഈ മന്ത്രം ചൊല്ലി സ്ഫ്യത്തെ അനുമന്ത്രണം ചെയ്യുന്നു.

ത്വം = നീ, ഇന്ദ്രസ്യ = ഇന്ദ്രൻെറ സഹസ്രഭൃഷ്ടിഃ = ശത്രുക്കളെ പല തരത്തിൽ പിഡിപ്പിക്കുന്നതും, ശതതേജാഃ = നൂറ് ആയുധങ്ങളോടു കൂടിയതുമായ, ദക്ഷിണഃ ബാഹുഃ അസി = വലതു കയ്യാകുന്നു. (ഇന്ദ്രൻെറ കൈകളെപ്പോലെ സാമർത്ഥ്യമുള്ളതാകുന്നു.)

3. വായുരസിതിഗ്മതേജാഃ

ഈ മന്ത്രം ചൊല്ലി സ്ഫ്യം മൂർച്ചയാക്കുന്നു.

ത്വം = നീ, തിഗ്മതേജാഃ = തീക്ഷ്ണമായ പ്രകാശത്തോടുകൂടിയ, വായുഃ അസി = വായുവാകുന്നു

(വായു അഗ്നിയെ വർദ്ധിപ്പിക്കുന്നതു പോലെ സ്ഫ്യം ദർഭ മുറിയ്ക്കാൻ സഹായിക്കുന്നു)

5. പൃഥിവി ദേവയജന്യോഷധ്യാസ്തേമൂലം മാഹിംസിഷം സ്ഫ്യം കൊണ്ടു് ദർഭ മുറിച്ചെടുക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണിതു്

ഹേ ദേവ യജനി പൃഥിവി = ദേവയാഗത്തിനു് ആധാരമായിരിക്കുന്ന അല്ലയോ ഭൂമി! ഓഷധ്യാഃ മൂലം മാഹിംസിഷം = ഓഷധികളുടെ സമൂലച്ഛേദം ചെയ്യുകയില്ല.

6. അപഹതോ *f* രരു: പൃഥിവ്യൈ

ഈ മന്ത്രം ചൊല്ലി പുല്ലോടുകൂടി തറയിലുള്ള പൊടി എടുക്കുന്നു.

അരരു: = അരരു എന്ന പേരുള്ള ശ്രദ്ധചാരിയായ അസുരൻ, പൃഥിവ്യൈ അപഹത: = ഭൂമിയിൽ നിന്നു് മാറിപ്പോകട്ടെ (ഇവിടെ അപാദാനാർത്ഥത്തിൽ ചതുർത്ഥി പ്രയോഗിച്ചിരിയ്ക്കുന്നു)

7. വ്രജംഗച്ഛ ഗോസ്ഥാനം

ഈ മന്ത്രം ചൊല്ലിക്കൊണ്ടു് കയ്യിൽ എടുത്ത പൊടിയും പുല്ലും കളയുന്നു.

ഗോസ്ഥാനം = ഗോക്കൾ വസിയ്ക്കുന്ന, വ്രജം ഗച്ഛ = വ്രജത്തിലേയ്ക്കു് പോവുക

8. വർഷതു തേ ദ്യൗ:

ഈ മന്ത്രം ചൊല്ലി വേദിയെ നോക്കുന്നു.

തേ = നിൻെറ ശാന്തിയ്ക്കു വേണ്ടി, ദ്യൗ: വർഷതു = ദ്യോവിൽ നിന്നു് വർഷം ഉണ്ടാകട്ടെ.

9. ബധാന ദേവസ വിത: പരമസ്യാം പരാവതി
ശതേന പാശൈർയോ *f* സ്മാൻ ദ്വേഷ്ടിയംചവയം
ദ്വിഷ്മ സ്തമതോ മാ മൌ ഗപഹതോ *f* രരു: പൃഥിവ്യൈ
ദേവയജന്യൈ വ്രജംഗച്ഛഗോ സ്ഥാനം വർഷതുതേ

ദ്യൗർ ബധാന ദേവ സവിത: പരാവതി ശതേന പാശൈർയോ *f* സ്മാൻ ദ്വേഷ്ടിയം ച വയം ദ്വിഷ്മസ്ത-മതോ മാ മൌ ഗപഹതോ *f* രരു: പൃഥിവ്യാ അദേവ-യജനോ വ്രജംഗച്ഛ ഗോസ്ഥാനം വർഷതുതേ ദ്യൗർ-ബധാന ദേവസവിത: പരമസ്യാം പരാവതി ശതേന പാശൈർയോ *f* സ്മാൻ ദ്വേഷ്ടിയം ച വയം ദ്വിഷ്മസ്ത-മതോ മാ മൌ ഗരരുസ്തേ ദിവം മാ സ്കാൻ

ഈ മന്ത്രം ചൊല്ലി കയ്യിലെടുത്ത പുല്ലു് ദൂരെയെറിയുന്നു.

യഃ = യാതൊരുത്തനാണോ, അസ്മാൻ ദ്വേഷ്ടി = ഞങ്ങളെ ദ്വേഷിയ്ക്കുന്നത്, യം = യാതൊരുത്തനെയാണോ വയം ദ്വിഷ്മഃ = ഞങ്ങൾ ദ്വേഷിയ്ക്കുന്നത്, തം ച = അവനെയും ഹേ സവിതഃ ദേവ = സർവ്വപ്രേരകനായ അല്ലയോ ദേവ! പരമസ്യാം പരാവതി = വളരെ ദൂരത്തിലാണെങ്കിലും, ശതേന പാശൈഃ = അനേകം കയറുകളാൽ ബധാന = ബന്ധിയ്ക്കുക. ബദ്ധം തം = ബദ്ധനായ അവനെ, മാ മൌക് = മോചിപ്പിയ്ക്കരുത്

(അപഹതോ അരരുഃ ഇത്യാദി പദങ്ങളുടെ അർത്ഥം മുൻപു പറഞ്ഞതുപോലെ.) അദേവയജനഃ = ദേവന്മാരെ ഉദ്ദേശിച്ച് യാഗം നടത്താത്ത, അരരുഃ = അസുരൻ ദിവം മാസ്മാൻ = സ്വർഗ്ഗത്തിലേയ്ക്ക് പോകരുത്.

10. വസവസ്ത്വാ പരിഗൃഹ്ണന്തു ഗായത്രേണ ഛന്ദസാ
രുദ്രാസ്ത്വാ പരിഗൃഹ്ണന്തു ത്രൈഷ്ടുഭേന ഛന്ദസാ*ff*
ദിത്യാസ്ത്വാ പരിഗൃഹ്ണന്തു ജാഗതേന ഛന്ദസാ.
ഈ മന്ത്രം ചൊല്ലി വേദി പരിഗ്രഹിയ്ക്കുന്നു.

വസവഃ = അഷ്ടവസുക്കൾ, ഗായത്രേണ ഛന്ദസാ = ഗായത്രിഎന്ന ഛന്ദസ്സുകൊണ്ട്, ത്വാ പരിഗൃഹ്ണന്തു = നിന്നെ സ്വീകരിയ്ക്കട്ടെ (ദക്ഷിണഭാഗം) രുദ്രാഃ = ഏകാദശ രുദ്രന്മാർ. ത്രൈഷ്ടുഭേന ഛന്ദസാ = ത്രിഷ്ടുപ് എന്ന ഛന്ദസ്സുകൊണ്ട്, ത്വാ = നിന്നെ പരിഗൃഹ്ണന്തു = സ്വീകരിയ്ക്കട്ടെ. (പശ്ചിമഭാഗം) ആദിത്യാഃ = ദ്വാദശാദിത്യന്മാർ, ത്വാ = നിന്നെ, ജാഗതേന ഛന്ദസാ = ജഗതി ഛന്ദസ്സുകൊണ്ട്, പരിഗൃഹ്ണന്തു = സ്വീകരിയ്ക്കട്ടെ. (ഉത്തര ഭാഗം)

11. ദേവസ്യ സവിതുഃ സവേ കർമ കൃണ്വന്തി വേധസഃ
ഈ മന്ത്രം ചൊല്ലി വേദി ഖനനം ചെയ്യുന്നു.
സവിതുഃ ദേവസ്യ സവേ = സർവ്വപ്രേരകനായ ദേവന്റെ യാഗത്തിൽ, വേധസഃ = വിധായകരായ ഋത്വിക്കുകൾ

കർമ കൃണ്വന്തി = കർമങ്ങളെ നടത്തുന്നു. (ഞാൻ സവിതൃദേവന്റെ അനുജ്ഞയോടുകൂടി വേദി ഖനനം ചെയ്യുന്നു എന്നു സാരം)

12 ഋതമസി ഋതസദനമസി ഋത ശ്രീരസി

ഇതും വേദി പരിഗ്രഹിക്കുന്നതിനുള്ള മന്ത്രമാണ്.

അല്ലയോ വേദി നീ. ഋതം അസി = സത്യമാകുന്നു. ഋതസദനം അസി = സത്യത്തിന്റെ ഗൃഹമാകുന്നു. ഋതശ്രീഃ അസി = സത്യത്തിന്റെ ആശ്രയം ആകുന്നു.

13. ധാ അസി സ്വധാ സ്യുർവീചാസി വ സ്വീചാസി
പുരാ ക്രൂരസ്യ വിസൃപോ വിരപ്ശി നുദാദായ
പൃഥിവീം ജീരദാനുർയാമൈരയച്ചന്ദ്രമസി
സ്വധാഭിസ്താം ധീരാസോ അനുദൃശ്യ യജന്തെ

ഈ മന്ത്രം ചൊല്ലി വേദി നിരപ്പാക്കുന്നു.

ത്വം ധാ അസി = നീ ഹവിസ്സുകളുടെ ആധാരമാകുന്നു. ത്വം സ്വധാ അസി = നീ സ്വധയാകുന്നു. ത്വം ഉർവീച അസി = നീ മഹത്തും ആകുന്നു. ത്വം വസ്വീച അസി = നീ വാസ യോഗ്യയും ആകുന്നു, ക്രൂരസ്യ = അരരു എന്ന പേരിനാൽ അറിയപ്പെടുന്ന ക്രൂരനായ രാക്ഷസന്റെ, വിസൃപഃ പുരാ = വിസർപ്പണത്തിനു മുൻപ് തന്നെ, പൃഥിവീം = പ്രഥിതയും, ജീരദാനുഃ = ബുദ്ധിയുടെ ദാത്രിയുമായ നിന്നെ, ദാനവഃ = ദാതാക്കളായ ഞങ്ങൾ (യജമാനന്മാർ) സ്വധാഭിഃ = ഓഷധിവികാരങ്ങളായ അന്നത്തോടുകൂടി, ഉദാദായ = ഉത്-ക്ഷേപണം ചെയ്തിട്ട്, ചന്ദ്രമസി = ചന്ദ്രനിൽ ഐരയൻ = സ്ഥാപിച്ചിരിക്കുന്നു. ഹേ വിരപ്ശിൻ = അല്ലയോ വേദി, ത്വം അനുദൃശ്യ = നിന്നെ നല്ലപോലെ മനസ്സിലാക്കിയിട്ട്, ധീരാസഃ = പ്രജ്ഞാവത്തുക്കളായ ആളുകൾ യജന്തെ = യാഗം ചെയ്യുന്നു.

ഇതി നവമോ ƒനുവാകഃ

ദശമോ ƒനുവാകഃ

പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയോ ƒ ഗ്നേവ് സ്തേജിഷ്ഠേന തേജസാ നിഷ്ടപാമി ഗോഷ്ഠം മാന ിർമൃക്ഷം വാജിനം ത്വാ സപത്ന സാഹം സംമാർജ്മി വാചം പ്രാണം ചക്ഷുഃ ശ്രോത്രം പ്രജാം യോനിം മാനിർമൃക്ഷം വാജിനീം ത്വാ സപത്ന സാഹീം സംമാർജ്മ്യാശാ സാനാ സൌമനസം പ്രജാം സൌഭാഗ്യം തന്വം അഗ്നേരനുവ്രതാഭൂത്വാ സംനഹ്യെസുകൃതായകം സുപ്രജസസ്ത്വാവയം സുപത്നീരുപ സേദിമ അഗ്നേസപത്ന ദംഭന മദബ്ധാസോ അദാഭ്യം ഇമം വിഷ്യാമി വരുണസ്യ പാശ യമബധ്നീത സവിതാ സുകേതഃ. ധാതുശ്ചയോനൌ സുകൃതസ്യ ലോകേ സ്യോനം മേ സഹ പത്യാ കരോമി. സമായുഷാ സം പ്രജയാ സമഗ്നേ വർചസാ പുനഃ. സംപത്നീ പത്യാഹം ഗച്ഛേ സമാത്മാതനുവാ മമ. മഹീനാം പയോസ്യോഷധീനാം രസസ്തസ്യ തേ ƒ ക്ഷീയമാണസ്യ നിർവപാമി മഹീനാം പയോസ്യോഷധീനാം രസോ ƒ ദബ്ധേന ത്വാ ചക്ഷുഷാ ƒ വേക്ഷേ സുപ്രജാസ്ത്വായ തേജോ ƒ സി തേജോ ƒ നു പ്രേഹ്യഗ്നിസ്തേ തേജോ മാ വിനൈദഗ്നേർജിഹ്വാസി സുഭൂർദേവാനാം ധാമ്നേധാമ്നേ ദേവേഭ്യോ യജുഷേ യജുഷേ ഭവ ശുക്രമസി ജ്യോതി രസി തേജോ ƒ സി ദേവോ വഃ സവിതോത്പുനാത്വച്ഛിദ്രേണ പവിത്രേണ വസോഃ സൂര്യസ്യ രശ്മിഭിഃ ശുക്രം ത്വാ ശുക്രായാം ധാമ്നേ ധാമ്നേ ദേവേഭ്യോ യജുഷേ യജുഷെ ഗൃഹ്ണാമി ജ്യോതിസ്ത്വാ ജ്യോതിഷ്യർചി സ്ത്വാ ƒ ർചിഷി ധാമ്നേധാമ്നേ ദേവേഭ്യോ യജുഷെ യജുഷെ ഗൃഹ്ണാമി. 1' (166)

പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാഃ അരാതയഃ അഗ്നേഃ വഃ തേജിഷ്ഠേന തേജസാ നിഃ തപാമി ഗോഷ്ഠം മാ നിഃ മൃക്ഷം വാജിനം ത്വാ സപത്നസാഹം സം മാർജ്മി വാചം പ്രാണം ചക്ഷുഃ ശ്രോത്രം പ്രജാം യോനിം മാ നിഃ മൃക്ഷം വാജിനീം ത്വാ സപത്നസാഹീം സം മാർജ്മി ആശാസാനാ സൌമനസം പ്രജാം സൌഭാഗ്യം

തന്തും അഗ്നേഃ അനുവ്രതാ ഭൂത്വാ സം നഹ്യേ സുകൃതായ കം സുപ്രജസഃ ത്വാം വയം സുപത്നീഃ ഉപ സേദിമ അഗ്നേ സപത്നദംഭനം അദബ്ധാസഃ അദാഭ്യം ഇമം വി സ്യാമി വരുണസ്യ പാശം യം അബധ്നീത സവിതാ സുകേതഃ ധാതുഃ ച യോനൌ സുകൃതസ്യ ലോകെ സ്യോനം മേ സഹ പത്യാ കരോമി സം ആയുഷാ സം പ്രജയാ സം അഗ്നേ വർചസ പുനഃ സം പത്നീ പത്യാ അഹം ഗച്ഛേ സം ആത്മാ തനുവാ മമ മഹീനാം പയഃ അസി ഓഷധീനാം രസഃ തസ്യ തേ അക്ഷിയമാണസ്യ നിർവപാമി മഹീനാം പയഃ അസി ഓഷധീനാം രസഃ അദബ്ധേന ത്വാ ചക്ഷുഷാ അവ ഈക്ഷേ സുപ്രജാസ്ത്വായ തേജഃ അസി തേജഃ അനു പ്ര ഇഹി അഗ്നിഃ തേ തേജഃ മാ വിനൈത് അഗ്നേഃ ജിഹ്വാ അസി സുഭൂഃ ദേവാനാം ധാമ്നേധാമ്നേ ദേവേഭ്യഃ യജുഷേയജുഷേ ശുക്രം അസി ജ്യോതിഃ അസി തേജഃ അസി ദേവഃ വഃ സവിതാ ഉത് പുനാതു അച്ഛിദ്രേണ പവിത്രേണ വസോഃ സൂര്യസ്യ രശ്മിഭിഃ ശുക്രം ത്വാം ശുക്രായാം ധാമ്നേധാമ്നേ ദേവേഭ്യഃ യജുഷേയജുഷേ ഗൃഹ്ണാമി ജ്യോതിഷി അർചിഃ ത്വാ അർചിഷി ധാമ്നേധാമ്നേ ദേവേഭ്യഃ യജുഷേ യജുഷേ ഗൃഹ്ണാമി.

1. പ്രത്യുഷ്ടം രക്ഷഃ പ്രത്യുഷ്ടാ അരാതയോഗ്നേവ്ര്‌സ്തേ ജിഷ്ഠേന തേജസാ നിഷ്ടപാമി.

ഈ മന്ത്രം ചൊല്ലി ഗാർഹപത്യാഗ്നിയിൽ സ്രുവാദികളെ ചൂടു പിടിപ്പിയ്ക്കുന്നു.

രക്ഷഃ പ്രത്യുഷ്ടം = രക്ഷസ്സുകരം ദഹിച്ചുപോകട്ടെ–
അരാതയഃ പ്രത്യുഷ്ടാഃ = ശത്രുക്കരം ദഹിച്ചുപോകട്ടെ
തേ ജിഷ്ഠേന = വലിയ തേജസ്സോടുകൂടിയ അഗ്നേഃ

തേജസാ = അഗ്നിയുടെ തേജസ്സുകൊണ്ടു്, വഃ = നിങ്ങളെ നിഷ്ടപാമി = ദോഷങ്ങ‌ൾ ഇല്ലാതാക്കത്തക്കവിധം ചൂട പിടിപ്പിയ്ക്കുന്നു.

2. ഗോഷ്ഠം മാനിർമ്മക്ഷം വാജിനം ത്വാ സപത്ന
സാഹം സം മാർജ്മി.

ഈ മന്ത്രം ചൊല്ലി ചൂട പിടിച്ചിച്ച സ്രു,വാദി തുടയ്ക്കുന്നു. ഗോഷ്ഠം = ഗോക്കളുടെ സ്ഥാനം, മാന് ർമ്മക്ഷം = ഞാൻ നശിപ്പിയ്ക്കാതിരിയ്ക്കട്ടെ. വാജിനം = അന്നത്തോടുകൂടിയതും, സപത്നസാഹം = ശത്രുക്കളെ തോൽപ്പിയ്ക്കുന്നതും ആയ, ത്വാം സംമാർജ്മി = നിന്നെ ഞാൻ തുടച്ച് വൃത്തിയാക്കുന്നു.

3. വാചം പ്രാണം ചക്ഷുഃ ശ്രോത്രം പ്രജാം യോനിം
മാനീർമ്മക്ഷം വാജീനീം ത്വാ സപത്നസാഹീം
സംമാർജ്മി.

ഈ മന്ത്രം ചൊല്ലി ജുഹു മുതലായ യാഗോപകരണം തുടച്ച് വൃത്തിയാക്കുന്നു.
വാചം = വാക്കിനേയും, പ്രാണം = പ്രാണനേയും ചക്ഷുഃ = കണ്ണിനേയും, പ്രജാം = സന്താനത്തേയും യോനിം = യോനിയേയും. മാനിർമ്മക്ഷം = ഞാൻ നശിപ്പിയ്ക്കാതിരിയ്ക്കട്ടെ. വാജിനീം = അന്നത്തോടുകൂടിയതും, സപത്നസാഹീം = ശത്രുക്കളെ തോൽപിയ്ക്കുന്നതും ആയ. ത്വാം = നിന്നെ, സം മാർജ്മി = ഞാൻ തുടച്ച വൃത്തിയാക്കുന്നു. (ഓരോ ഉപകരണം തുടയ്ക്കുമ്പോഴും ഈ മന്ത്രം ആവത്തിച്ച ചൊല്ലണം)

4. ആശാസാനാ സൌമനസം പ്രജാം
സൌഭാഗ്യം തന്വം അഗ്നേരനുവ്രതാഭൂത്വാ
സംനഹ്യേ സുകൃതായ കം

ഈ മന്ത്രം ചൊല്ലി യജമാനൻെറ പത്നിയെ ഗാർഹപത്യാഗ്നിയുടെ തെക്കവശത്തു് ഇരുത്തി ദർഭക്കയറ്കൊണ്ടു കെട്ടുന്നു.

സൌമനസം = ശോഭനമായ മനസ്സും, പ്രജാം = പുത്രാദികളേയും, സൌഭാഗ്യം = സൌഭാഗ്യത്തേയും, തന്വം = അവിനാശിയായ ശരീരത്തേയും, ആശാസാനാ = ആഗ്രഹിയ്ക്കുന്ന ഞാൻ, അഗ്നേഃ = അഗ്നി ദേവതയുടെ, അനുവ്രതാ = പരിചരണാദികളായ വ്രതങ്ങൾ അനുഷ്ഠിക്കുന്നവളായി, സുകൃതായ കർമണേ = ശോഭനമായ കർമ്മത്തിനു് വേണ്ടി, കം = സുഖം ഉണ്ടാകത്തക്കവിധത്തിൽ, സംനഹ്യേ = നല്ലപോലെ ബന്ധനം ചെയ്യുന്നു.

5. സ്വപ്രജസസ്ത്വാവയഗ്ഗ്ം സുപത്നീരുപ സേദിമ.
അഗ്നേ സപത്നദംഭനമദബ്ധാസോ അദാഭ്യം.

ഈ മന്ത്രം ചൊല്ലി യജമാനൻ ഗാർഹപത്യാഗ്നിയുടെ സമീപത്തിൽ ഇരിയ്ക്കുന്നു.

ഹേ അഗ്നേ = അല്ലയോ അഗ്നേ! സുപ്രജസഃ = ശോഭനമായ സന്താനങ്ങളോടു് കൂടിയവരും, അദബ്ധാസഃ = മററുള്ളവരാൽ പീഡിതരാകാത്തവരുമായ, ഞങ്ങൾ, സപത്നദംഭനം = ശത്രുക്കളുടെ വിനാശത്തിനു്, കാരണവും അദാഭ്യം = മററുള്ളവരാൽ ജയിയ്ക്കപ്പെടാത്തവനും ആയ, ത്വാം ഉപസേദിമ = അങ്ങയുടെ അടുക്കൽ ഇരിയ്ക്കുന്നു.

6. ഇമം വിഷ്യാമി വരുണസ്യ പാശം യമബധ്നീത
സവിതാ സുകേതഃ ധാതുശ്ചയോനൌ സുകൃതസ്യ
ലോകേ സ്യോനം മേ സഹ പത്യാ കരോമി

ഈ മന്ത്രം ചൊല്ലി, യജമാനൻെറ പത്നിയെ കെട്ടിയിരുന്ന കയറ് അഴിയ്ക്കുന്നു.

സുകേതഃ = നല്ല അറിവുള്ള, സവിതാ = സർവ്വപ്രേരകനായ ദേവൻ, യം അബധ്നീത = യാതൊരുത്തനെയാണോ കെട്ടിയതു്, തം = അപ്രകാരമുള്ള, വരുണസ്യ പാശം = വരുണ പാശരൂപമായിരിയ്ക്കുന്ന (വസ്ത്രത്തിൻെറ മുകളിൽ കെട്ടിയിരിയ്ക്കുന്ന) യോക്ത്രം = ഈ കയറിനെ, വിഷ്യാമി = ഞാൻ അഴിയ്ക്കുന്നു. ധാതുഃ യോനൌ = പ്രജാപതിയുടെ സ്ഥാനത്തിൽ, സുകൃതസ്യലോകേ = ശോഭനമായ കർമ്മം അനുഷ്ഠിച്ചവർക്കുള്ള ലോകത്തിൽ,

പത്യാ സഹ = ഭർത്താവിനോട് കൂടി, മേ = എനിയ്ക്ക് സ്യോനം കരോമി = സുഖം ഉണ്ടാക്കുന്നു.

7. സമായുഷാസം പ്രജയാസമഗ്നേ വർചസാ പുനഃ
സംപത്നീ പത്യാഹം ഗച്ഛേ സമാത്മാതനുവാ മമ

ഈ മന്ത്രം ചൊല്ലി യജമാനന്റെ പത്നി ഗാർഹപത്യാഗ്നിയെ സ്തുതിക്കുന്നു

ഹേ അഗ്നേ = അല്ലയോ അഗ്നേ! അഹം = ഞാൻ, ആയുഷാ സംഗച്ഛേ = ആയുസ്സോടുകൂടിയവളായിത്തീരട്ടെ. പ്രജയാ = സന്താനത്തോടും, വർചസാ = ബലത്തോടും, സംഗച്ഛേ = കൂടിയവളായിത്തീരട്ടെ. പുനഃ = വീണ്ടും, പത്യാ സഹ സംഗച്ഛേ = ഭർത്താവുമായി യോജിച്ചിരിയ്ക്കട്ടെ. മമ ആത്മാ = എന്റെ ആത്മാവ്, തനുവാ = അവികലേന്ദ്രിയമായ ശരീരത്തോടുകൂടി, സംഗച്ഛതാം = യോജിയ്ക്കട്ടെ.

8. മഹീനാം പയോ സ്യോഷധീനാം രസസ്തസ്യ
തേഽക്ഷിയമാണസ്യ നിർവപാമി.

ഈ മന്ത്രം ചൊല്ലി ഹോമത്തിനുള്ള നെയ്യ് ഒരു പാത്രത്തിൽ ഒഴിയ്ക്കുന്നു.

ഹേ ആജ്യ = അല്ലയോ ആജ്യമേ (ആജ്യം = നെയ്യ്) ത്വം = നീ! മഹീനാം പയഃ അസി = പശുക്കളുടെ പാൽ ആകുന്നു. ഓഷധീനാം രസഃ അസി = ഓഷധികളുടെ രസം ആകുന്നു. തസ്യതേ = അപ്രകാരമിരിയ്ക്കുന്ന നിനക്ക്, അക്ഷിയമാണസ്യ = കുറവ് വരാതിരിയ്ക്കുന്നതിനുവേണ്ടി, നിർവപാമി = ഒഴിയ്ക്കുന്നു (നെയ്യ് വെച്ചിരുന്ന പാത്രത്തിൽനിന്ന് ഹോമത്തിനുള്ളത് പ്രത്യേകം എടുക്കുന്നു.)

9. മഹീനാം പയോസ്യോഷധീനാം രസോഽദബ്ധേന
ത്വാ ചക്ഷുഷാ വേക്ഷേ സുപ്രജാസ്ത്വായ.

ഈ മന്ത്രം ചൊല്ലി യജമാനന്റെ പത്നി ആജ്യം നോക്കുന്നു.

മഹീനാം പയഃ അസി = അല്ലയോ ആജ്യമേ നീ പശുക്കളുടെ പാൽ ആകുന്നു. ഓഷധീനാം രസഃ അസി = ഓഷധികളുടെ രസം ആകുന്നു. അദബ്ധേന = തിമിരാദി ദോഷം ഇല്ലാത്ത, ചക്ഷുഷാ = കണ്ണുകൊണ്ടു്, ത്വാ = നിന്നെ, അവേക്ഷേ = ഞാൻ നോക്കുന്നു.

10. തേജോ ƒ സി

ഈ മന്ത്രം ചൊല്ലി നെയ്യ് പാത്രം അഗ്നിയിൽ വെയ്ക്കുന്നു.

അല്ലയോ ആജ്യമേ തേജഃ അസി = നീ തേജസ്സാകുന്നു.

11. തേജോ ƒ നുപ്രേഹി

ഈ മന്ത്രം ചൊല്ലി നെയ്യ് പാത്രം അഗ്നിയിൽ നിന്നെടുക്കുന്നു.

അല്ലയോ ആജ്യമേ! തേജഃ അനു പ്രേഹി = നീ തേജസ്സിലേയ്ക്കു് മടങ്ങിപ്പോവുക.

12. അഗ്നിസ്തേ തേജോ മാ വിനൈദഗ്നേർജിഹ്വാസി സുഭ്രൂർദേവാനാം ധാമ്നേ ധാമ്നേ ദേവേഭ്യോ യജുഷേ യജുഷേ.

ഈ മന്ത്രം ചൊല്ലി തീയിൽ നിന്നെടുത്തു വെച്ചിരിക്കുന്ന നെയ്യ് പാത്രം നോക്കുന്നു

അല്ലയോ ആജ്യമേ! തേ തേജഃ = നിന്റെ തേജസ്സിനെ അഗ്നിഃ മാ വിനൈത് = അഗ്നി നശിപ്പിക്കരുതു്. ത്വം അഗ്നേഃ ജിഹ്വാ അസി = നീ അഗ്നിയുടെ നാക്കാകുന്നു. സുഭ്രൂഃ ത്വം = സർവ്വോത്കർഷേണ ഉണ്ടായ നീ, ദേവേഭ്യഃ ധാമ്നെ ധാമ്നെ = ഓരോ ദേവനും ധരിക്കാൻ പര്യാപ്തമായ വിധത്തിലും, യജുഷേ യജുഷേ = എല്ലാ മന്ത്രത്തിനും പര്യാപ്തമാകത്തക്കവിധത്തിലും, ഭവ = ആയിത്തീരുക.

13. ശുക്രമസി ജ്യോതിരസി തേജോ ƒ സി

ഈ മന്ത്രം ചൊല്ലി ആജ്യത്തെ വീണ്ടും പരിശുദ്ധമാക്കുന്നു.

ത്വം ശുക്രം അസി = നീ പരിശുദ്ധം ആകുന്നു. ത്വം ജ്യോതിഃ അസി = നീ തേജസ്സാകുന്നു.

14. ദേവോവഃ സവിതോ ത്പുനാത്വ ച്ഛിദ്രേണ
പവിത്രേണ വസോഃ സൂര്യ്യസ്യ രശ്മിഭിഃ

ഈ മന്ത്രം ചൊല്ലി പ്രോക്ഷണീ പാത്രങ്ങളെ പരിശുദ്ധമാക്കുന്നു.

ദേവഃ സവിതാ = സവിതൃദേവൻ, വഃ = നിങ്ങളെ അച്ഛിദ്രേണ = അവിച്ഛിന്നമായിരിക്കുന്നതും പവിത്രേണ = പാവനവുമായ വസോഃ = ജഗത്തിന് വാസഹേതുവായ, സൂര്യ്യസ്യ രശ്മിഭിഃ = സൂര്യന്റെ രശ്മികളാൽ ഉത്പുനാതു = പരിശുദ്ധമാക്കട്ടെ.

15. ശുക്രം ത്വാം ശുക്രായാം ധാമ്നേ ധാമ്നേ
ദേവേഭ്യോ യജുഷേ യജുഷേ ഗൃഹ്ണാമി

ഈ മന്ത്രം ചൊല്ലി ജുഹൂവിൽ (ഹോമത്തിന് പാത്രത്തിൽനിന്നു നെയ്യ് എടുക്കുന്നതിനു തവിപോലുള്ള ഒരു ഉപകരണം) നെയ്യ് എടുക്കുന്നു

ശുക്രം ത്വാം = ശുദ്ധമായ നിന്നെ, ശുക്രായാം = ശുദ്ധമായ ജുഹൂവിൽ, ദേവേഭ്യഃ = ദേവന്മാക്ക് ധാമ്നേ ധാമ്നേ = എല്ലാവരുടെയും ധാരണത്തിന് മതിയാകത്തക്കവിധത്തിലും, യജുഷേ യജുഷേ = ഓരോ മന്ത്രത്തിനും മതിയാകത്തക്ക വിധത്തിലും, ഗൃഹ്ണാമി = ഞാൻ എടുക്കുന്നു.

16. ജ്യോതിഷ്യർചിസ്ത്വാ അർചിഷി ധാമ്നേ ധാമ്നേ
ദേവേഭ്യോ യജുഷേ യജുഷേ ഗൃഹ്ണാമി.

ഈ മന്ത്രം ചൊല്ലി ഉപഭൃത്തിൽ ആജ്യം എടുക്കുന്നു.

ജ്യോതിഃ ത്വാം = പ്രകാശരൂപമായ നിന്നെ, ദേവേഭ്യഃ = ദേവന്മാക്ക് ധാമ്നേ ധാമ്നേ = എല്ലാവരുടെയും ധാരണത്തിനു വേണ്ടി ഗൃഹ്ണാമി = ഞാൻ ഉപഭൃത്തിൽ എടുക്കുന്നു.

ഇതി ദശമോ.ƒനുവാകഃ

ഏകാദശോ ഽനുവാകഃ

കൃഷ്ണോ ഽസ്യാഖരേഷ്ഠോ ഽഗ്നയേ ത്വാ സ്വാഹാ വേദി-
രസി ബർഹിഷേ ത്വാ സ്വാഹാ ബർഹിരസി സ്രുഗ്ംഭ്യസ്ത്വാ
സ്വാഹാ ദിവേ ത്വാന്തരിക്ഷായത്വാ പൃഥിവ്യൈ ത്വാ സ്വധാ
പിതൃഭ്യ ഊർഗ്ംഭവ ബർഹിഷദ്ഭ്യ ഊർജാ പൃഥിവീം ഗച്ഛത
വിഷ്ണോ സ്തൂപോ സ്യൂർണാമ്രദസം ത്വാ സ്തൃണാമി സ്വാ-
സസ്ഥം ദേവേഭ്യോ ഗന്ധർവോ ഽസി വിശ്വാവസുർവിശ്വ-
സ്മാദീഷതോ യജമാനസ്യ പരിധിരിഡ ഈഡിത ഇന്ദ്രസ്യ
ബാഹുരസി ദക്ഷിണോ യജമാനസ്യ പരിധിരിഡ ഈഡി-
തോ മിത്രാവരുണൌ ത്വോത്തരതഃ പരിധത്താം ധ്രുവേണ
ധർമണാ യജമാനസ്യ പരിധിരിഡ ഈഡിതഃ സൂര്യസ്ത്വാ
പുരസ്താത്പാതു കസ്യാശ്ചിദഭിശസ്ത്യാ വീതിഹോത്രം ത്വാ
കവേ ദ്യുമന്തം സമിധീമഹ്യഗ്നേ ബൃഹന്തമധ്വരേ വിശോ
യന്ത്രേസ്ഥോ വസൂനാം രുദ്രാണാമാദിത്യാനാം സദസി സീദ
ജുഹൂരുപഭൃദ്ധ്രുവാ ഽസി ഘൃതാചീ നാമ്നാ പ്രിയേണ നാമ്നാ
പ്രിയേ സദസി സീദൈതാ അസദൻ സുകൃതസ്യലോകേ
താവിഷ്ണോ പാഹി പാഹി യജ്ഞം പാഹി യജ്ഞപതിം
പാഹിമാം യജ്ഞനിയം 11 (115)

കൃഷ്ണഃ അസി ആഖരേഷ്ഠഃ അഗ്നയേ ത്വാ
സ്വാഹാ വേദിഃ അസി ബർഹിഷേ ത്വാ സ്വാഹാ
ബർഹിഃ അസി സ്രുഗ്ംഭ്യഃ ത്വാ സ്വാഹാ ദിവേ
ത്വാ അന്തരിക്ഷായ ത്വാ പൃഥിവ്യൈ ത്വാ
സ്വധാ പിതൃഭ്യഃ ഊർക് ഭവ ബർഹിഷദ്ഭ്യഃ
ഊർക് ഭവ ഊർജാ പൃഥിവീം ഗച്ഛത വിഷ്ണോഃ
സ്തൂപഃ അസി ഊർണാമ്രദസം ത്വാ സ്തൃണാമി
സ്വാസസ്ഥം ദേവേഭ്യഃ ഗന്ധർവഃ അസി വിശ്വാ-
വസുഃ വിശ്വസ്മാത് ഈഷതഃ യജമാനസ്യ
പരിധിഃ ഇഡഃ ഈഡിതഃ ഇന്ദ്രസ്യ ബാഹുഃ
അസി ദക്ഷിണഃ യജമാനസ്യ പരിധിഃ ഇഡഃ
ഈഡിതഃ മിത്രാവരുണൌ ത്വാ ഉത്തരതഃ പരി

ധത്താം ധ്രുവേണ ധർമണാ യജമാനസ്യ പരിധിഃ ഇഡഃ ഈഡിതഃ സൂർയഃ ത്വാ പുരസ്താത് പാതു കസ്യാഃ ചിത് അഭിശസ്ത്യാ വീതിഹോത്രം ത്വാ കവേ ദ്യുമന്തം സം ഇധീമഹി അഗ്നേ ബൃഹന്തം അധ്വരേ വിശഃ യന്ത്രേ സ്ഥഃ വസൂനാം രുദ്രാണാം ആദിത്യാനാം സദസി സീദ ജുഹുഃ ഉപഭൃത് ധ്രുവാ അസി ഘൃതാചീ നാമ്നാ പ്രിയേണ നാമ്നാ പ്രിയേ സദസി സീദ ഏതാഃ അസദൻ സുകൃതസ്യ ലോകേ താഃ വിഷ്ണോ പാഹി പാഹി യജ്ഞം പാഹി യജ്ഞപതിം പാഹി മാം യജ്ഞനിയം.

1. കൃഷ്ണോ *f* സ്യാഖരേഷ്ഠോ *f* ഗ്നയേ ത്വാ സ്വാഹാ

ഈ മന്ത്രം ചൊല്ലി തീ കത്തിയ്ക്കാനുള്ള വിറകിൽ പ്രോക്ഷിയ്ക്കുന്നു.

ത്വം = നീ, ആ ഖരേഷ്ഠഃ = വൃക്ഷത്തിന്റെ ചുവട്ടിൽ നിൽക്കുന്ന, കൃഷ്ണഃ അസി = കൃഷ്ണമൃഗം ആകുന്നു. ത്വാ = ഇപ്രകാരമുള്ള നിന്നെ, അഗ്നയേ = അഗ്നിയ്ക്കുവേണ്ടി പ്രോക്ഷാമി = ഞാൻ പ്രോക്ഷിയ്ക്കുന്നു. സ്വാഹാ = ഞാൻ ഈ ഇധ്മത്തെ ദേവതോദ്ദേശകമായി അഗ്നിയിൽ സമർപ്പിയ്ക്കുന്നു.

2. വേദിരസി ബർഹിഷേ ത്വാ സ്വാഹാ

ഈ മന്ത്രം ചൊല്ലി വേദിയെ പ്രോക്ഷിയ്ക്കുന്നു.

ത്വം വേദിഃ അസി = നീ വേദിയാകുന്നു (ഹവിസ്സുകളുടെ ആധാരമാകുന്നു) ത്വാ = അപ്രകാരമുള്ള നിന്നെ, ബർഹിഷേ = യാഗത്തിനുള്ള വിറക് വെയ്ക്കുന്നതിന് വേണ്ടി, പ്രോക്ഷേ = ഞാൻ പ്രോക്ഷിയ്ക്കുന്നു സ്വാഹാ = ദേവതോദ്ദേശമായി സമർപ്പിയ്ക്കുന്നു.

3 ബർഹിരസി സ്രുഗ്ഭ്യസ്ത്വാ സ്വാഹാ

ഈ മന്ത്രം ചൊല്ലി ദർഭയിൽ പ്രോക്ഷിക്കുന്നു.

ബർഹിഃ അസി = നീ യാഗത്തിനു പര്യാപ്തമായ ദർഭപ്പുല്ലാകുന്നു. സ്രുഗ്ഭ്യഃ = സ്രുക്കുകളുടെ ധാരണത്തിനു് വേണ്ടി, ത്വാംപ്രോക്ഷേ = നിന്നെ പ്രോക്ഷിയ്ക്കുന്നു.

4. ദിവേത്വാന്തരിക്ഷായത്വാ പൃഥിവ്യൈത്വാ

ഈ മന്ത്രം ചൊല്ലി വേദിയിൽ ദർഭപ്പുല്ലു് എടുത്തുവെച്ച് വീണ്ടും പ്രോക്ഷിയ്ക്കുന്നു.

ദിവേ ത്വാ പ്രോക്ഷാമി = ദ്യോവിനു് വേണ്ടി നിന്നെ പ്രോക്ഷിയ്ക്കുന്നു. അന്തരിക്ഷായത്വാ പ്രോക്ഷാമി = അന്തരിക്ഷത്തിനു് വേണ്ടി നിന്നെ പ്രോക്ഷിയ്ക്കുന്നു. പൃഥിവ്യൈത്വാ = ഭൂമിയ്ക്കു് വേണ്ടി നിന്നെ പ്രോക്ഷിയ്ക്കുന്നു.

5. സ്വധാ പിതൃഭ്യ ഊർഗ്ഭവ / ബർഹിഷദ്ഭ്യ ഊർഗ്ഭവ ഊർജാ പൃഥിവീം ഗച്ഛത.

ഈ മന്ത്രം ചൊല്ലി പ്രോക്ഷണ പാത്രത്തിൽ ശേഷിച്ച ജലം വേദിയുടെ തെക്കുവശത്തു് ഒഴിയ്ക്കുന്നു.

ബർഹിഷദ്ഭ്യഃ = ബർഹിസ്സിൽ വന്നിരിയ്ക്കുന്ന, പിതൃഭ്യഃ = പിതൃക്കൾക്കായി നൽകപ്പെടുന്ന, സ്വധാ = അന്നം ഊർക് ഭവ = ബലത്തേയും പ്രാണനേയും ഉദ്ദീപിപ്പിയ്ക്കുന്നതായി ഭവിയ്ക്കട്ടെ. ഊർജാ = രസത്തോടുകൂടി, പൃഥിവീം ഗച്ഛത = ഭൂമിയിലേയ്ക്കു് പോകട്ടെ.

6. വിഷ്ണോഃ സ്തൂപോ ഽസി.

ഈ മന്ത്രം ചൊല്ലി പ്രസ്തരം കയ്യിൽ എടുക്കുന്നു.

(പ്രസ്തരം = പുല്ലുകൊണ്ടുണ്ടാക്കിയ ചെറിയ പായ")

ത്വം വിഷ്ണോഃ സ്തൂപഃ അസി = നീ വ്യാപകമായ യജ്ഞത്തിന്റെ സംഘാതം ആകുന്നു

7. ഊർണാമ്രദസം ത്വാ സ്തൃണാമി സ്വാസസ്ഥം ദേവേഭ്യോ

ഈ മന്ത്രം ചൊല്ലി വേദിയിൽ പ്രസ്തരം വിരിയ്ക്കുന്നു.

ഊർണാമ്രദസം = ആടിന്റെ രോമം പോലെ മൃദുവും

സ്വാസസ്ഥം = സുഖമായിരിയ്ക്കാൻ യോഗ്യതയുള്ളതു മായ, ത്വാ = നിന്നെ, ദേവേഭ്യഃ = ദേവന്മാൎക്ക വേണ്ടി സ്തൃണാമി = ഞാൻ വിരിയ്ക്കുന്നു.

8. ഗന്ധൎവോ / സിവിശ്വാവസുൎവിശ്വസ്മാദീഷതോ യജമാനസ്യ പരിധിരിഡ ഈഡിതഃ

ഈ മന്ത്രം ചൊല്ലി പ്രസ്തരം മദ്ധ്യമ പരിധിയിൽ വിരിക്കുന്നു.

അല്ലയോ മദ്ധ്യമ പരിധേ! ത്വം വിശ്വാവസുഃ ഗന്ധൎവഃ അസി = നീ എല്ലാ ഐശ്വൎയ്യങ്ങളോടും കൂടിയ വിശ്വാവസു എന്ന ഗന്ധൎവൻ ആകുന്നു. ഈഷതഃ = ഉപദ്രവം ചെയ്യുന്ന, വിശ്വസ്മാത് = എല്ലാ ആളുകളിൽ നിന്നും യജമാനസ്യ പരിധിഃ അസി = യജമാനനെ രക്ഷിക്കുന്നവനാണ് ഇഡഃ ഈഡിതഃ അസി = അന്നത്തോടു കൂടിയ നീ എല്ലാവരാലും സ്തുതിയ്ക്കപ്പെടുന്നു.

9. ഇന്ദ്രസ്യ ബാഹുരസി ദക്ഷിണോ യജമാനസ്യ പരിധിരിഡ ഈഡിതോ

ഈ മന്ത്രം ചൊല്ലി പ്രസ്തരം മദ്ധ്യമ പരിധിയിൽ വിരിക്കുന്നു.

ഹേ ദക്ഷിണ പരിധേ! ത്വം = നീ, ഇന്ദ്രസ്യ ദക്ഷിണഃ ബാഹുഃ അസി = ഇന്ദ്രന്റെ വലതു കയ്യാകുന്നു. ഇഡഃ അസി = യജമാനന്റെ രക്ഷകനാണ്. ഇഡഃ ഈഡിതഃ അസി = അന്നത്തോടുകൂടിയ നീ എല്ലാ വരാലും സ്തുതിയ്ക്കപ്പെട്ടവനാണ്.

10. മിത്രാവരുണൌത്വോത്തരതഃ പരിധത്താം ധ്രുവേണ ധൎമണായജമാനസ്യ പരിധിരിഡ ഈഡിതഃ

ഈ മന്ത്രം ചൊല്ലി പ്രസ്തരം ഉത്തര പരിധിയിൽ വിരിക്കുന്നു.

ധ്രുവേണ ധൎമണാ = നിത്യമായ കൎമ്മം കൊണ്ട് മിത്രാവരുണൌത്വാ = മിത്രനും വരുണനുമായ നിന്നെ, ഉത്തരതഃ = വടക്ക ഭാഗത്തു് പരിധത്താം = വിരിയ്ക്കട്ടെ

11. സൂർയസ്ത്വാ പുരസ്താത് പാതുകസ്യാ ശ്ചിദഭിശസ്ത്യാ

ഈ മന്ത്രം ചൊല്ലി പ്രാർത്ഥിയ്ക്കുന്നു.

ഹേ ആഹവനീയാഗ്നേ ! കസ്യാഃ ചിത് = എവിടെ നിന്നെങ്കിലും ഉണ്ടാകാവുന്ന, അഭിശസ്ത്യാഃ = ഉപദ്രവങ്ങളിൽ നിന്നും, സൂര്യഃ = സൂര്യൻ, പുരസ്താത് = ആദ്യമായി ത്വാപാതു = നിന്നെ രക്ഷിയ്ക്കട്ടെ.

12. വീതിഹോത്രം ത്വാകവേദ്യുമന്തം

സമിധീമഹ്യഗ്നേ ഭവന്തമധ്വരേ!

ഈ മന്ത്രം ചൊല്ലി രണ്ട് സമിത്തെടുത്ത് (ആലിൻെറ ഉണങ്ങിയ ചുള്ളി) അഗ്നിയിൽ വെയ്ക്കുന്നു

ഹേ കവേ അഗ്നേ = അല്ലയോ മേധാവിയായ അഗ്നേ ! വീതി ഹോത്രം = പ്രിയനും, ദ്യുമന്തം = ദീപ്തിമാനും ബൃഹന്തം = മഹാനുമായ, ത്വാ = അങ്ങയെ, അധ്വരേ = യാഗത്തിനു് വേണ്ടി, സമിധീമഹി = ഞങ്ങൾ നല്ലപോലെ പ്രകാശിപ്പിയ്ക്കുന്നു.

13. വിശോയന്ത്രേസ്ഥഃ

ഈ മന്ത്രം ചൊല്ലി അന്തവേ്ദിയിൽ രണ്ട് ദർഭപ്പുല്ല് എടുത്തു വെയ്ക്കുന്നു.

വിശഃ യന്ത്രേസ്ഥഃ = നിങ്ങൾ പ്രജകളെ ധരിയ്ക്കുന്നവ ആകുന്നു.

14. വസൂനാം രുദ്രാണാമാദിത്യാ നാം സദസിസീദ

ഈ മന്ത്രം ചൊല്ലി ദർഭപ്പുല്ലിനു് പ്രസ്തരം വെയ്ക്കുന്നു.

വസൂനാം = വസുക്കളുടെയും, രുദ്രാണാം = രുദ്രന്മാരുടേയും ആദിത്യാനാം = ആദിത്യന്മാരുടേയും, സദസി സീദ = സദസ്സിൽ ഇരിയ്ക്കുക.

15. ജുഹൂരുപഭൃദ് ധ്രുവാസി ഘൃതാചീനാമ്നാ

പ്രിയേണ നാമ്നാ പ്രിയേ സദസി സീദ

ഈ മന്ത്രം ചൊല്ലി ജുഹൂ എടുത്തു വെയ്ക്കുന്നു

ത്വം ജുഹൂ: അസി = നീ ഉപഭൃത്താകുന്നു. ധ്രുവാ അസി = നീ നീത്യയാകുന്നു. ഘൃതാചീ = ഘൃതാചീ എന്ന, പ്രിയേണ നാമ്നാ അസി = പ്രിയപ്പെട്ട പേരോടു കൂടിയവരും ആകുന്നു. ത്വം പ്രിയേ സദസി സീദ = ഇപ്രകാരമുള്ള നീ പ്രിയപ്പെട്ട സദസ്സിൽ ഇരിയ്ക്കുക.

16. ഏതാ അസദൻ സുകൃതസ്യ ലോകേ
താവിഷ്ണോ പാഹി പാഹി യജ്ഞം
പാഹി യജ്ഞപതിം പാഹിമാം യജ്ഞനിയം

ഈ മന്ത്രം ചൊല്ലി സ്രുവം തൊടുന്നു.

ഏതാഃ അസദൻ = ഈ സ്രുവങ്ങൾ ഇരിയ്ക്കുന്നു. ഹേ വിഷ്ണോ = അല്ലയോ സർവ്വപാലകനായ ദേവ! യജ്ഞം പാഹി = യാഗം രക്ഷിച്ചാലും, യജ്ഞപതിം പാഹി = യജമാനനെ രക്ഷിച്ചാലും, യജ്ഞനിയം മാം = യാഗം നയിയ്ക്കുന്ന എന്നെ (പുരോഹിതനെ) പാഹി = രക്ഷിച്ചാലും.

ഇതി ഏകാദശോ *f*നുവാകഃ

ദ്വാദശോ *f*നുവാകഃ

ഭുവനമസി വി പ്രഥസ്വാഗ്നെ യഷ്ടറിദം നമഃ ജുഹേ്വഹ്യ ഗ്നിസ്ത്വാ ഹ്വയതി ദേവയജ്യായാ ഉപഭൃദേഹി ദേവസ്ത്വാ സവിതാ ഹ്വയതി ദേവയജ്യായാ അഗ്നാവിഷ്ണ മാ വാമവ ക്രമിഷം വിജിഹാഥാം മാ മാ സം താപ്തം ലോകം മേ ലോക-കൃതം കൃണുതം വിഷ്ണോഃ സ്ഥാനമസീത ഇന്ദ്രോ അകൃണോ-ദ്വീർയാണി സമാരഭ്യോർധ്വോ അധ്വരോ ദിവിസ്‌പൃശ-മഹ്രുതോ യജ്ഞോ യജ്ഞപതേരിന്ദ്രാവാൻ സ്വാഹാ ബൃഹ-ദ്ഭാഃ പാഹി മാഗ്നേ ദുശ്ചരിതാദാ മാ സുചരിതേ ഭജ മഖസ്യ ശിരോ *f*സി സം ജ്യോതിഷാ ജ്യോതിരങ്ക്താം // (71)

ഭുവനം അസി വി പ്രഥസ്വ അഗ്നേ യഷ്ടഃ ഇദം നമഃ ജുഹൂ ആ ഇഹി അഗ്നിഃ ത്വാ ഹ്വയതി ദേവയജ്യായൈ ഉപഭൃത് ആ ഇഹി

ദേവഃ ത്വാ സവിതാ ഹ്വയതി ദേവയജ്യായൈ അഗ്നാവിഷ്ണൂ മാ വാം അവ ക്രമിഷം വി ജിഹാഥാം മാ മാ സം താപ്തം ലോകം മേ ലോകകൃതൌ കൃണുതം വിഷ്ണോഃ സ്ഥാനം അസി ഇതഃ ഇന്ദ്രഃ അകൃണോത് വീർയാണി സം ആരഭ്യ ഊർധ്വഃ അധ്വരഃ ദിവിസ്പൃശം അഹ്രുതഃ യജ്ഞഃ യജ്ഞപതേഃ ഇന്ദ്രാവാൻ സ്വാഹാ ബൃഹത് ഭാഃ പാഹി മാ അഗ്നേ ദുശ്ചരിതാത് ആ മാ സുചരിതേ ഭജ മഖസ്യ ശിരഃ അസി സം ജ്യോതിഷാ ജ്യോതിഃ അങ്ക്താം.

1. ഭുവനമസി വി പ്രഥസ്വാഗ്നേയഷ്ടരിദം നമഃ

അഗ്നിയ്ക്കഭിമുഖമായി കൈക്കൂപ്പിക്കൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു.

ഹേ അഗ്നേയഷ്ടഃ = യാഗ പ്രവൎത്തകനായ അല്ലയോ അഗ്നേ! ത്വം ഭുവനം അസി = അങ്ങു് ഭുവനം ആകുന്നു. വി പ്രഥസ്വ = അതുകൊണ്ടു് ഭുവനത്തെപ്പോലെ വിസ്തീൎണ്ണമായി ഭവിയ്ക്കുക. തുഭ്യം ഇദം നമഃ = അങ്ങയ്ക്കു് ഈ നമസ്കാരം.

2. ജുഹേ ഹ്യഗ്നിസ്ത്വാ ഹ്വയതി ദേവയജ്യായാ.

ഈ മന്ത്രം ചൊല്ലീ വലതു കൈകൊണ്ടു് ജുഹു എടുക്കുന്നു. ഹേജുഹു = അല്ലയോ ജുഹു! ഏഹി = എൻെറ കയ്യിൽ വന്നാലും. അഗ്നിഃ = അഗ്നിഎന്ന ദേവൻ, ദേവയജ്യായൈ ദേവയാഗത്തിനു് വേണ്ടി. ത്വാ = നിന്നെ ആഹ്വയതി = വിളിയ്ക്കുന്നു.

3. ഉപഭൃദേഹി ദേവസ്ത്വാ സവിതാ ഹ്വയതി ദേവയജ്യായാ.

ഈ മന്ത്രം ചൊല്ലി ഇടതു കൈകൊണ്ടു് ഉപഭൃത്ത് എടുക്കുന്നു.

ഹേ ഉപഭൃത് ഏഹി = അല്ലയോ ഉപഭൃത്തേ വന്നാലും. സവിതാ ദേവഃ = സവിതൃദേവൻ, ദേവയജ്യായൈ = ദേവയാഗത്തിനു് വേണ്ടി, ത്വാ ഹ്വയതി = നിന്നെ വിളിയ്ക്കുന്നു.

4. അഗ്നാവിഷ്ണൂ മാവാമവക്രമിഷം വിജിഹാഥാം മാ മാ സം താപ്തം ലോകം മേ ലോക കൃതൌ കൃണതം

ഈ മന്ത്രം ചൊല്ലി വേദിയെ പ്രദക്ഷിണം ചെയ്യുന്നു

ഹേ അഗ്നാവിഷ്ണൂ = അല്ലയോ അഗ്നിദേവ അല്ലയോ വിഷ്ണുദേവ! അഹം = ഞാൻ, യുവാം = നിങ്ങൾ രണ്ടു പേരെയും. മാ അവ ക്രമിഷം = കടന്നു പോകരുത്. അതിന്ന് വേണ്ടി, യുവാം = നിങ്ങൾ രണ്ടുപേരും വിജിഹാഥാം = എനിയ്ക്ക് മാർഗ്ഗദർശനം ചെയ്യണം- മാ മാ സം താപ്തം = എന്നെ സന്തപിപ്പിയ്ക്കരുത്. ലോക കൃതൌ = ഗമനത്തിന്ന് അവകാശം നൽകുന്നവരായ നിങ്ങൾ, മേ ലോകം കൃണതം = എനിക്ക് ഗമനത്തിനുള്ള അവകാശം തന്നാലും. (അഗ്നിക്കും വിഷ്ണുവിനും, കല്പിച്ചിട്ടുള്ള സ്ഥാനങ്ങളുടെ മദ്ധ്യത്തിൽ കൂടി പോകുന്നതിനുള്ള അനുവാദം പ്രാർത്ഥിക്കുന്നു)

5. വിഷ്ണോഃ സ്ഥാനമസി

യാഗ സ്ഥലത്തെ നോക്കിച്ചൊല്ലുന്ന മന്ത്രമാണിത്.

അല്ലയോ യാഗവേദി! വിഷ്ണോഃ സ്ഥാനം അസി = നീ യാഗാത്മകനായ വിഷ്ണുവിൻെറ സ്ഥാനമാകുന്നു.

6. ഇത ഇന്ദ്രോ f കൃണോ ദ്വീര്യാണി സമാരഭ്യോർദ്ധ്വോ അധ്വരോദിവിസ്പൃശ മഹ്രുതോയജ്ഞോയജ്ഞ- പതേരിന്ദ്രാവാൻ സ്വാഹാ.

യാഗ ഭൂമിയെ പ്രശംസിച്ച ചൊല്ലുന്ന മന്ത്രമാണിത്

ഇതഃ സമാരഭ്യ = ഈ യാഗസ്ഥലത്തു നിന്ന്. ഇന്ദ്രഃ = ഇന്ദ്രൻ, വീര്യാണി = വൃത്രവധാദി വീരപ്രവൃത്തികൾ അകൃണോത് = ചെയ്തു. ഊർധ്വഃ = ഈ യാഗ സ്ഥലം ഊർദ്ധ്വഗാമിയായി ഭവിച്ചിട്ട്,അധ്വരഃ = മററുള്ളവരാൽ ഹിംസിയ്ക്കപ്പെടാതെ, തം = ആ ഇന്ദ്രനെ, ദിവി സ്പൃശം അകരോത് = സ്വർഗ്ഗത്തിൽ സ്ഥിതനാക്കി. ഇന്ദ്രാവാൻ = ഇന്ദ്രദേവതയോടു കൂടിയ ഈ യാഗസ്ഥലം, യജ്ഞപ

തേ: = യജമാനന്റ അഹ്രുതഃ യജ്ഞഃ = കപടമില്ലാതെ യാഗഫലം നൽകുന്നതാണ്. (തിച്ച്യായും യാഗഫലം ലഭിയ്ക്കും) സ്വാഹാ = ദേവതോദ്ദേശകമായി അഗ്നിയിൽ ഹോമിയ്ക്കുന്നു.

7. ബൃഹദ്ഭാഃ

ഈ മന്ത്രം ചൊല്ലി സ്രുവം എടുക്കുന്നു.

ബൃഹത് ഭാഃ = വലിയ പ്രകാശത്തോടുകൂടി അഗ്നി ജ്വലിയ്ക്കുന്ന ഈ സ്ഥലത്തു നിന്ന് സ്രുവം എടുക്കുന്നു.

8. പാഹിമാƒഗ്നേ ദുശ്ചരിതാദാമാ സുചരിതേ ഭജ

സ്രുവം എടുത്തതിന് ശേഷം ഈ മന്ത്രം ജപിയ്ക്കുന്നു. ഹേ അഗ്നേ = അല്ലയോ അഗ്നേ! ദുശ്ചരിതാത് = പ്രമാദത്താൽ വന്നു പോയ കർമ്മാപരാധങ്ങളിൽ നിന്ന് മാ = എന്നെ പാഹി = രക്ഷിച്ചാലും. സുചരിതേ = നല്ല പോലെ അനുഷ്ഠിച്ച യാഗഫലത്തിൽ, മാ = എന്നെ ഭജ = സ്ഥാപിക്കുക (യഥാശാസ്ത്രം യാഗം അനുഷ്ഠിച്ചാൽ ലഭിയ്ക്കാവുന്ന ഫലം എനിയ്ക്ക് നൽകുക.)

9. മഖസ്യശിരോƒസി സംജ്യോതിഷാ ജ്യോതിരങ്ക്താം

ഈ മന്ത്രം ചൊല്ലി ജുഹുവിനെ അഭിമന്ത്രണം ചെയ്യുന്നു.

ഹേ ജുഹു = അല്ലയോ ജുഹു! മഖസ്യശിരഃ അസി = നീ യാഗത്തിന്റെ ശിരസ്സു പോലെ പ്രധാനപ്പെട്ട ഭാഗം ആകുന്നു. തവ ജ്യോതിഷാ = നിന്റെ ജ്യോതിസ്സുമായി. (ജുഹുവിൽ നിന്ന് അഗ്നിയിൽ വീഴുന്ന നെയ്യോടുകൂടി) ഇദം ജ്യോതിഃ = ഈ ജ്യോതിസ്സ്, യാഗ വേദിയിലുള്ള അഗ്നി യോജിയ്ക്കട്ടെ.

ഇതി ചോദശോƒനുവാകഃ

ത്രയോ ദശോ ƒ നുവാകഃ

വാജസ്യ മാ പ്രസവേനോദ്ഗ്രാഭേണോദഗ്രഭീത്. അഥാ സപത്നാം ഇന്ദ്രോമേ നിഗ്രാഭേണാധരാം അകഃ ഉദ്ഗ്രാഭം ച നിഗ്രാഭം ച ബ്രഹ്മദേവാ അവീവൃധൻ അഥാ സപത്നാനിന്ദ്രാഗ്നീമേ വിഷൂചീനാൻ വ്യസ്യതാം വസുഭ്യസ്ത്വാ രുദ്രേഭ്യസ്ത്വാ ƒƒ ദിത്യേ ഭ്യസ്ത്വാക്തം രിഹാണാ വിയന്തു വയഃ. പ്രജാം യോനിം മാനിർമൃക്ഷ മാപ്യായന്താ മാപ ഓഷധയോ മരുതാം പൃഷതയഃ സ്ഥ ദിവം ഗച്ഛ തതോനോ വൃഷ്ടിമേരയ. ആയുഷ്പാ അഗ്നേƒസ്യായുർമേ പാഹി ചക്ഷുഷ്പാ അഗ്നേƒസി ചക്ഷുർമേ പാഹി ധ്രുവാസി യം പരിധിം പര്യധത്ഥാ അഗ്നേ ദേവ പണിഭിർവീയമാണഃ. തം ത ഏതമനു ജോഷം ഭരാമി നേദേഷ ത്വദപ ചേതയാതൈ യജ്ഞസ്യ പാഥ ഉപസമിതം സം സ്രാവഭാഗാഃ സ്ഥേഷാ ബൃഹന്തഃ പ്രസ്തരേഷ്ഠാം ബർഹിഷദശ്ച ദേവാ ഇമാ വാചമഭി വിശ്വേ ഗൃണന്ത ആസാദ്യാസ്മിൻ ബർഹിഷി മാദയധ്വമഗ്നേർവാമാപന്നഗൃഹ-സ്യ സദസി സാദയാമി സുമ്നായ സുമ്നിനീ സുമ്നേ മാ ധത്തം ധുരി ധുര്യൗ പാതമഗ്നേ ƒ ദബ്ധായോ ƒ ശീത തനോ പാഹി മാ ƒ ദ്യ ദിവഃ പാഹി പ്രസിത്യൈ പാഹി ദുരിഷ്ട്യൈ പാഹി ദുരദ്മന്യൈ പാഹി ദുശ്ചരിതാദവിഷംനഃ പിതുംകൃണു സുഷദാ യോനിം സ്വാഹാ ദേവാ ഗാതു വിദോ ഗാതും വിത്വാ ഗാതുമിത മനസസ്പത ഇമം നോ ദേവ ദേവേഷു യജ്ഞം സ്വാഹാ വാ ചി സ്വാഹാ വാതേധാഃ ॥ (165)

വാജസ്യ മാ പ്രസവേന ഉദ്ഗ്രാഭേണ ഉദ് അഗ്രഭീത് അഥാ സപത്നാൻ ഇന്ദ്രഃ മേ നിഗ്രാഭേണ അധരാൻ അകഃ ഉദ്ഗ്രാഭം ച നിഗ്രാഭം ച ബ്രഹ്മ ദേവാഃ അവീവൃധൻ അഥാ സപത്നാൻ ഇന്ദ്രാഗ്നീ മേ വിഷൂചീനാൻ വ്യസ്യതാം വസുഭ്യഃ ത്വാ രുദ്രേഭ്യഃ ത്വാ ആദിത്യേഭ്യഃ ത്വാ അക്തം രിഹാണാഃ വി യന്തു വയഃ പ്രജാം യോനിം മാ നിർ-മൃക്ഷം ആ പ്യായന്താം ആപഃ ഓഷധയഃ മരുതാം പൃഷതയഃ സ്ഥ ദിവം ഗച്ഛ തതഃ നഃ വൃഷ്ടിം

ആ ഈരയ ആയുഷ്ഠാഃ അഗ്നേ അസി ആയുഃ മേ പാഹി ചക്ഷുഷ്ഠാഃ അഗ്നേ അസി ചക്ഷുഃ മേ പാഹി ധ്രുവാ അസി യം പരിധിം പരി അധത്ഥാഃ അഗ്നേ ദേവ പണിഭിഃ വീയമാണഃ തം തേ ഏതം അനു ജോഷം ഭരാമി ന ഇത്ത് ഏഷഃ ത്വത് അപചേതയാതൈ യജ്ഞസ്യ പാഥഃ ഉപ സം ഇതം സംസ്രാവഭാഗാഃ സ്ഥ ഇഷാഃ ബൃഹന്തഃ പ്രസ്തരേഷ്ഠാഃ ബർഹിഷദഃ ച ദേവാഃ ഇമം വാചം അഭി വിശേ ഗൃണന്തഃ ആസദ്യ അസ്മിൻ ബർഹിഷി മാദയധ്വം അഗ്നേഃ വാം ആപന്ന ഗൃഹസ്യ സദസി സാദയാമി സുമ്നായ സുമ്നിനി സുമ്നേ മാ ധത്തം ധുരി ധുര്യൌ പാതം അഗ്നേ അദബ്ധായോ അശീതതനോ പാഹി മാ അദ്യ ദിവഃ പാഹി പ്രസിത്യൈ പാഹി ദുരിഷ്ട്യൈ പാഹി ദുരദ്മന്യൈ പാഹി ദുശ്ചരി- താത് അവിഷം നഃ പിതും കൃണ സുഷദാ യോനിം സ്വാഹാ ദേവാഃ ഗാതുവിദഃ ഗാതും വിത്വാ ഗാതും ഇത മനസഃ പതേ ഇമം നഃ ദേവ ദേവേഷു യജ്ഞം സ്വാഹാ വാചി സ്വാഹാ വാതേ ധാഃ.

1. വാജസ്യ മാ പ്രസവേ നോദ്ഗ്രാഭേണോദ ഗ്രഭീത്

ഈ മന്ത്രം ചൊല്ലി സ്രുവം ഒരു സ്ഥലത്തു വെയ്ക്കുന്നു.

വാജസ്യ = ഭക്ഷണ പദാർത്ഥത്തിന്റെ, പ്രസവേന = ഉത്പത്തി ഹേതുവായതു കൊണ്ടു്, ഉദ്ഗ്രാഭേണ = വലിയ പ്രകാശത്തോടുകൂടിയ, ഈ ഊഹ നിമിത്തം, മാ ഉദഗ്രഭീത് = എന്നെ ഉയന്ന നിലയിൽ എത്തിയ്ക്കട്ടെ.

2. അഥാ സപത്നാം ഇന്ദ്രോമേ നിഗ്രാഭേണാധരാം അകഃ.

ഈ മന്ത്രം ചൊല്ലി ഉപഭൃത്ത് എടുക്കുന്നു.

അഥ = അനന്തരം, നിഗ്രാഭേണ = താഴ്ത്തി പിടിച്ചിരിയ്ക്കുന്നതു നിമിത്തം, മേ സപത്നാൻ = എന്റെ ശത്രുക്കളെ

ഇന്ദ്രഃ = ഇന്ദ്രൻ അധരാൻ അകഃ = നികൃഷ്ടരാക്കി ത്തീക്കട്ടെ.

3. ഉദ്ഗ്രാഭഞ്ച നിഗ്രാഭഞ്ചബ്രഹ്മ ദേവാ അവീവൃധൻ

ഈ മന്ത്രം ചൊല്ലി ജുഹു ഒരു സ്ഥലത്തു വെയ്ക്കുന്നു.

ബ്രഹ്മ = ഇഷ്ട സാധന സമത്ഥമായ, ഉദ്ഗ്രാഭംച നിഗ്രാഭംച = ഉദ്ഗ്രാഭത്തേയും നിഗ്രാഭത്തേയും, ദേവാഃ = ദേവന്മാർ, അവീവൃധൻ = വർദ്ധിപ്പിയ്ക്കട്ടെ.

4. അഥാ സപത്നാനിന്ദ്രാഗ്നീ മേ വിഷൂചീനാൻ വ്യസ്യതാം.

ഈ മന്ത്രം ചൊല്ലി ഉപഭൃത്ത് ഒരു സ്ഥലത്തു വെയ്ക്കുന്നു. അഥാ = അനന്തരം, ഇന്ദ്രാഗ്നീ = ഇന്ദ്രനും അഗ്നിയും മേ = എന്റെ, വിഷൂചീനാൻ = എതിരാളികളായ സപത്നാൻ = ശത്രുക്കളെ, വ്യസ്യതാം = സ്വസ്ഥാനത്തിൽനിന്ന് മാററി നിറുത്തട്ടെ.

5. വസുഭ്യസ്ത്വാ രുദ്രേഭ്യസ്ത്വാ ƒ ദിത്യേഭ്യസ്ത്വാ

ഈ മന്ത്രം ചൊല്ലി ജുഹു കൊണ്ടു് പരിധിയെ സ്പർശിയ്ക്കുന്നു.

വസുഭ്യഃ ത്വാ അനജ്മി = വസുക്കൾക്കുവേണ്ടി നിന്നെ സ്പർശിക്കുന്നു. രുദ്രേഭ്യഃ ത്വാ അനജ്മി = രുദ്രന്മാക്കുവേണ്ടി നിന്നെ സ്പർശിയ്ക്കുന്നു. ആദിത്യേഭ്യഃ ത്വാ അനജ്മി = ആദിത്യന്മാക്കുവേണ്ടി നിന്നെ സ്പർശിയ്ക്കുന്നു.

6. അക്തം രിഹാണാഃ വിയന്തു വയഃ

ഈ മന്ത്രം ചൊല്ലി പ്രസ്തരത്തെ സ്പർശിയ്ക്കുന്നു.

അക്തം രിഹാണാഃ = കൃതാഞ്ജനമായ ഈ പ്രസ്തരം ആസ്വാദിക്കുന്നവരായ, വയഃ = പക്ഷികൾ, വിയന്തു = വിവിധ സ്ഥലങ്ങളിലേയ്ക്കു് പോകട്ടെ.

7. പ്രജാം യോംനിം മാനിർമൃക്ഷം

ഈ മന്ത്രം ചൊല്ലി ധ്രുവത്തിൻെറ ചുവട്ട് സ്പർശിയ്ക്കുന്നു. അഹം = ഞാൻ. പ്രജാം = സന്തതികളേയും, യോനിം = തത്കാരണഭൂതങ്ങളായ അന്നാദികളേയും, മാനിർ-മൃക്ഷം = നശിപ്പിയ്ക്കരുത്.

8. ആപ്യായന്താ മാപ ഓഷധയോ മരുതാം
പൃഷതയഃ സ്ഥ ദിവം ഗച്ഛ തതോ നോ
വൃഷ്ടി മേരയ.

ഈ മന്ത്രം ചൊല്ലി ആഹവനീയാഗ്നിയിൽ ദർഭപ്പുല്ല് കൂട്ടിക്കെട്ടിയത് നിക്ഷേപിക്കുന്നു.

ഹേ പ്രസ്തര = അല്ലയോ പ്രസ്തരമേ! ആപഃ ഓഷധ്യഃ ച = ജലവും ഓഷധികളും, ആപ്യായന്താം = വർദ്ധിയ്ക്കട്ടെ. യൂയം = നിങ്ങൾ, മരുതാം = വായുവിന്ന് പൃഷതയഃ സ്ഥ = കതിരകളെപ്പോലെയാകുന്നു. ദിവം ഗച്ഛ = ആദിത്യൻെറ സമീപത്തിൽ എത്തുക. തതഃ = അവിടെനിന്ന്, നഃ വൃഷ്ടിം ഏരയ = ഞങ്ങൾക്ക് മഴ അയച്ചു തരിക (മഴ പെയ്യിയ്ക്കുക) ''ആപ്യായന്താം ആപ ഓഷധയഃ'' എന്ന വാക്യത്തിൽ ഓഷധയഃ എന്ന പദം ദ്വിതീയാന്തമായി വ്യാഖ്യാനിച്ചാൽ ജലം ഓഷധികളെ വർദ്ധിപ്പിയ്ക്കട്ടെ എന്നർത്ഥം.

9. ആയുഷ്പാ അഗ്നേ അസ്യായുർമേ പാഹി
ചക്ഷുഷ്പാ അഗ്നേ ƒസി ചക്ഷുർമേ പാഹി.

ഈ മന്ത്രം ചൊല്ലി ആഹവനീയാഗ്നിയുടെ മുൻപിൽ പ്രാർത്ഥിയ്ക്കുന്നു.

ഹേ അഗ്നേ = അല്ലയേ അഗ്നേ! ത്വം = അങ്ങ് ആയുഷ്പാഃ അസി = എല്ലാവരുടേയും ആയുസ്സിനെ രക്ഷിയ്ക്കുന്നവനാകുന്നു. മേ ആയുഃ പാഹി = എൻെറ ആയു-സ്സിനെ രക്ഷിച്ചാലും ഹേ അഗ്നേ = അല്ലയോ അഗ്നേ ത്വം = അങ്ങ്, ചക്ഷുഷ്പാഃ അസി = കണ്ണുകളെ രക്ഷി

ക്ഷുന്നവനാണ്. മേ ചക്ഷുഃ പാഹി = എന്റെ കണ്ണുകളെ രക്ഷിച്ചാലും.

10. ധ്രുവാ ƒ സി

ഈ മന്ത്രം ചൊല്ലി വേദിയ്ക്കകത്തുള്ള ഭൂമിയെ സ്പർശിയ്ക്കുന്നു.
ത്വം ധ്രുവാ അ.സി = നീ സ്ഥിരയാകുന്നു.

11. യം പരിധിം പർയ ധത്ഥാ അഗ്നേ ദേവ
പണിഭി വ്രീയമാണഃ തം ത ഏതത മന ജോഷം
ഭരാമി നേ ദേഷ ത്വ ദേപ ചേതയാതൈ.

ഈ മന്ത്രം ചൊല്ലി മദ്ധ്യമ പരിധി മാററുന്നു.
ഹേ ദേവ അഗ്നേ! = ദേവനാദി ഗുണങ്ങളോടുകൂടിയ അല്ലയോ അഗ്നേ! അങ്ങ് യം പരിധിം = യാതൊരു പരിധിയെ പർയധത്ഥാഃ = പരിധാനം ചെയ്തുവോ സഃ = ആ പരിധി, പണിഭിഃ = പണി എന്നു പേരുള്ള അസുരന്മാരാൽ, വ്രീയമാണഃ = ചുററപ്പെട്ടതാണ്. തം ഏതം = ആ മദ്ധ്യമ പരിധിയെ, തവ ജോഷം = അങ്ങയ്ക്ക് ഇഷ്ടമാകത്തക്കവിധം, അനു ഭരാമി = എടുത്തു മാററുന്നു. ഏഷഃ = ഈ പരിധി, ഏവം നാമ = ഇപ്രകാരമായതു കൊണ്ട് (അങ്ങയ്ക്കഭിമതമായതുകൊണ്ട്) ന ഇത് അപ ചേതയാതൈ = അപരക്തമായ ചിത്തത്തോടുകൂടിയതാകയില്ല.

12. യജ്ഞസ്യ പാഥഃ ഉപ സമിതം

ഈ മന്ത്രം ചൊല്ലി മററ് രണ്ടു പരിധികളേയും എടുത്തു മാററുന്നു.
യജ്ഞസ്യ പാഥഃ = യാഗ സംബന്ധിയായ അന്നം യുവാമപി = നിങ്ങളും, ഉപ സമിതം = പ്രാപിയ്ക്കാൻ അർഹരാണ്.

13. സം സ്രാവ ഭാഗാഃ സ്ഥേഷ ബൃഹന്തഃ
പ്രസ്തരേഷ്ഠാ
ബർഹിഷദ ശ്ച ദേവാ.

ഇമം വാചമഭി വിശേ്വ ഗൃണന്തഃ
ആസാദ്യാസ്മിൻ ബഹിഷി മാദയധ്വം.

ഈ മന്ത്രം ചൊല്ലി സംസ്രാവഭാഗം ഹോമിയ്ക്കുന്നു.

(ഹോമം ചെയ്യാനെടുത്ത ദ്രവ്യം അഗ്നിയിൽ വീഴാതെ ജുഹു മുതലായവയിൽ ശേഷിയ്ക്കുന്നതിന്ന് സംസ്രാവ ഭാഗം എന്നു പറയുന്നു).

സംസ്രാവ ഭാഗാഃ സ്ഥ = നിങ്ങൾ സംസ്രാവ ഭാഗങ്ങൾ ആകുന്നു. ഇഷാഃ = ഹവിർഭാഗം കിട്ടാനാഗ്രഹിയ്ക്കുന്നവരും, ബൃഹന്തഃ =എല്ലാവരാലും ആരാധിയ്ക്കപ്പെടുന്നവരും, പ്രസ്തരേഷ്ഠാഃ =പ്രസ്തരത്തിൽ നിൽക്കുന്നവരും, ബഹിഷദഃ = യാഗാഗ്നിയിൽ സ്ഥിതി ചെയ്യുന്നവരും ആയ, വിശേ്വ ദേവാഃ =എല്ലാ ദേവന്മാരും, മാം വാചം = സ്തോത്ര രൂപത്തിലുള്ള എന്റെ വാക്കുകളെ, അഭി-ഗൃണന്തഃ = പ്രശംസിയ്ക്കുന്നവരായി, അസ്മിൻ ബഹിഷി =ഈ യാഗത്തിൽ ആസാദ്യ = ഇരുന്നിട്ട് മാദയധ്വം = സംതൃപ്തരായിത്തീരട്ടെ.

14. അഗ്നേ വാമാപന്നഗൃഹസ്യ സദസി
സാദയാമി സുമ്നായ സുമ്നിനീ സുമ്നേ
മാധത്തം ധുരി ധുര്യൌ പാതം

ഈ മന്ത്രം ചൊല്ലി സ്രുക്കുകളെ മോചിപ്പിയ്ക്കുന്നു.

ഹേ ജുഹൂപ ഭൃതൌ! = അല്ലയോ ജുഹൂപഭൃത്തുകളെ സുമ്നിനീ = സുഖയിത്രികളായ, വാം = നിങ്ങൾ രണ്ടു പേരെയും, ആപന്ന ഗൃഹസ്യ = ഒരിയ്ക്കലും നശിയ്ക്കാത്ത ഗൃഹമുള്ളവനായ, അഗ്നേഃ = അഗ്നിയുടെ, സദസി = സദനത്തിൽ, സാദയാമി = ഞാൻ പ്രതിഷ്ഠിയ്ക്കുന്നു. സുമ്നായ =യജമാനന്റെ സുഖത്തിന്ന് വേണ്ടി, മാം = എന്നെ (അധ്വര്യുവിനെ) സുമ്നേ ധത്തം = സുഖമുള്ളവനാക്കിയാലും, ധുരി = യാഗ ലക്ഷണമായ ഈ കർമ്മത്തിന്റെ, ധുര്യൌ = ഭാരവാഹികളായ യജമാനനേയും യജമാന പത്നിയേയും, പാതം = രക്ഷിച്ചാലും.

15. അഗ്നേ അദബ്ധായോ ƒ ശീത ത നോ
പാഹി മാദ്യ ദിവഃ, പാഹി പ്രസിത്യൈ
പാഹി ദുരിഷ്ട്യൈ പാഹി ദുരദ്മന്യൈ
പാഹി ദുശ്ചരിതാദവിഷം നഃ പിതും
കൃണു സുഷദാ യോനിം സ്വാഹാ

ഈ മന്ത്രം ചൊല്ലി അന്വാഹാർയാഗ്നിയിൽ തവിട് ഹോമിക്കുന്നു.

അദബ്ധായോ = ഹിംസകൂടാതെ ജീവിക്കുന്നവനും അശീതതനോ = ഉഷ്ണശരീരനും ആയ, ഹേ അഗ്നേ = അല്ലയോ അഗ്നേ! അദ്യ = ഈ കർമത്തിൽ, മാം പാഹി = എന്നെ രക്ഷിച്ചാലും. ദിവഃ = സ്വർഗ്ഗവാസികളായ ദേവന്മാരിൽ നിന്നും, മാംപാഹി = എന്നെ രക്ഷിച്ചാലും പ്രസിത്യൈ മാംപാഹി = ഉണ്ടായതോ ഉണ്ടാകാവുന്നതോ ആയ കർമനാശങ്ങളിൽ നിന്നു്, എന്നെ രക്ഷിച്ചാലും ദുരിഷ്ട്യൈപാഹി = വികലമായ യാഗത്തിൽ നിന്നു് രക്ഷിച്ചാലും. ദുരദ്മന്യൈ പാഹി = അഭോജ്യ ഭോജനത്തിൽ നിന്നു് രക്ഷിച്ചാലു. ദുശ്ചരിതാത് പാഹി = തെററായ പ്രവൃത്തികളിൽ നിന്നു് രക്ഷിച്ചാലും നഃ = ഞങ്ങൾക്കു്, അവിഷം = ദോഷം ചെയ്യാത്ത, പിതും = അന്നം, കൃണു = തന്നാലും സുഷദാ യോനിം കൃണു = സുഖമായി താമസിക്കുന്നതിനുള്ള സർവ്വപദാർത്ഥങ്ങളുടേയും ഉത്പത്തിസ്ഥാനം ഉണ്ടാക്കിത്തന്നാലും തുഭ്യം ഇദം സ്വാഹാ = അങ്ങേയ്ക്കായി ഞാൻ ഹോമം ചെയ്യുന്നു.

16. ദേവാ ഗാതു വിദോ ഗാതും വിത്വാ ഗാതുമിത മനസസ്പത ഇമം നോ ദേവ ദേവേഷു യജ്ഞം സ്വാഹാ വാതേധാഃ.

ഈ മന്ത്രം ചൊല്ലി സമഷ്ടി ഹോമം നടത്തുന്നു
ഹേ ഗാതുവിദഃ ദേവാഃ! = ഗതിജ്ഞരായ അല്ലയോ ദേവന്മാരെ! ഗാതും വിത്വാ = പോകാനുള്ള വഴി മനസ്സിലാക്കിയിട്ടു്, ഗാതും ഇത = പോകാനുള്ള മാർഗ്ഗം ജേ

ച്ഛാല്വം. മനസഃ പതേ ദേവ = മനസ്സിൻെറ അധിപ പതിയായ ട്ടള്ള അല്ലയോ ദേവ! നഃ ഇമം യജ്ഞം = ഞങ്ങളുടെ ഈ യാഗം, ദേവേഷ്യ ധാഃ = ദേവന്മാരിൽ സ്ഥാപിയ്ക്കുക. വാതേ ധാഃ = അനന്തരം സർവ്വ ക്രിയാധാരമായ വായുവിൽ സ്ഥാപിയ്ക്കുക. സ്വാഹാ = ഞാൻ ഹോമം ചെയ്യുന്നു

ഇതി ത്രയോ ദശോ ƒനുവാകഃ

ചതുർദ്ദശോ ƒനുവാകഃ

ഉഭാ വാ മിന്ദ്രാഗ്നീ ആഹുവധ്യാ ഉഭാരാധസഃ സഹ മാദയധ്യൈ. ഉഭാദാതാരാവിഷാം രയീണാമുഭാവാജസ്യ സാതയെ ഹുവെ വാം. അശ്രവം ഹി ഭൂരിഭാവത്തരാവാം വിജാമാതുരുത വാ ഘാ സ്യാലാത്. അഥാ സോമസ്യ പ്രയതീ യുവഭ്യാമിന്ദ്രാഗ്നീ സ്തോമം ജനയാമി നവ്യം. ഇന്ദ്രാഗ്നീ നവതിം പുരോ ദാസപത്നീ രധൂനുതം. സാക മേകേന കർമണാ. ശുചിംനു സ്തോമം നവജാത മദ്യേന്ദ്രാഗ്നീ വൃത്രഹണാ ജുഷേഥാം. ഉഭാഹിവാം സുഹവാ ജോഹവീമി താ വാജം സദ്യ ഉശതേ ധേഷ്ഠാ വയമുത്വാ പഥസ്പതേ രഥം ന വാജസാതയെ. ധിയേപൂഷന്ന യുജ്മഹി. പഥസ്പഥഃ പരിപതിം വചസ്യാകാമേന കൃതോ അഭ്യാനഡർകം. സനോരാസച്ഛുരുധശ്ചന്ദ്രാഗ്രാ ധിയം ധിയം സിഷധാതി പ്രപൂഷാ. ക്ഷേത്രസ്യ പതിനാ വയം ഹിതേനേവ ജയാമസി. ഗാമശ്വം പോഷയിത്നാ സനഃ മൃഡാതീദൃശേ. ക്ഷേത്രസ്യപതേ മധുമന്തമൂർമിം ധേനുരിവ പയോ അസ്മാസുധുക്ഷ്വ. മധുശ്ചുതം ഘൃതമിവ സുപൂതമൃതസ്യ നഃ പതയോ മൃഡയന്തു അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനി ദേവ വയുനാനി വിദ്വാൻ. യുയോധ്യസ്മ ജ്ജുഹുരാണ മേനോ ഭൂയിഷ്ഠാം തേ നമ ഉക്തിം വിധേമ. ആ ദേവാനാമപി പന്ഥാമഗന്മ യച്ഛക്നവാമ തദനു പ്രവോഢും അഗ്നിർവിദ്വാൻ സ യജാത് സേദുഹോതാ സോ അധ്വരാൻ സ ഋതൂൻ കല്പയാതി. യദ്ബാഹിഷ്ഠം തദഗ്നയെ ബൃഹദർചവിഭാവസോ. മഹിഷീവ. ത്വദ്രയിഃ

സ്വധാജാ ഉദീരതേ. അഗ്നേത്വം പാരയാ നവ്യോ അസ്മാൻ സ്വസ്തിഭിരതി ദുർഗാണി വിശ്വാ. പൂശ്ച പൃഥ്വീ ബഹുലാന ഉർവീ ഭവാ തോകായ തനയായ ശംയോഃ. ത്വമഗ്നെ വ്രതപാ അസി ദേവ ആമർത്യേഷ്വാ. ത്വം യജ്ഞേഷ്വീഡ്യഃ. യദ്വോ-വയം പ്രമിനാമ വ്രതാനി വിദുഷാം ദേവാ അവിദുഷ്ടരാസഃ അഗ്നിഷ്ടദ്വിശ്വമാ പൃണാതി വിദ്വാൻ യേഭിർദേവാം ഋതുഭിഃ കല്പയാതി 11 (223)

ഉഭാ വാം ഇന്ദ്രാഗ്നി ആഹുവധ്യൈ ഉഭാ രാധസഃ സഹ മാദയധ്യൈ ഉഭാ ദാതാരൌ ഇഷാം രയീണാം ഉഭൌ വാജസ്യ സാതയെ ഹുവെ വാം അശ്രവം ഹി ഭൂരിദാവത്തരാ വാം വിജാ-മാതുഃ ഉത വാ ഘ സ്യാലാത് അഥ സോമസ്യ പ്രയതീ യുവഭ്യാം ഇന്ദ്രാഗ്നീ സ്തോമം ജനയാമി നവ്യം ഇന്ദ്രാഗ്നീ നവതിം പുരഃ ദാസപത്നീഃ അധൂനതം സാകം ഏകേന കർമണാ ശുചിം ന സ്തോമം നവജാതം അദ്യ ഇന്ദ്രാഗ്നി വൃത്രഹണാ ജുഷേഥാം ഉഭാ ഹി വാം സുഹവാ ജോഹവീമി താം വാജം സദ്യഃ ഉശതേ ധേഷ്ഠാ വയം ഉ ത്വാ പഥഃ പതേ രഥം ന വാജസാതയേ ധിയേ പൂഷൻ അയുജ്മഹി പഥസ്പഥഃ പരിപതിം വചസ്യാ കാമേന കൃതഃ അഭി. ആനട് അർകം സഃ നഃ രാസത് ശുരുധഃ ചന്ദ്രാഗ്രാഃ ധിയം ധിയം സിഷധാതി പ്ര പൂഷാ ക്ഷേത്രസ്യ പതിനാ വയം ഹിതേന ഇവ ജയാമസി ഗാം അശ്വം പോഷയിത്നു ആ സഃ നഃ മൃഡാതി ഈദൃശേ ക്ഷേത്രസ്യ പതേ മധുമന്തം ഊർമിം ധേനുഃ ഇവ പയഃ അസ്മാസു ധുക്ഷ്വ മധുശ്ചുതം ഘൃതം ഇവ സുപൂതം ഋതസ്യ നഃ പതയഃ മൃഡയന്തു അഗ്നേ നയ സുപഥാ രായേ അസ്മാൻ വിശ്വാനി ദേവ വയുനാനി വിദ്വാൻ യുയോധി അസ്മജ്ജുഹുരാണം ഏനഃ ഭൂയിഷ്ഠാം തേ നമഉക്തിം വിധേമ ആ

ദേവാനാം അപി പന്ഥാം അഗന്മ യത്
ശക്നവാമ തദ് അനു പ്രവോഢും അഗ്നിഃ
വിദ്വാൻ സ: യജാത് സഃ ഇത് ഉ ഹോതാ
സഃ അധ്വരാൻ സഃ ഋതൂൻ കല്പയാതി യദ്
വാഹിഷ്ഠം തദ് അഗ്നയേ ബൃഹദ് അർച
വിഭാവസോ മഹിഷീ ഇവ ത്വത് രയിഃ
ത്വദ് വാജാഃ ഉദ് ഈരതേ. അഗ്നേ ത്വം
പാരയ നവ്യഃ അസ്മാൻ സ്വസ്തിഭിഃ അതി-
ദുർഗാണി വിശ്വാ പൂ: ച പൃഥ്വീ ബഹുലാ
നഃ ഉർവീ ഭവ തോകായ തനയായ ശം യോ:
ത്വം അഗ്നേ വ്രതപാഃ അസി ദേവ: ആ
മർത്യേഷു ആ ത്വ. യജ്ഞേഷു ഈഡ്യഃ യദ്
വഃ വയം പ്രമിനാമ വ്രതാനി വിദുഷാം
ദേവാഃ അവിദുഷ്ടരാസ: അഗ്നിഃ തത് വിശ്വം
ആ പൃണാതി വിദ്വാൻ യേഭി: ദേവാൻ
ഋതുഭിഃ കല്പയാതി

[ഈ അനുവാകം മുഴുവൻ കാമ്യേഷ്ടി യാജ്യാ പുരോ ƒ നു വാക്യങ്ങൾ ആണ്. ഈ സംഹിതയിൽ രണ്ടാം കാണ്ഡത്തിന്റെ രണ്ടാമത്തെ പ്രപാഠകത്തിന്റെ ഒന്നാമത്തെ അനുവാകത്തിൽ അനേകം കാമ്യേഷ്ടികളെപ്പററി പറയുന്നു. ഒരു പ്രത്യേക ആഗ്രഹം സാധിക്കുന്നതിന് വേണ്ടി നടത്തുന്ന യാഗത്തിന് "കാമ്യേഷ്ടി" എന്നു പറയുന്നു എല്ലാ യാഗത്തിനും ദേവതാ പ്രീതിയും സ്വർഗ്ഗലാഭവും സാമാന്യഫലമാണ്. അതു കൂടാതെ സാധാരണ ലോകജീവിതത്തിൽ തന്നെ അനുഭവിക്കാനാഗ്രഹിക്കുന്ന ഫലങ്ങൾക്ക വേണ്ടിയുള്ള യാഗമാണ് "കാമ്യേഷ്ടി" അപ്രകാരമുള്ള യാഗത്തിന്റെ പ്രാരംഭത്തിൽ ചൊല്ലേണ്ട മന്ത്രത്തിന് "പുരോ ƒ നുവാക്യ" എന്നും യഥാ ശാസ്ത്രം യാഗാദികൾ നടത്തിയതിനു ശേഷം അവസാനമായി പറയുന്ന മന്ത്രത്തിന് "യാജ്യ" എന്നും പേരാകുന്നു.]

സന്താനം ഉണ്ടാകണമെന്നാഗ്രഹിക്കുന്നവൻ ഇന്ദ്രാഗ്നികളെ ഉദ്ദേശിച്ച് പതിനൊന്ന് കപാലത്തിൽ പാകം ചെയ്ത പുരോഡാശം ഹോമിക്കുന്ന യാഗത്തിന്റെ പുരോ ƒ നുവാക്യ-

1. ഉഭാവാമിന്ദ്രാഗ്നീ ആ ഹുവധ്യാ
ഉഭാരാധ സഃ സഹ മാദയധ്യൈ.
ഉഭാദാതാരാ വിഷാം രയീണാമുഭാ
വാജസ്യ സാതയേ ഹുവേ വാം.

ഹേ ഇന്ദ്രാഗ്നീ = അല്ലയോ ഇന്ദ്രാഗ്നികളെ! വാം ഉഭാ = നിങ്ങൾ രണ്ടു പേരെയും, ആ ഹുവധ്യൈ = ആഹുതി പ്രദാനം ചെയ്തു് ആരാധിയ്ക്കുന്നതിനു്, രാധസഃ = ഹവിർ ലക്ഷണമായ അന്നം കൊണ്ടു്, ഉഭാ സഹ = രണ്ടുപേരെയും ഒരേ അവസരത്തിൽ തന്നെ, മാദയധ്യൈ = സന്തോഷി പ്പിയ്ക്കുന്നതിനു്. ഹുവേ = ഞാൻ വിളിയ്ക്കുന്നു. ഉഭാ = നിങ്ങൾ രണ്ടുപേരും, ഇഷാം = ഭക്ഷ്യ പദാർത്ഥങ്ങളുടേയും രയീണാം = ക്ഷേത്രാദി ധനങ്ങളുടേയും, ദാതാരൗ = ദാതാക്കൾ ആണു്. വാജസ്യ സാതയെ = അന്ന ലാഭ ത്തിനു് വേണ്ടി, വാം = നിങ്ങൾ രണ്ടുപേരെയും, ഹുവേ = ഞാൻ വിളിയ്ക്കുന്നു.

2. ഇന്ദ്രാഗ്നികളെ ഉദ്ദേശിച്ചുള്ള യാഗത്തിൻെറ യാജ്യ.
അശ്രവം ഹി ഭൂരിദാവത്തരാവാം
വിജാമാതുരുത വാഘാ സ്യാ ലാത്.
അഥാ സോമസ്യ പ്രയതീ യുവഭ്യാ-
മിന്ദ്രാഗ്നീ സ്തോമം ജനയാമി നവ്യം.

അഹം = ഞാൻ, വാം = നിങ്ങൾ രണ്ടു പേരെയും, വിജാ- മാതുഃ = വിശിഷ്ട ഗുണങ്ങളോടുകൂടിയ ജാമാതാവിനെ ക്കാളും, ഉതവാ = അല്ലെങ്കിൽ സ്യാ ലാത് = സ്യാലനെ ക്കാളും, ഭൂരിദാവത്തരാ = ധാരാളം ദാനം ചെയ്യുന്നവരാ ണെന്നു്, ഘ അശ്രവം = പ്രസിദ്ധമായി കേട്ടിട്ടുണ്ടു്. അഥ = അതുകൊണ്ടു്, സോമസ്യ = സോമസദൃശമായ ഈ ഹവിസ്സിൻെറ, പ്രയതീ = പ്രദാനം കൊണ്ടു് ഹേ ഇന്ദ്രാഗ്നീ = അല്ലയോ ഇന്ദ്രാഗ്നികളെ! യുവഭ്യാം = നിങ്ങൾക്കായിക്കൊണ്ടു്, നവ്യം = നൂതനമായ സ്തോത്രം ചെയ്യുന്നു (പുതിയ സ്തോത്രങ്ങളാൽ നിങ്ങളെ സ്തുതി യ്ക്കുന്നു)

3. യുദ്ധത്തിൽ വിജയിയായ രാജാവ് പതിനൊന്ന് പാത്രത്തിൽ പാകം ചെയ്ത പുരോഡാശം ഇന്ദ്രാഗ്നികളെ ഉദ്ദേശിച്ച് ഹോമം കഴിയ്ക്കുന്ന യാഗത്തിന്റെ പുരോ f വാക്യ.

ഇന്ദ്രാഗ്നീ നവതിം ദാസപത്നീരധൂനതം.
സാകമേകേന കർമണാ.

ദാസപത്നീഃ = തസ്കരന്മാരായ പ്രഭുക്കളുടെ ഭരണത്തിലിരുന്ന, നവതിം പുരഃ = തൊണ്ണൂറ് നഗരങ്ങൾ,സാകം, = ഒരുമിച്ച് തന്നെ, ഏകേന കർമണാ = ഒരു പ്രഹരം കൊണ്ട്, യൌ അധൂനതം = യാതൊരുത്തർ നശിപ്പിച്ചവോ, തൌ ഇന്ദ്രാഗ്നീ = അപ്രകാരമുള്ള ഇന്ദ്രാഗ്നികളെ! നിങ്ങൾ യജമാനനെ അനുഗ്രഹിച്ചാലും.

4. വിജയിയായ രാജാവ് ഇന്ദ്രാഗ്നികളെ ഉദ്ദേശിച്ച് നടത്തുന്ന യാഗത്തിന്റെ യാജ്യ

ശുചിംനുസ്തോമം നവജാതമദ്യേന്ദ്രാഗ്നീ
വൃത്രഹണാ ജുഷേഥാം ഉഭാഹിവാം
സുഹവാ ജോഹവീമി താവാജം സദ്യ
ഉശതേ ധേഷ്ഠാ.

ശുചിം = നിർദ്ദോഷമായതും, നവജാതം = പുതിയതായി ഉണ്ടായതും ആയ, സ്തോമം = സ്തോത്രം, അദ്യ = ഇന്ന് ഹേ ഇന്ദ്രാഗ്നീ = അല്ലയോ ഇന്ദ്രാഗ്നികളെ! വൃത്രഹണൌ = പാപം നശിപ്പിക്കുന്ന നിങ്ങൾ നുജുഷേഥാം = വേഗത്തിൽ സേവിച്ചാലും (കേട്ടാലും) ഹി = എന്തുകൊണ്ടെന്നാൽ, ഉഭാവാം = നിങ്ങൾ, രണ്ടുപേരും സുഹവാ = ആഹ്വാനം നിമിത്തം കോപിക്കാത്തവരാണ്. ജോഹവീമി = ഞാൻ നിങ്ങളെ കൂടെക്കൂടെ വിളിക്കുന്നു. താ = അപ്രകാരമുള്ള നിങ്ങൾ രണ്ടുപേരും വാജം ഉശതെ = അന്നം ആഗ്രഹിക്കുന്ന യജമാനന് സദ്യഃ = ഉടൻ തന്നെ, ധേഷ്ഠാ = കൊടുക്കുന്നവരായിത്തീരുക

5. യുദ്ധം ജയിച്ച് ജനതാ മദ്ധ്യത്തിൽ വരുമ്പോൾ "പൂഷാ"വിനെ ഉദ്ദേശിച്ച് ഒരു പാത്രത്തിൽ ഹവിസ്സ് പാകം ചെയ്തു സമർപ്പിയ്ക്കുന്നതിനുള്ള പുരോ/നുവാക്യ.

വയമുത്വാ പഥസ്പതേ രഥം ന വാജ സാതയേ
ധിയേ പൂഷന്ന യുജ്മഹി.

പഥസ്പതേ = സന്മാർഗ്ഗ ദർശകനായ, ഹേ പൂഷൻ = പൂഷാ എന്നു് പ്രസിദ്ധനായ ദേവ! വയം ഉ = ഞങ്ങൾ തന്നെ, ത്വാ = അങ്ങയെ, വാജസാതയെ = ഭക്ഷ്യലാഭത്തിനു വേണ്ടിയുള്ള, ധിയേ = കർമത്തിനും വേണ്ടി രഥം ന = രഥത്തെപ്പോലെ, ആ യുജ്മഹി = യോജിപ്പിയ്ക്കുന്നു.

6. പൂഷാവിനെ ഉദ്ദേശിച്ച് ഹവിസ്സ് സമർപ്പിയ്ക്കുന്ന യാഗത്തിന്റെ യാജ്യ.

പഥസ്പഥഃ പരിപതിം വചസ്യാ കാമേന
കൃതോഭ്യാനഡക്കം. സനോരാസ ച്ഛുരുധഃ
ചന്ദ്രാഗ്രാ ധിയം ധിയം സിഷധാതി പ്രപൂഷാ.

പഥസ്പഥഃ = എല്ലാ മാർഗ്ഗത്തിന്റേയും, പരിപതിം = രക്ഷകനും, അർക്കം = സ്തുതിയ്ക്കപ്പെടേണ്ടവനും ആയ പൂഷണം = പൂഷാ എന്ന ദേവനെ, കാമേന കൃതാഃ = ആഗ്രഹത്താൽ വശീകൃതരായ ജനങ്ങൾ, വചസ്യാ = സ്തോത്ര രൂപമായ വാക്കുകളെക്കൊണ്ടു്, അഭ്യാനട് = പ്രാപിയ്ക്കുന്നു. സഃ പൂഷാ = ആ പൂഷാ എന്ന ദേവൻ നഃ = ഞങ്ങൾക്ക്, ശുരുധഃ = ശോകത്തെ നശിപ്പിയ്ക്കുന്ന, ചന്ദ്രാഗ്രാഃ = ഓഷധികളെ, രാസത് = തരട്ടെ. ധിയം ധിയം = പ്രജ്ഞയേയും, പ്ര സിഷധാതി = പ്ര കർഷേണ സാധിയ്ക്കട്ടെ (പ്രജ്ഞ നൽകട്ടെ)

7. യുദ്ധം ജയിച്ച് ജനതാ മദ്ധ്യത്തിൽ വന്നതിനു് ശേഷം ക്ഷേത്രപതിയെ പ്രസാദിപ്പിയ്ക്കുന്നതിനുള്ള യാഗത്തിന്റെ പുരോ/നുവാക്യ–

ക്ഷേത്ര സ്യപതിനാവയം ഹി തേനേവ
ജയാമസി. ഗാമശ്വം പോഷയിത്വാ സ
നോ മൃഡാതീ ദൃശേ.

ക്ഷേത്രസ്യ പതിനാ = സസ്യനിഷ്പത്തിയ്ക്കു് ആധാര ഭൂതയായ ഭൂമിയുടെ അധിഷ്ഠാതൃ ദേവതയാൽ, വയം = ഞങ്ങൾ, ഹിതേന ഇവ = മിത്രത്താൽ അമിത്രത്തെ ജയിയ്ക്കുന്നതുപോലെ, ഗാം = പശുക്കളേയും അശ്വം = കതിരകളേയും, പോഷയിത്വ ആ = അന്നാദികളേയും. ജയാമസി = ജയിയ്ക്കട്ടെ സഃ = ആ ക്ഷേത്രപതി, നഃ = ഞങ്ങളെ, ഈ ദൃശേ = ഏതാദൃശമായ വസ്തുക്കളുടെ ലാഭം കൊണ്ടു്, മൃഡയാതി = സുഖം ഉള്ളവരാക്കിത്തീക്കട്ടെ. ''ആ'' എന്ന പദത്തിനു് ഈ പ്രകരണത്തിൽ സമുച്ചയമാണു്.

8. ക്ഷേത്രപതിയെ പ്രസാദിപ്പിയ്ക്കാനുള്ള യാഗത്തിന്റെ യാജ്യ.

ക്ഷേത്രസ്യപതേ മധുമന്തമൂർമിം ധേനരിവപയോ അസ്മാസുധുക്ഷ്വ മധുശ്ചുതം ഘൃതമിവസുപൂതം ഋതസ്യ നഃ പതയോ മൃഡയന്തു

ഹേക്ഷേത്രസ്യപതേ! = അല്ലയോ ക്ഷേത്രാധിഷ്ഠാന ദേവതേ! മധുമന്തം ഊർമിം = മധുരമായ ക്ഷീരാദികളോടു കൂടിയതും, മധുശ്ചുതം = മധുസ്രവിച്ചുകൊണ്ടിരിയ്ക്കുന്ന, ഘൃതം ഇവ = നെയ്യ് പോലെ പരിശുദ്ധമായതും ആയ, ഗവാദി സമുദായത്തെ, ധേനു; പയഃ ഇവ = പശു പാൽ തരുന്നതുപോലെ, ധുക്ഷ്വ = ഞങ്ങൾക്കു് തരിക ഋതസ്യ = യാഗത്തിന്റെ, പതയഃ = അധിപന്മാരായ അഗ്നിമുതലായ ദേവന്മാർ, നഃ = ഞങ്ങളുടെ, ഗവാദി സമുദായത്തെ, മൃഡയന്തു = സുഖിപ്പിയ്ക്കട്ടെ

9. ദർശപൂർണമാസത്തിനു് മുടക്കം വന്നാൽ അനുഷ്ഠിയ്ക്കേണ്ട യാഗത്തിന്റെ പുരോ *f* നുവാക്യ

അഗ്നേനയ സുപഥാരായേ അസ്മാൻ വിശ്വാനി ദേവ-വയുനാനി വിദ്വാൻ യുയോധ്യസ്മജ്ജുഹുരാണമേനോ ഭൂയിഷ്ഠാം തേ നമഉക്തിം വിധേമ.

ഹേ അഗ്നേ ദേവ = അല്ലയോ അഗ്നിദേവ! സുപഥാ = ശോഭനമായ മാർഗ്ഗത്തിൽക്കൂടി, അസ്മാൻ നയ = ഞങ്ങളെ നയിക്കുക. ത്വം = അങ്ങ്, രായേ = ധനത്തിന് വേണ്ടിയുള്ള. വിശ്വാനിവയുനാനി = എല്ലാ അഭിപ്രായങ്ങളും അറിയുന്നവനാണ്. അസ്മത് = ഞങ്ങളിൽ നിന്ന്. ജുഹുരാണം ഏനഃ = കുടിലമായ പാപം, യുയോധി = ഇല്ലാതെയാക്കുക. വയം = ഞങ്ങൾ, തേ = അങ്ങയ്ക്കു് ഭൂയിഷ്ഠാം നമ ഉക്തിം വിധേമ = അനേകം നമസ്കാര വചനം പറയുന്നു (പല പ്രാവശ്യം നമസ്കരിക്കുന്നു)

10. പൂർവ്വോക്ത യാഗത്തിന്റെ യാജ്യാ മന്ത്രം-

ആ ദേവാനാമപി പന്ഥാമഗന്മ

യച്ഛക്നവാമതദനു പ്രവോഢും

അഗ്നിർവിദ്വാൻ സ യജാത് സേദുഹോതാ

സോ ഽ ധ്വരാൻ സ ഋതൂൻ കല്പയാതി.

ദേവാനാം പന്ഥാം = ദേവന്മാരുടെ കർമ്മമാർഗ്ഗത്തിൽ യത് ശക്നവാമ തത് = എത്രത്തോളം കഴിയുമോ അത്രത്തോളം, അനുപ്രവോഢും = അവിച്ഛിന്നമായി നിർവ്വഹിക്കാൻ വയം ആ അഗന്മ = ഞങ്ങൾ ആഗതരായി ഭവിക്കട്ടെ. സഃ = ആ അഗ്നി തന്നെയാണ് യജാത് = യാഗം നടത്തിക്കുന്നതു്. വിദ്വാൻ സഃ ഇത് = യാഗസമ്പാദനോപായജ്ഞനായ ആ അഗ്നി തന്നെയാണ് അധ്വരാൻ ഹോതാ = ദേവന്മാരുടെ ഹോതാവായി കല്പയാതി = യാഗങ്ങളെ കൽപ്പിക്കുന്നതു് ഋതൂൻ കല്പയാതി = ഋതുക്കളേയും കൽപിക്കുന്നതു്.

11. ഇതു് പൂർവോക്ത യാഗത്തിന്റെ മറെറാരു പുരോഽനുവാക്യയാണ് (ഒൻപതാമത്തെ മന്ത്രമോ ഈ മന്ത്രമോ ചൊല്ലാം.)

യദ്വാഹിഷ്ഠം തദഗ്നയേ ബൃഹദർചവിഭാവസോ.

മഹിഷീവ ത്വ ദ്രയിസ്ത്വദ്വാജാ ഉദീരതേ.

വാഹിഷ്ഠഃ = പ്രീതി ജനിപ്പിയ്ക്കുന്ന, യത് തത് യാതൊരു സ്തോത്രമുണ്ടോ അതു്, അഗ്നയേ = അഗ്നിയ്ക്കു് വേണ്ടിയുള്ളതുതന്നെ. ഹേ വിഭാവസോ = മഹനീയമായ തേജസ്സോടുകൂടിയ അല്ലയോ അഗ്നേ! ത്വം = അങ്ങ് ബൃഹത് = പ്രശസ്തമായ എന്റെ സ്തോത്രത്തെ അർച = ബഹുമാനിക്കുക മഹിഷീ ഇവ = രാജ്ഞിക്കു് മഹാരാജാവിൽനിന്നു് ധനം ലഭിയ്ക്കുന്നതുപോലെ, ത്വത് = അങ്ങയിൽനിന്നു്, രയിഃ = ധനം ആരാധകർക്കു് ലഭിയ്ക്കുന്നു. വാജിഃ ത്വത് = അന്നവും അങ്ങയിൽനിന്നുണ്ടാകുന്നു.

12. പൂർവ്വോക്ത യാഗത്തിന്റെ യാജ്യാമന്ത്രം.

അഗ്നേത്വം പാരയാനവ്യോ അസ്മാൻ
സ്വസ്തിഭിരതി ദുർഗ്ഗാണി വിശ്വാ.
പൂശ്ചപൃഥ്വീ ബഹുലാന ഉർവ്വി
ഭവാതോ കായതനയായ ശംയോഃ.

ഹേ അഗ്നേ = അല്ലയോ അഗ്നേ! നവ്യഃ ത്വം = നൂതനനായ അങ്ങ്, വിശ്വാദുർഗ്ഗാണി = എല്ലാ പാപങ്ങളേയും, സ്വസ്തിഭിഃ = ശോഭനമായ മാർഗ്ഗങ്ങളിൽക്കൂടി അസ്മാൻ = ഞങ്ങളെ, അതിപാരയ = കടത്തിവിടുക. (പാപങ്ങളിൽനിന്നു് രക്ഷിയ്ക്കുക) നഃ = ഞങ്ങളുടെ പൂഃ ച = നഗരവും, പൃഥ്വീ = വിസ്തീർണ്ണമുള്ളതായി ഭവിയ്ക്കട്ടെ. ഉർവ്വീ = ഞങ്ങളുടെ വാസഭൂമി ബഹുലാഭവതു = ധനധാന്യാദികളോടു കൂടിയതായിത്തീരട്ടെ. തോകായ = ഞങ്ങളുടെ സന്താനങ്ങൾക്കും തനയായ = സന്താനങ്ങളുടെ സന്താനങ്ങൾക്കു്. ശംഭവ = സുഖം ഉണ്ടാക്കിക്കൊടുക്കുക. യോഃചഭവ = ആഗാമിയായ ഭയത്തേയും നശിപ്പിയ്ക്കുക.

13. വ്രതത്തിനു് നാശംവന്നാൽ അനുഷ്ഠിക്കേണ്ട വ്രാതപത്യയാഗത്തിന്റെ പുരോ*f*നുവാക്യാമന്ത്രം.

ത്വമഗ്നേവ്രതപാ അസി ദേവ ആ
മർത്ത്യേഷ്വാത്വം യജ്ഞേഷ്വീഡ്യഃ!

ഹേ അഗ്നേ = അല്ലയോ അഗ്നേ! ത്വം = അങ്ങ് ദേവമർത്ത്യേഷു = ദേവന്മാരിലും, മനുഷ്യരിലും, വ്രതപാഃ അസി = വ്രതങ്ങളുടെ രക്ഷകനാകുന്നു. ത്വം യജ്ഞേഷു ഈഡ്യഃ = അങ്ങ് തന്നെയാണ് യാഗങ്ങളിൽ സ്തുതിക്കപ്പെടുന്നതും.

14 പൂർവ്വോക്തയാഗത്തിന്റെ യാജ്യാമന്ത്രം.

യദ്വോ വയം പ്രമിനാമ വ്രതാനി വിദുഷാം

ദേവാ അവിദുഷ്ടരാസഃ. അഗ്നിഷ്ടദ്

വിശ്വമാ പൃണാതി വിദ്വാൻ യേഭിർദേവാം

ഋതുഭിഃ കല്പയാതി.

ഹേ ദേവാഃ = അല്ലയോ ദേവന്മാരെ! വിദുഷാം = വിദ്വാന്മാരായ, വഃ = നിങ്ങളുടെ. വ്രതാനി = കർമങ്ങൾ അവിദുഷ്ടരാസഃ = ജ്ഞാനം വളരെ കുറഞ്ഞവരായ വയം = ഞങ്ങൾ, യത് = യാതൊരു കാരണത്താലാണോ, പ്രമിനാമ = ഹിംസിച്ചതു്, യേഭിഃ ഋതുഭിഃ = യാതൊരു ഋതുക്കളാലാണോ, ദേവാൻ കല്പയാതി = ദേവന്മാരെ കല്പിക്കുന്നതു്, തദ് വിശ്വം = ആ കർമ്മജാതം മുഴുവൻ, വിദ്വാൻ = അറിയുന്നവനായ, അഗ്നിഃ = അഗ്നിദേവൻ ആ പൃണാതി = പൂരിപ്പിക്കട്ടെ.

ഇതി ചതുർദശോ ƒനുവാകഃ

പ്രഥമകാണ്ഡേ പ്രഥമഃ പ്രപാഠകഃ സമാപ്തഃ

പ്രഥമകാണ്ഡേ ദ്വിതീയഃ പ്രപാഠകഃ

പ്രഥമോ ƒനുവാകഃ

ആപ ഉന്ദന്തു ജീവസേ ദീർഘായുത്വായ വർചസ ഓഷധേ ത്രായസ്വൈനംസ്വധിതേ മൈനം ഹിംസീ ർദേവശ്രൂരേതാനി പ്രവപേ സ്വ സ്ത്യുത്തരാണ്യശീയാƒƒപോ അസ്മാൻ മാതരഃ ശുന്ധന്തു ഘൃതേന നോ ഘൃതപ്വഃ പുനന്തു വിശ്വമസ്മത്പ്രവ-ഹന്തു രിപ്രമുദാഭ്യഃ ശുചിരാപൂത ഏമി സോമസ്യ തനൂരസി തനുവം മേ പാഹി മഹീനാം പയോƒസി വർചോധാ അസി വർചോമയി ധേഹി വൃത്രസ്യ കനീനികാƒസി ചക്ഷുഷ്പാ അസി ചക്ഷുർമേ പാഹി ചിത്പതിസ്ത്വാ പുനാതു വാ-ക്പതി സ്ത്വാ പുനാതു ദേവസ്ത്വാ സവിതാ പുനാതച്ഛിദ്രേണ പവിത്രേണ വസോഃ സൂര്യസ്യ രശ്മിഭിസ്തസ്യതേ പവിത്ര-പതേ പവിത്രേണ യസ്മൈ കം പുനേ തച്ഛകേയമാവോ ദേവാസ ഈ മഹേ സത്യ ധർമാണോ അധ്വരേ യദ്വോ ദേവാസ ആഗുരേ യജ്ഞിയാസോ ഹവാ മഹ ഇന്ദ്രാഗ്നീ ദ്യാവാ പൃഥിവീ ആപ ഓഷധീസ്ത്വം ദീക്ഷാണാ മധിപതി-രസീഹ മാ സന്തം പാഹി 11 (108)

ആപഃ ഉന്ദന്തു ജീവസേ ദീർഘായുത്വായ വർചസേ ഓഷധേ ത്രായസ്വ ഏനം സ്വധിതേ മാ ഏനം ഹിംസീഃ ദേവശ്രൂഃ ഏതാനി പ്ര വപേ സ്വസ്തി ഉത്തരാണി അശീയ ആപഃ അസ്മാൻ മാതരഃ ശുന്ധന്തു ഘൃതേന നഃ ഘൃതപ്വഃ പുനന്തു വിശ്വം അസ്മത് പ്ര വഹന്തു രിപ്രം ഉദ് ആഭ്യഃ ശുചിഃ ആ പൂതഃ ഏമി സോമസ്യ തനൂഃ അസി തനുവം മേ പാഹി മഹീനാം പയഃ അസി വർചോധാഃ അസി വർചഃ മയി ധേഹി വൃത്രസ്യ കനീനികാ അസി ചക്ഷുഷ്പാഃ അസി ചക്ഷുഃ മേ പാഹി ചിത്പതിഃ ത്വാ പുനാതു വാക്പതിഃ ത്വാ പുനാതു ദേവഃ ത്വാ സവിതാ പുനാതു അച്ഛിദ്രേണ പവിത്രേണ വസോഃ സൂര്യസ്യ രശ്മിഭിഃ തസ്യ

തേ പവിത്രപതേ പവിത്രേണ യസ്മൈ കം പുനേ തത് ശകേയം ആ വഃ ദേവാസഃ ഈമഹേ സത്യധർമാണഃ അധ്വരേ യദ് വഃ ദേവാസഃ ആ ഗുരേ യജ്ഞിയാസഃ ഹവാമഹേ ഇന്ദ്രാഗ്നീ ദ്യാവാപൃഥിവീ ആപഃ ഓഷധീഃ ത്വം ദീക്ഷാണാം അധിപതിഃ അസി ഇഹ മാ സന്തം പാഹി.

1. ആപ ഉന്ദന്തു ജീവസേ ദീർഘായുത്വായ വർചസേ

ഈ പ്രപാഠകത്തിൽ ആധ്വരികം എന്നറിയപ്പെടുന്ന അഗ്നിഷ്ടോമമന്ത്രങ്ങൾ പറയപ്പെടുന്നു. യാഗത്തിന്റെ പ്രാരംഭമായി യജമാനൻ ക്ഷൌരകർമ്മം കഴിപ്പിച്ച് ശുചിയായി സ്നാനം കഴിച്ചതിനു ശേഷം വേണം യാഗകർമ്മം ആരംഭിക്കേണ്ടതു്. അതിനു ക്ഷൌരത്തിനു ശിരസ്സ് വെള്ളംകൊണ്ട് നനയ്ക്കുമ്പോൾ ചൊല്ലുന്ന മന്ത്രമാണ് ഇതു്.

ആപഃ = ജലം, ദീർഘായുത്വായ ജീവസേ = ഈ യാഗകർത്താവിനെ ദീർഘായുസ്സുള്ളവനായി ജീവിപ്പിക്കുന്നതിനും, വർചസേ = യാഗകർത്താവിനു ശരീര ദീപ്തി ഉണ്ടാകുന്നതിനും വേണ്ടി, ഉന്ദന്തു = ക്ഷൌരം ചെയ്യേണ്ട ശരീരഭാഗം നനയ്ക്കട്ടെ

2. ഓഷധേ ത്രായസ്വൈനം

ക്ഷൌരോപകരണമായി ഒരു ദർഭ കയ്യിലെടുത്തുകൊണ്ടു് ഈ മന്ത്രം ചൊല്ലുന്നു.

ഹേ ഓഷധേ = അല്ലയോ ഓഷധി ! ഏനം ത്രായസ്വ = ഈ യജമാനനെ രക്ഷിച്ചാലും.

3. സ്വധിതേ മൈനം ഹിംസീഃ

ഈ മന്ത്രം ചൊല്ലി ക്ഷൌരത്തിനുള്ള കത്തി എടുത്തു വെയ്ക്കുന്നു.

സ്വധിതേ = സ്വകാര്യ സമർത്ഥമായ ഹേക്ഷുര ! ഏനം മാ ഹിംസീഃ = ഈ യജമാനനെ ഹിംസിക്കരുതു്.

4. ദേവ ശ്രുരേതാനി പ്ര വപേ

ഇതു് ക്ഷൌരാവസരത്തിൽ ചൊല്ലേണ്ട മന്ത്രം.

ദേവശ്രുഃ = ദേവന്മാരുടെ ക്ഷുരകനെപ്പോലെ, ഏതാനി = ഈ കേശലോമങ്ങളെ, പ്ര വപേ = നല്ലപോലെ വപനം ചെയ്യുന്നു.

5. സ്വ സ്ത്യുത്തരാണ്യശീയ

ക്ഷൌരം ചെയ്ത ശരീരാവയവത്തെ സ്പർശിച്ചുകൊണ്ടു ചൊല്ലാനുള്ളതാണു് ഈ മന്ത്രം.

സ്വ സ്തി = മംഗളം ഉണ്ടാകട്ടെ. ഉത്തരാണി = മേൽ നടത്തേണ്ട കർമ്മങ്ങൾ, അശീയ = പുരോഗമിക്കട്ടെ

6. ആപോ ƒ സ്മാൻ മാതരഃ ശുന്ധന്തു
ഘൃതേന നോ ഘൃതപ്വഃ പുനന്തു

ക്ഷൌരാനന്തരം സ്നാനത്തിനു് യജമാനൻെറ ശിരസ്സിൽ വെള്ളം ഒഴിക്കുമ്പോൾ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

മാതരഃ ആപഃ = മാതൃസ്ഥാനത്തിലുള്ള ജലം, അസ്മാൻ പുനന്തു = ഞങ്ങളെ ശുദ്ധമാക്കട്ടെ. ഘൃതപ്വഃ = ജലം കൊണ്ടു് പരിശുദ്ധമാക്കുന്ന മേഘാദികൾ, ഘൃതേന പുനന്തു = ജലംകൊണ്ടു് ഞങ്ങളെ പരിശുദ്ധരാക്കട്ടെ.

(ഘൃതം എന്ന പദം ''ഘൃക്ഷരണേ'' എന്ന ധാതുവിൽ നിന്നുണ്ടായതാണു്- അതുകൊണ്ടു് ഒഴുകുന്നതു് എന്നു് അവയവാർത്ഥത്തിൽ പ്രയോഗിച്ചിരിക്കയാണു്)

7. വിശ്വമസ്മത് പ്രവഹന്തു രിപ്രം

ശരീരത്തിലുള്ള അഴുക്ക തേച്ചുകളയുമ്പോൾ ചൊല്ലാനുള്ള മന്ത്രമാണു് ഇതു്.

അസ്മത് = ഞങ്ങളിൽനിന്നു്, വിശ്വം രിപ്രം = എല്ലാ പാപവും, പ്രവഹന്തു = മാറിപ്പോകട്ടെ.

8. ഉദാഭ്യ ശ്ശുചിരാ പൂത ഏമി

സ്നാനം കഴിഞ്ഞു് വരുമ്പോൾ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ശുചിഃ = സ്നാനം കഴിഞ്ഞ് പരിശുദ്ധനായ ഞാൻ, ആഭ്യഃ = ഈ ജലത്തിൽ നിന്നു്, (ജലാശയത്തിൽ നിന്നു്) ഉദ് ആ ഏമി = കരയ്ക്കു കയറി വരുന്നു.

9. സോമസ്യ തന്രസിതന്വം മേപാഹി

വസ്ത്രം ഉടുക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

അല്ലയോ വസ്ത്രമേ ! നീ സോമസ്യതനൂഃ അസി = ചന്ദ്രനു് ശരീരം പോലെ പ്രിയപ്പെട്ടതാകുന്നു. മേതന്വം = എൻെറ ശരീരം, പാഹി = രക്ഷിച്ചാലും.

10. മഹീനാം പയോ ƒ സി വർചോധാ ƒ സി
വർചോമയിധേഹി

ഈ മന്ത്രം ചൊല്ലി മുഖത്തു് വെണ്ണ തേയ്ക്കുന്നു.

ഹേനവനീത = അല്ലയോ നവനീതമേ ! ത്വം = നീ, മഹീനാം പയഃ അസി = പശുക്കളുടെ പാൽ ആകുന്നു. വർചോധാഃ അസി = തേജസ്സുണ്ടാക്കുന്നതും ആകുന്നു. മയിവർചഃ ധേഹി = എനിയ്ക്കു് തേജസ്സുണ്ടാക്കി ത്തന്നാലും.

11. വൃത്രസ്യ കനീനികാ ƒ സിചക്ഷുഷ്പാ അസി
ചക്ഷുർമേ പാഹി

ഈ മന്ത്രം ചൊല്ലി കണ്ണുകളിൽ അഞ്ജനം തേയ്ക്കുന്നു.

ത്വം = നീ, വൃത്രസ്യ = വൃത്രൻ എന്ന അസുരൻെറ കനീനികാ അസി = കണ്ണുകളിൽ ഉള്ള കൃഷ്ണമണി ആകുന്നു. ചക്ഷുഷ്പാഃ അസി = കണ്ണുകളെ രക്ഷിയ്ക്കുന്നതും ആകുന്നു. മേചക്ഷുഃ പാഹി = എൻെറ കണ്ണുകളെ രക്ഷിയ്ക്കുക.

12. ചിത്പതി സ്ത്വാപുനാതു വാക്പതി സ്ത്വാപുനാതു
ദേവസ്ത്വാ സവിതാ പുനാതച്ഛിദ്രേണ
പവിത്രേണ വസോഃ സൂര്യസ്യരശ്മിഭിഃ.

ഈ മന്ത്രം ചൊല്ലി പുരോഹിതൻ ദർഭാഗ്രത്താൽ യജമാനനെ സ്പർശിയ്ക്കുന്നു.

അച്ഛിദ്രേണ = അച്ഛിന്നമായ, പവിത്രേണ = പവിത്രംകൊണ്ടു്, ചിത്പതിഃ = മനസ്സു്, ത്വാ പുനാതു = നിന്നെ, പരിശുദ്ധമാക്കട്ടെ. വാക്പതിഃ = വാഗിന്ദ്രിയം, ത്വാ പുനാതു = നിന്നെ പരിശുദ്ധമാക്കട്ടെ. സവിതാ ദേവഃ = സൽപ്രേരകനായ ദേവൻ, ത്വാ = നിന്നെ, വസോഃ സൂർയസ്യ = ലോകത്തെ ശുദ്ധികരിയ്ക്കുന്ന, രശ്മിഭിഃ = കിരണങ്ങളാൽ, പുനാതു = പരിശുദ്ധമാക്കട്ടെ.

13. തസ്യ തേ പവിത്രപതേ പവിത്രേണ
യത്കാമഃ പുനേ തച്ഛകേയം
യജമാനൻ ചൊല്ലുന്ന മന്ത്രമാണു് ഇതു്.

പവിത്രപതേ = പവിത്ര രൂപത്തിൽ വർത്തിയ്ക്കുന്ന രശ്മികളുടെ അധിപതിയായ ഹേ ദേവ! തേ പവിത്രേണ = അങ്ങയുടെ പവിത്ര രൂപത്തിലുള്ള രശ്മികളാൽ, യത്കാമഃ = യാതൊന്നിനു് വേണ്ടിയാണോ, കം = ആത്മാവിനെ (എന്നെ) പുനേ = ഞാൻ പരിശുദ്ധമാക്കുന്നതു്, തത് = ആ കാര്യം നിർവ്വഹിയ്ക്കാൻ, ശകേയം = ഞാൻ ശക്തനായിത്തീരട്ടെ. (ഇവിടെ ഉദ്ദേശിച്ചിരിയ്ക്കുന്ന പ്രയോജനം അഗ്നിഷ്ടോമയാഗത്തിന്റെ നിർവ്വഹണമാണു്.)

14. ആ വോ ദേവാസ ഈമഹേ സത്യധർമ്മാണോ
അധ്വരേ യദ്വോ ദേവാസ ആ ഗുരേ
യജ്ഞിയാസോ ഹവാമഹേ.

ഈ മന്ത്രം ചൊല്ലി യജമാനനെ യാഗ ശാലയിലേയ്ക്കു വിളിച്ചുകൊണ്ടു വരുന്നു.

സത്യ ധർമാണഃ = സത്യശീലരായ, ഹേ ദേവാസഃ = അല്ലയോ ദേവന്മാരെ! അധ്വരേ = യാഗസാദ്ധ്യയ്ക്കു് വേണ്ടി, വഃ ആ ഈമഹേ = നിങ്ങളോടു പ്രാർത്ഥിയ്ക്കുന്നു. (നിങ്ങളെ ഭജിക്കുന്നു) ഹേ യജ്ഞിയാസഃ

ദേവാസഃ = യാഗാർഹരായ അല്ലയോ ദേവന്മാരെ !
ആ ഗുദേ = യജ്ഞം ആരംഭിയ്ക്കുന്നതിന്, വഃ യത്-
ഹവാമഹേ തത് = നിങ്ങളെ വിളിച്ചുകൊണ്ടു് ഞങ്ങൾ
യാഗ ശാലയിലേയ്ക്ക് വരുന്നു.

15. ഇന്ദ്രാഗ്നീ ദ്യാവാ പൃഥിവീ ആപ ഓഷധീഃ

ഈ മന്ത്രം ചൊല്ലി യജമാനനെ യാഗ ശാലയിൽ പ്രവേശിപ്പിയ്ക്കുന്നു.

ഹേ ഇന്ദ്രാഗ്നീ = അല്ലയോ ഇന്ദ്ര, അല്ലയോ അഗ്നിദേവ !
ഹേ ദ്യാവാ പൃഥിവീ = അല്ലയോ സ്വർഗ്ഗമേ ഹേ ഭൂമീ!
ആപഃ = ജലമേ ! (അല്ലയോ ജലദേവതേ) ഓഷധീഃ =
ഓഷധികളെ ! നിങ്ങൾ യജമാനന് യാഗ ശാലയിൽ
പ്രവേശിയ്ക്കാൻ അനുവാദം നൽകിയാലും.

16. ത്വം ദീക്ഷണാമധി പതിരസി ഇഹ
മാ സന്തം പാഹി

ഈ മന്ത്രം ചൊല്ലി യജമാനൻ ആഹവനീയാഗ്നിയെ
നോക്കുന്നു.

അല്ലയോ ആഹവനീയാഗ്നേ ! അങ്ങ് ദീക്ഷാണാം അധി
പതിഃ അസി = ദീക്ഷകളുടെ അധിപതി ആകുന്നു. ഇഹ
സന്തം മാ പാഹി = ഈ ദീക്ഷയിൽ ഇരിയ്ക്കുന്ന എന്നെ
രക്ഷിച്ചാലും.

ഇതി പ്രഥമോ ƒ നുവാകഃ

ദ്വിതീയോ ƒ നുവാകഃ

ആകൂത്യൈ പ്രയുജേ ƒ ഗ്നയേ സ്വാഹാ മേധായൈ മനസേ ƒ ഗ്നയേ സ്വാഹാ ദീക്ഷായൈ തപസേ ƒ ഗ്നയേ സ്വാഹാ സരസ്വത്യൈ പൂഷ്ണേ ƒ ഗ്നയേ സ്വാഹാ ƒƒ പോ ദേവീർബൃഹതീർവിശ്വശംഭുവോ ദ്യാവാ പൃഥിവീ ഉർവ്വന്തരിക്ഷം ബൃഹസ്പതിർനോ ഹവിഷാ വൃധാതു സ്വാഹാ വിശ്വേ ദേവസ്യ നേതുർമർതോവൃണീത സഖ്യം വിശ്വേ രായ ഇഷുദ്ധ്യസി ദ്യുമ്നം വൃണീത പുഷ്യസേ സ്വാഹർക്സാമയോ ശില്പേ സ്ഥഃ സ്തേ വാമാരഭേ തേമാ

പാതമാ f സ്യ യജ്ഞസ്യോ ദ്ദ്വച ഇമാം ധിയം ശിക്ഷമാണസ്യ ദേവക്രതും ദക്ഷം വരുണ സം ശിശാധി യയാ f തി വിശ്വാ ദുരിതാ തരേമ സുതർമാണ മധി നാവം രുഹേമോർഗസ്യാ-ങ്ഗിരസ്യൂർണമ്രദാ ഊർജം മേ യച്ഛ പാഹി മാ മാ മാ ഹിംസീ വ്വിഷ്ണോഃ ശർമാസി ശർമ യജമാനസ്യ ശർമ മേ യച്ഛ നക്ഷ-ത്രാണാം മാ f തികാശാത്പാഹീന്ദ്രസ്യ യോനിരസി മാ മാ ഹിംസീഃ കൃഷ്യൈത്വാ സുസ സ്യായൈ സുപിപ്പലാഭ്യ-സ്ത്വൌഷധീഭ്യഃ സൂപസ്ഥാ ദേവോ വനസ്പതി രൂർദ്ധ്വോ മാ പാ ഹ്യോ ദ്ദ്വചഃ സ്വാഹാ യജ്ഞം മനസാ സ്വാഹാ ദ്യാവാ പൃഥിവീ ഭ്യാം സ്വാഹോ രോരന്തരിക്ഷാത് സ്വാഹാ യജ്ഞം വാതാ ദാരഭേ ll (130)

ആകൂത്യൈ പ്രയുജേ അഗ്നയേ സ്വാഹാ മേധായൈ മനസേ അഗ്നയേ സ്വാഹാ ദീക്ഷായൈ തപസേ അഗ്നയേ സ്വാഹാ സരസ്വത്യൈ പൂഷ്ണേ അഗ്നയേ സ്വാഹാ ആപഃ ദേവീഃ ബൃഹതീഃ വിശ്വ ശംഭുവഃ ദ്യാവാ പൃഥിവീ ഉരു അന്തരിക്ഷം ബൃഹസ്പതിഃ നഃ ഹവിഷാ വൃധാതു സ്വാഹാ വിശ്വേ ദേവസ്യ നേതുഃ മർതഃ വൃണീത സഖ്യം വിശ്വേ രായഃ ഇഷു ധ്യസി ദ്യുമ്നം വൃണീത പുഷ്യസേ സ്വാഹാ ഋക്സാമയോഃ ശില്പേ സ്ഥഃ തേ വാം ആ രഭേ തേ മാ പാതം ആ അസ്യ യജ്ഞസ്യ ഉദ്ദ്വച ഇമാം ധിയം ശിക്ഷമാണസ്യ ദേവ ക്രതും ദക്ഷം വരുണ സം ശിശാധി യയാ അതി വിശ്വാ ദുരിതാ തരേമ സുതർമാണം അധി നാവം രുഹേമ ഊർക് അസി ആങ്ഗിരസീ ഊർണമ്രദാ ഊർജം മേ യച്ഛ പാഹി മാ മാ മാ ഹിംസീഃ വിഷ്ണോഃ ശർമ അസി ശർമ യജമാനസ്യ ശർമ മേ യച്ഛ നക്ഷത്രാണാം മാ അതീകാശാത് പാഹി ഇന്ദ്രസ്യ യോനിഃ അസി മാ മാ ഹിംസീഃ കൃഷ്യൈ ത്വാ സുസസ്യായൈ സുപിപ്പലാഭ്യഃ ത്വാ ഓഷധീഭ്യഃ സൂപസ്ഥാഃ ദേവഃ വനസ്പതിഃ

ഊർദ്ധ്വഃ മാ പാഹി ആ ഉദൃചഃ സ്വാഹാ യജ്ഞം മനസാ സ്വാഹാ ദ്യാവാ പൃഥിവീഭ്യാം സ്വാഹാ ഉരോഃ അന്തരിക്ഷാത് സ്വാഹാ യജ്ഞം വാതാദ് ആ രഭേ.

1. ആ കൂത്യൈ പ്രയുജേ f ഗ്നയേസ്വാഹാ
മേധായൈ മനസേ f ഗ്നയേ സ്വാഹാ
ദീക്ഷായൈ തപസേ f ഗ്നയേസ്വാഹാ
സരസ്വത്യൈ പൂഷ്ണേ f ഗ്നയേസ്വാഹാ

ഈ മന്ത്രം ചൊല്ലി അഗ്നിയിൽ ഹോമിക്കുന്നു

ആകൂത്യൈ പ്രയുജേ = യാതൊരു ദേവനാണോ ആകൂതിയായിത്തീന്ന് കമ്മങ്ങളിൽ പ്രവത്തിപ്പിക്കുന്നത് (ആകൂതി = സങ്കൽപം) അഗ്നയേ സ്വാഹാ = ആ അഗ്നിസ്സായിക്കൊണ്ടു് ഹോമം ചെയ്യുന്നു.

മേധായൈ മനസേ = യാതൊരു ദേവനാണോ മേധാശക്തിയായിത്തീന്ന് ദുർബോധങ്ങളായ കാര്യങ്ങളെപ്പോലും നമ്മെ മനസ്സിലാക്കുന്നത്, അഗ്നയേസ്വാഹാ = ആ അഗ്നിസ്സായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു. (മേധാ = ധാരണാശക്തി) ദീക്ഷായൈതപസേ = യാതൊരു ദേവനാണോ സ്നാനാദി വ്രതനിയമങ്ങളായിത്തീന്ന് നമ്മെ തപസ്സ് ചെയ്യിക്കുന്നത്, അഗ്നയേ സ്വാഹാ = ആ അഗ്നിദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു സരസ്വത്യൈപൂഷ്ണേ = യാതൊരു ദേവനാണോ സരസ്വതിയായിത്തീന്ന് എല്ലാക്കാര്യങ്ങളേയും പോഷിപ്പിക്കുന്നത്. അഗ്നേയേസ്വാഹാ = ആ അഗ്നിദേവനായിക്കൊണ്ടു് ഞാൻ ഹോമിക്കുന്നു.

2. ആ പോ ദേവി ബൃഹതീവിശ്വ ശംഭുവോ
ദ്യാവാപൃഥിവി ഉരുന്തരീക്ഷം ബൃഹസ്പതി-
ർനോഹവിഷാവൃധാതു സ്വാഹാ

ഇതും അഗ്നിയിൽ ഹോമിക്കുന്നതിനുള്ള മന്ത്രമാണ്.

ദേവീ; = ദീപ്തിമത്തും, ബൃഹതീഃ = മഹത്വം ഉള്ളതും, വിശ്വശംഭുവഃ = ലോകത്തിന് സുഖം ഉണ്ടാക്കുന്നവയും ആയ, ഹേ ആപഃ = അല്ലയോ ജലമേ! നീ ദ്യാവാ പൃഥിവി = ദ്യോവും പൃഥിവിയും, ഉരു അന്തരീക്ഷം = വിസ്തൃതമായ ആകാശവും ആകുന്നു. നഃഹവിഷാ = ഞങ്ങൾ സമർപ്പിക്കുന്ന ഹവിസ്സ് കൊണ്ട്, ബൃഹസ്പതിഃ = ബ്രഹ്മാ, വൃധാതു = മൂന്നു ലോകങ്ങളെയും വർദ്ധിപ്പിക്കട്ടെ. സ്വാഹാ = അഗ്നിയിൽ ഹോമിക്കുന്നു. ''ബ്രഹ്മാവൈദേവാനാം ബൃഹസ്പതിഃ'' എന്ന വേദവാക്യമനുസരിച്ച് ബൃഹസ്പതി എന്ന പദത്തിന് ബ്രഹ്മാവ് എന്നർത്ഥം കല്പിച്ചിരിക്കുന്നു.

3 വിശ്വേ ദേവസ്യ നേതുർമർത്തോ വൃണീത സഖ്യം
വിശ്വേരായ ഇഷുധ്യസി ദ്യുമ്നം വൃണീത
പുഷ്യസേ സ്വാഹാ

ഈ മന്ത്രവും ചൊല്ലി ഹോമിക്കുന്നു.

വിശ്വേ = എല്ലാ പ്രാണികളും, ദേവസ്യനേതുഃ = സർവ്വപ്രേരകനായ ദേവൻെറ വശവർത്തികളാണ്, മർത്തഃ സഖ്യം വൃണീത = മനുഷ്യൻ സർവ്വപ്രേരകനായ ആ ദേവനുമായി സഖ്യംവരിക്കാൻ അർഹിക്കുന്നു. ഹേ വിശ്വേ = അല്ലയോ വിശ്വാത്മകനായ ദേവ! ത്വം = അങ്ങ്, രായഃ = ധനത്തിൻെറ, ഇഷുധ്യസി = ആവനാഴിപോലെയാകുന്നു. (ഇഷുധിയിൽനിന്നു ശരം എടുക്കുന്നതുപോലെ അങ്ങയിൽനിന്ന് ധനം ലഭിക്കുന്നു) ദ്യുമ്നംവൃണീത = ഞങ്ങൾ അങ്ങയിൽനിന്ന് ധനം യാചിക്കുന്നു. പുഷ്യസേ = അങ്ങ് ഞങ്ങളുടെ ധനാദികളെ വർദ്ധിപ്പിക്കുന്നു. സ്വാഹാ = സർവ്വാത്മകനായ ഈശ്വരനായിക്കൊണ്ട് ഞാൻ ഹോമിക്കുന്നു.

4. സ്വാഹർക് സാമയോഃ ശില്പേസ്ഥസ്തേ
വാ മാ രഭേ തേമാപാത മാസ്യയജ്ഞസ്യോദൃച.
ഈ മന്ത്രം ചൊല്ലി കൃഷ്ണാജിനം രണ്ട് വിരലുകൊണ്ട് സ്പർശിക്കുന്നു.

ഹേ ശുക്ലകൃഷ്ണേ = കൃഷ്ണാജിനത്തിലുള്ള വെളുപ്പുംകറുപ്പും-ആയ നിറങ്ങളേ! യവാം = നിങ്ങൾ ഋക്സാമയോഃ = ഋഗ്വേദത്തിൻേറയും സാമവേദത്തിൻേറയും, ശില്പേസ്ഥഃ = ശില്പങ്ങൾ ആകുന്നു തേ വാം അപ്രകാരമുള്ള നിങ്ങളെ, ആരഭേ = ഞാൻ തൊടുന്നു തേ = അപ്രകാരം എന്നാൽ സ്പർശിക്കപ്പെട്ട നിങ്ങൾ, അസ്യ = ഈ യാഗത്തിൻെറ ആ ഉദൃചഃ = സമാപ്തിവരെ, മാംപാഹി = എന്നെ രക്ഷിച്ചാലും.

5. ഇമാംധിയം ശിക്ഷമാണസ്യ ദേവ
ക്രതും ദക്ഷ വരുണ സംശിശാധി.
യയാതിവിശ്വാ ദുരിതാതരേമ
സുതർമാണ മധിനാവം രുഹേമ

ഈമന്ത്രം ചൊല്ലി യജമാനൻ കൃഷ്ണാജിനത്തിൽ ഇരിക്കുന്നു

ഹേ ദേവ വരുണ! = അല്ലയോ വരുണദേവ! ഇമാംധിയം = ഈ അഗ്നിഷ്ടോമയാഗം നടത്തണമെന്ന വിചാരം, ശിക്ഷമാണസ്യ = സ്വീകരിച്ചിരിക്കുന്ന എൻെറ. ദക്ഷക്രതും = അഭിവൃദ്ധികരമായ യാഗം, യയാ = യാതൊരു ബുദ്ധികൊണ്ട്, വിശ്വാദുരിതാ = എല്ലാദുരിതങ്ങളും, അതിതരേമ = കടന്നുപോകാൻ കഴിയുമോ, തയാ സംശിശാധി = ആ ബുദ്ധി ഞങ്ങൾക്കുപദേശിക്കുക. (സദുപദേശങ്ങളാൽ യാഗത്തെ സമാപ്തിയിലേയ്ക്ക് നയിക്കുക) സുതർമാണം നാവം = നല്ലപോലെ കടത്തിവിടാൻ സമർത്ഥമായ കപ്പലിൽ, അധിരുഹേമ = ഞങ്ങൾ ആരൂഢരായി.

6. ഊർഗസി ആങ്ഗിരസി ഊർണമ്രദാ ഊർജം
മേയച്ഛ പാഹിമാ മാമാ ഹിംസിഃ

ഈ മന്ത്രം ചൊല്ലി മേഖല അരയിൽ കെട്ടുന്നു.

ഹേമേഖലേ! ത്വം = നീ,ആങ്ഗീരസി = അംഗിരസ്സിനെ സംബന്ധിച്ച, ഊർഗ്അസി = ബലമാകുന്ന ഊർണമ്രദാ അസി = ആടിൻെറ രോമംപോലെ മൃദുവും

ആകുന്നു. മേ ഊർജം യച്ഛ = എനിയ്ക്കു് ബലം തന്നാലും. മാം പാഹി = എന്നെ രക്ഷിച്ചാലും. മാമ ഹിംസീഃ = എന്നെ ഹിംസിക്കരുതു്.

7. വിഷ്ണോഃ ശർമാസി ശർമയജമാനസ്യ മേയച്ഛ

നക്ഷത്രാണാം മാƒതീകാശാത്

ഈ മന്ത്രം ചൊല്ലി യജമാനനെ വസ്ത്രം ധരിപ്പിയ്ക്കുന്നു

അല്ലയോ വസ്ത്രമേ! ത്വം വിഷ്ണോഃ ശർമ അസി = നീ വിഷ്ണുവിനു് സുഖഹേതുവാകുന്നു. യജമാനസ്യ ശർമ അസി = യാഗകർത്താവിൻേറയും സുഖത്തിനു് കാരണമാകുന്നു. മേ ശർമ യച്ഛ = എനിയ്ക്കു് സുഖം തന്നാലും നക്ഷത്രാണാം = നക്ഷത്രങ്ങളുടെ, അതികാശാത് = ഛിദ്രത്തിൽ നിന്നു് മാം പാഹി = എന്നെ രക്ഷിച്ചാലും വസ്ത്രംകൊണ്ടു് മറയാത്ത ശരീരാവയവങ്ങളെ നക്ഷത്ര ദേവതകൾ രക്ഷിയ്ക്കട്ടെ എന്നു സാരം)

8. പാഹിന്ദ്രസ്യയോനിരസി മാമാഹിംസീഃ

ഈ മന്ത്രം ചൊല്ലി കൃഷ്ണമൃഗത്തിൻെറ കൊമ്പുകൾ യജമാനനു് കൊടുക്കുന്നു.

ഹേ കൃഷ്ണ വിഷാണ! = അല്ലയോ കൃഷ്ണമൃഗത്തിൻെറ കൊമ്പ! ത്വം = നീ, ഇന്ദ്രസ്യ യോനിഃ അസി = ദേവേന്ദ്രൻെറ ജനനത്തിനു് കാരണമാകുന്നു. മാ = എന്നെ മാ ഹിംസീ: = ഉപദ്രവിയ്ക്കരുതു്.

9. കൃഷ്യൈ ത്വാ സുസ സ്യായൈ

ഈ മന്ത്രം ചൊല്ലി കൃഷ്ണമൃഗത്തിൻെറ കൊമ്പു് കൊണ്ടു് വേദിയിൽ ഒരു ഭാഗം ഇളക്കുന്നു.

ഹേ പൃഥിവി! = അല്ലയോ ഭൂമി! സുസസ്യായൈ = ശോഭനമായ. സസ്യസമ്പത്തിനു് വേണ്ടി, ത്വാ കൃഷ്യൈ = നിന്നെ ഇളക്കുന്നു.

10. സുപിപ്പലാഭ്യ സ്ത്വൗഷ ധീഭ്യഃ

ഈ മന്ത്രം ചൊല്ലി കൃഷ്ണമൃഗത്തിൻെറ കൊമ്പിൻെറ അഗ്രം കൊണ്ടു് യജമാനൻ തൻെറ ശിരസ്സിൻെറ വലതു ഭാഗം ചൊറിയുന്നു.

സുപിപ്പലാഭ്യ: = നല്ല ഫലങ്ങളുണ്ടാകുന്ന, ഓഷധിഭ്യ: = ഓഷധികൾക്കുവേണ്ടി, ത്വാ കൺഡൂയേ = നിന്നെ ചൊറിയുന്നു

11. സൂപസ്ഥാ ദേവോ വനസ്പതി രൂർദ്ധ്വാ

മാ പാഹ്യോ ദൃചഃ

ഈ മന്ത്രം ചൊല്ലി യജമാനൻെറ കയ്യിൽ ഔദുംബര ദണ്ഡം കൊടുക്കുന്നു.

സൂപസ്ഥാഃ = നേരെ നിൽക്കുന്നതും, ദേവഃ = ദീപ്തിമത്തും, ഊർദ്ധ്വഃ = വളവില്ലാത്തതും ആയ, വനസ്പതിഃ = വൃക്ഷത്തിൻെറ ശാഖ, ഉദൃചഃ = യാഗ സമാപ്തിവരെ, മാ പാഹി = എന്നെ രക്ഷിയ്ക്കട്ടെ.

12. സ്വാഹാ യജ്ഞം മനസാ സ്വാഹാ

ദ്യാവാ പൃഥിവീഭ്യാം സ്വാഹോ രോരന്തരിക്ഷാത്

സ്വാഹാ യജ്ഞം വാതാ ദാരഭേ

യജമാനൻ ഈ മന്ത്രം ചൊല്ലുന്നു

സ്വാഹാ = യാഗം ചെയ്യേണ്ടതാണെന്നു് വാഗ്ദേവത സ്വയം പറഞ്ഞതുകൊണ്ടു്, അഹം = ഞാൻ, മനസാ = മനസ്സുകൊണ്ടു്, യജ്ഞം ആരഭേ = യാഗം ആരംഭിയ്ക്കുന്നു. ദ്യാവാപൃഥിവീഭ്യാം = ദ്യോവിനും പൃഥിവിയ്ക്കും വേണ്ടി, യജ്ഞം ആരഭേ = ഞാൻ യാഗം ആരംഭിയ്ക്കുന്നു ഉരോഃ അന്തരിക്ഷാത് = വിസ്തീർണ്ണമായ അന്തരിക്ഷത്തിനു് വേണ്ടി, യജ്ഞം ആരഭേ = ഞാൻ യാഗം ആരംഭിയ്ക്കുന്നു. വാതാദ് = വായുവിനു് വേണ്ടി, യജ്ഞം ആരഭേ = യാഗം ആരംഭിയ്ക്കുന്നു.

ഇതി ദ്വിതീയോ ƒ നുവാകഃ

തൃതീയോ$/$നുവാകഃ

ദൈവീം ധിയം മനാമഹേ സുമൃഡീകാമഭിഷ്ടയേ വർച്ചോധാം യജ്ഞവാഹസം സുപാരാ നോ അസദ്വശേ. യേ ദേവാ മനോ ജാതാ മനോയുജഃ സുദക്ഷാ ദക്ഷപിതാരസ്തേനഃ പാന്തു തേ നോ$/$വന്തു തേഭ്യോ നമ സ്തേഭ്യ സ്വാഹാ. ഗ്നേ ത്വം സുജാഗൃഹി വയം സുമന്ദിഷീമഹി ഗോപായനഃ സ്വസ്തയേ പ്രബുധേ നഃ പുനർദദഃ. ത്വമഗ്നേ വ്രതപാ അസി ദേവ ആ മർത്ത്യേഷ്വാ. ത്വം യജ്ഞേഷ്വീഡ്യഃ. വിശ്വേ ദേവാ അഭി മാ മാ$/$വ വൃത്രൻ പൂഷാ സന്യാ സോമോ രാധസാ ദേവഃ സവിതാ വസോവ്സുദാവം രാസ്വേയത്സോമാ$//$ഭൂയോ ഭര മാ പൃണൻ പൂർത്യാ വിരാധി മാ$/$ഹമായുഷാ ചന്ദ്രമസി മമ ഭോഗായ ഭവ വസ്ത്രമസി മമ ഭോഗായ ഭവോസ്രാസി മമ ഭോഗായ ഭവ ഹയോ$/$സി മമ ഭോഗായ ഭവ ഛാഗോ$/$സി മമ ഭോഗായ ഭവ മേഷോ$/$സി മമ ഭോഗായ ഭവ വായവേ ത്വാ വരുണായ ത്വാ നിർഋത്യൈ ത്വാ രുദ്രായ ത്വാ ദേവീരാപോ അപാം നപാദ്യ ഊർമിർഹവിഷ്യ ഇന്ദ്രിയാവാന്മ ദിന്തമസ്തം വോ മാവ ക്രമിഷമച്ഛിന്നം തന്തും പൃഥിവ്യാ അനുഗേഷം ഭദ്രാദഭിശ്രേയഃ പ്രേഹി ബൃഹസ്പതിഃ പുര എതാതേ അസ്ത്വഥേമവസ്യ വര ആ പൃഥിവ്യാ ആരേ ശത്രൂൻ കൃണുഹി സർവ്വവീര ഏതദമഗന്മ ദേവയജനം പൃഥിവ്യാ വിശ്വേദേവാ യദജുഷന്ത പൂർവ്വ ഋക്സാമഭ്യാം യജുഷാ സന്തരന്തോ രായസ്പോഷേണ സമിഷാ മദേമ ‖ (175)

ദൈവീം ധിയം മനാമഹേ സുമൃഡീകാം അഭിഷ്ടയേ വർച്ചോധാം യജ്ഞവാഹസം സുപാരാ നഃ അസത് വശേ യേ ദേവാഃ മനോജാതാഃ മനോയുജഃ സുദക്ഷാഃ ദക്ഷപിതാരഃ തേ നഃ പാന്തു തേ നഃ അവന്തു തേഭ്യഃ നമഃ തേഭ്യഃ സ്വാഹാ അഗ്നേ ത്വം സു ജാഗൃഹി വയം സു മന്ദിഷീമഹി ഗോപായ നഃ സ്വസ്തയേ പ്രബുധേ നഃ പുനഃ ദദഃ ത്വം അഗ്നേ വ്രതപാ; അസി ദേവ ആ മർത്ത്യേഷു ആ ത്വം യജ്ഞേഷു

ഈഡ്യഃ വിശേ്വ ദേവാഃ അഭി ആ അവവൃത്രൻ പൂഷാ സന്യാ സോമഃ രാധസാ ദേവഃ സവിതാ വസ്വഃ വസുദാവാ രാസ്വ ഇയത് സോമ ആ ഭൂയഃ ഭര മാ പൃണൻ പൂർത്യാ വി രാധി മാ അഹം ആയുഷാ ചന്ദ്രം അസി മമ ഭോഗായ ഭവ വസ്ത്രം അസി മമ ഭോഗായ ഭവ ഉസ്രാ അസി മമ ഭോഗായ ഭവ ഹയഃ അസി മമ ഭോഗായ ഭവ ഛാഗഃ അസി മമ ഭോഗായ ഭവ മേഷഃ അസി മമ ഭോഗായ ഭവ വായവേ ത്വാ വരുണായ ത്വാ നിർഋത്യൈ ത്വാ രുദ്രായ ത്വാ ദേവീഃ ആപഃ അപാം നപാത് യഃ ഊർമിഃ ഹവിഷ്യഃ ഇന്ദ്രിയവാൻ മദിന്തമഃ തം വഃ മാ അവ ക്രമിഷം അച്ഛിന്നം തന്തും പൃഥിവ്യാ അനു ഗേഷം ഭദ്രാത് അഭി ശ്രേയഃ പ്ര ഇഹി ബൃഹസ്പതിഃ പുരഏതാ തേ അസ്തു അഥ ഈം അവ സ്യ വരേ ആ പൃഥിവ്യാ ആരേ ശത്രൂൻ കൃണുഹി സർവ്വവീര ആ ഇദം അഗന്മ ദേവയജനം പൃഥിവ്യാഃ വിശേ്വ ദേവാഃ യദ് അജുഷന്ത പൂർവ്വേ ഋക്സാമാഭ്യാം യജുഷാ സന്തരന്തഃ രായഃ പോഷേണ സം ഇഷാ മദേമ.

1. ദൈവീം ധിയം മനാമഹേസുമൃഡീകാം
മഭിഷ്ടയേ. വർചോധാം യജ്ഞവാഹസം
സുപാരാനോ അസദ്വശേ.

മദ്ധ്യരാത്രിയിൽ യജമാനൻ ഉണൎന്ന് ഈ മന്ത്രം ചൊല്ലി ആചമനം ചെയ്യുന്നു.

അഭിഷ്ടയെ = യാഗനിർവഹണത്തിന്ന് വേണ്ടി, സുമൃഡീകാം = സുഖഹേതുവായിട്ടുള്ളതും, വർചോധാം = ദീപ്തിയെത്തരുന്നതും, യജ്ഞവാഹസം = യാഗനിർവഹണത്തിന്ന് ശക്തിയുണ്ടാക്കുന്നതും ആയ, ദൈവീം ധിയം = ദൈവീകമായ വിചാരം, മനാമഹേ = വീണ്ടും വീണ്ടും ഉറപ്പിക്കുന്നു. സാ ധീഃ = അപ്രകാരമുള്ള ബുദ്ധി,

സൂപാരാ = സമാപ്തി സാധന ഭ്രതയായി, നഃ വശേ അസത് = ഞങ്ങൾക്ക വശമായിത്തീരട്ടെ.

2. യേ ദേവാ മനോജാതാ മനോയുജഃ
സുദക്ഷാദക്ഷപിതാരസ്തേനഃ പാന്തു
തേ നോഽവന്തു തേഭ്യോ നമസ്തേഭ്യഃ സ്വാഹാ

ഈ മന്ത്രം ചൊല്ലി യജമാനനെ വ്രതം സ്വീകരിപ്പിക്കുന്നു. മനോ ജാതാഃ = മനസ്സോടുകൂടി ജനിച്ചവരും, മനോയുജഃ = വിഷയാവധാരണ ലക്ഷണമായ മനസ്സോടു, കൂടി യോജിച്ചിരിക്കുന്നവരും, സുദക്ഷാഃ അതീവസമത്ഥരും, ദക്ഷപിതാരഃ = ദക്ഷപ്രജാപതിയുടെ പുത്രന്മാരും ആയ, യേ ദേവാഃ = യാതൊരു ദേവന്മാരുണ്ടോ, തേ = അവർ, നഃ പാന്തു = ഞങ്ങളെ രക്ഷിക്കട്ടെ തേ നഃ അവന്തു = അവർ ഞങ്ങളിൽ പ്രീതിയുള്ളവരായിത്തീരട്ടെ തേഭ്യഃ നമഃ = അവക്കായിക്കൊണ്ട് നമസ്കാരം. തേഭ്യഃ സ്വാഹാ = ആ ദേവന്മാരുടെ പ്രീതിക്കായി ക്കൊണ്ട് ഭവിക്കട്ടെ.

("അവ" ധാതു രക്ഷണ ഗതി കാന്തി പ്രീതി മുതലായ അനേകം അത്ഥമുള്ളതാണ് അതുകൊണ്ട് അവന്തു എന്നുള്ളതിന്ന് പ്രീതിയുള്ളവരായി തീരട്ടെ എന്നത്ഥം വർണ്ണിച്ചിരിക്കുന്നു. ഹോമം ചെയ്യാതെ "സ്വാഹാ" എന്ന് മന്ത്രത്തിൽ പറയുമ്പോഴും പ്രീതി ഉണ്ടാകട്ടെ എന്നാണ് ആശയം.

3. അഗ്നേ ത്വം സുജാഗൃഹി വയം സുമന്ദിഷീ മഹി.
ഗോപായ നഃ സ്വസ്തയേ പ്രബുധേ നഃ പുനർദദഃ.

യജമാനൻ ഉറങ്ങാൻ കിടക്കുന്ന അവസരത്തിൽ ചൊല്ലുന്ന മന്ത്രമാണ് ഇതു്.

അഗ്നേ = അല്ലയോ അഗ്നേ! ത്വം സുജാഗൃഹി = അങ്ങ് നല്ലപോലെ ഉണർന്നിരിയ്ക്കുക. വയം = ഞങ്ങൾ, സുമന്ദിഷീമഹി = പേടിയില്ലാതെ സുഖമായി ഉറങ്ങട്ടെ. സ്വസ്തയേ ഭവ = ഞങ്ങൾക്ക സുഖം ഉണ്ടാക്കി

ത്തരിക. പുനഃ = വീണ്ടും, നഃ = ഞങ്ങളെ, പ്രബുധേ-ദ്ദേഃ = ഉണരാൻ ശക്തിയുള്ളവരാക്കിത്തീർക്കുക.

4. ത്വ മഗ്നേ വ്രതപാ അസി ദേവ ആ
മർത്ത്യേഷ്വാ ത്വം യജ്ഞേഷ്വീഡ്യഃ.

[ഈ മന്ത്രം 1-1-14 ൽ പതിമൂന്നാമത്തെ മന്ത്രമായി വന്നിട്ടുണ്ട്] ഈ മന്ത്രം ചൊല്ലി ഉണർന്ന യജമാനൻ സ്വസ്തി വാചനം നടത്തുന്നു.

5. വിശ്വേ ദേവാ അഭി മാ മാ വൃത്രൻ പൂഷാ
സന്യാ സോമോ രാധസാ ദേവഃ സവിതാ
വസോർവ് സുദാവാ

ഈ മന്ത്രം ചൊല്ലി യജ്ഞത്തിനാവശ്യമുള്ള പദാർത്ഥങ്ങൾ കൊണ്ടുവരാൻ ആളുകളെ അയയ്ക്കുന്നു.

വിശ്വേ ദേവാഃ = എല്ലാ ദേവന്മാരും, മാം അഭി ആ അവ വൃത്രൻ = ധനാദികളോടുകൂടി എന്റെ സമീപത്തിലേയ്ക്കു വരട്ടെ. പൂഷാസനിം ആദായ = പൂഷാ എന്ന ദേവൻ സ്വർണ്ണം എടുത്തു കൊണ്ടു, മാം അഭി ആ അവ വൃത്രൻ = എന്റെ സമീപത്തിലേയ്ക്ക് വരട്ടെ. സോമഃ രാധസാ = സോമദേവൻ വസ്ത്രങ്ങളോടുകൂടി എന്റെ സമീപത്തിലേയ്ക്കു വരട്ടെ. വസുദാവാ = വിശിഷ്ട പദാർത്ഥങ്ങൾ തരുന്ന, ദേവഃ സവിതാ = സവിതൃദേവൻ വസോഃ ആ ഗച്ഛതു = വിശിഷ്ട പദാർത്ഥങ്ങൾ കൊണ്ടു വരട്ടെ.

6. രാസ്വേയത് സോമാ ƒ ഭൂയോ ഭര മാ പൃണൻ
പൂർത്ത്യാ വിരാധി മാ ƒ ഹ മായുഷാ

ധനാദി കൊണ്ടുവരുന്ന ആളിനെ നോക്കി ചൊല്ലുന്ന മന്ത്രമാണ് ഇത്.

ഹേ സോമ = അല്ലയോ സോമ! ഇയത്‌രാസ്വ = ഈ ധനം എനിയ്ക്കു തന്നാലും, ഭൂയഃ ആഭര = വീണ്ടും ധനം

ഉണ്ടാക്കിത്തരിക. മാം = എന്നെ, പൂർത്യാ മാ വിരാധി = ധനാപുഷ്ടി ഇല്ലാത്തവനാക്കരുതു്. അഹം ആയുഷാ മാ രാധി = എന്നെ ആയുസ്സില്ലാത്തവനാക്കരുതു്.

7. ചന്ദ്രമസി മമ ഭോഗായ ഭവ.

യാഗത്തിനായി കൊണ്ടുവന്ന സ്വർണ്ണം സ്വീകരിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ സ്വർണ്ണമേ ! നീ ചന്ദ്രം അസി = എല്ലാവരേയും സന്തോഷിപ്പിയ്ക്കുന്നതാകുന്നു മമ ഭോഗായ ഭവ = എൻെറ ഉപയോഗത്തിനു് അർഹമായിത്തീരുക.

8 വസ്ത്രമസി മമ ഭോഗായ ഭവ

വസ്ത്രം സ്വീകരിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രമാണു് ഇതു്. അല്ലയോ വസ്ത്രമേ ! നീ, വസ്ത്രം അസി = ശരീരം മറയ്ക്കാനുള്ളതാകുന്നു. മമ ഭോഗായ ഭവ = എൻെറ ഉപയോഗത്തിനു് അർഹമായിത്തീരുക.

9 ഉസ്രാ/സി മമ ഭോഗായ ഭവ

പശുവിനെ സ്വീകരിച്ചുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ ധേനോ ! നീ ഉസ്രാ അസി = ക്ഷീരം തരുന്നതുകൊണ്ടു് ജനങ്ങളുടെ വാസത്തിനു് കാരണം ആകുന്നു. മമ ഭോഗായ ഭവ = എൻെറ ഉപയോഗത്തിനർഹമായിത്തീരുക.

10 ഹയോ/സി മമ ഭോഗായ ഭവ

കുതിരയെ സ്വീകരിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ഹേ അശ്വമേ ! നീ ഹയഃ അസി = വേഗതയുള്ളതാകുന്നു. മമ ഭോഗായ ഭവ = എൻെറ ഉപയോഗത്തിനർഹമായിത്തീരുക.

11 ഛാഗോ/സി മമ ഭോഗായ ഭവ

ഇതു് ഒരുതരം ആടിനെ സ്വീകരിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രം ആണു്.

ത്വം ഛാഗഃ അസി = നീ ഛാഗം എന്നറിയപ്പെടുന്ന ആടാകുന്നു. മമ ഭോഗായ ഭവ = എന്റെ ഉപയോഗത്തിനർഹമായിത്തീരുക.

12. മേഷോ ऽ സിമമഭോഗായഭവ

മറ്റൊരുതരം ആടിനെ സ്വീകരിച്ചുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

മേഷഃ അസി = നീ മേഷം എന്നറിയപ്പെടുന്ന ആടാകുന്നു. മമഭോഗായ ഭവ = എന്റെ ഉപയോഗത്തിനർഹമായിത്തീരുക.

13. വായവേ ത്വാ വരുണായത്വാനിർഋതൈ്യത്വാ രുദ്രായത്വാ.

യാഗത്തിനുവേണ്ടി യജമാനൻ സ്വീകരിച്ചതും എന്നാൽ യാഗസ്ഥലത്തു എത്തുന്നതിനു മുൻപിൽ മരിച്ചുപോയതുമായ മൃഗങ്ങളെ ദേവന്മാർക്കായി സമർപ്പിച്ചുകൊണ്ടു ചൊല്ലുന്ന മന്ത്രമാണു് ഇതു്.

വായവെ ത്വാ = വായുവിനായിക്കൊണ്ടു് നിന്നെ ഞാൻ സമപ്പിക്കുന്നു. വരുണായത്വാ = വരുണനായിക്കൊണ്ടു് നിന്നെ ഞാൻസമപ്പിക്കുന്നു. നിർഋതൈ്യത്വാ = നിരർതിയ്ക്കായിക്കൊണ്ടു നിന്നെ ഞാൻ സമപ്പിയ്ക്കുന്നു.

14. ദേവീരാപോഅപാം നപാദ്യഊർമി- ഹ്വവിഷ്യ ഇന്ദ്രിയാവാൻ മദിന്തമസ്തം വോ മാവ ക്രാമിഷമച്ഛിന്നം തന്തും പൃഥിവ്യാ അനുഗേഷം.

ഈ മന്ത്രം ചൊല്ലി യജമാനൻ സ്നാനത്തിനു് ജലത്തിൽ ഇറങ്ങുന്നു.

ഊർമിഃ = ഊർമിയോടുകൂടിയതും, ഹവിഷ്യഃ = ഹവിഹ്രണ സമത്ഥവും, ഇന്ദ്രിയാവാൻ = വീർയത്തോടുകൂടിയതും, മദിന്തമഃ = സന്തോഷിപ്പിയ്ക്കുന്നതും ആയ, ഹേ ആപഃ = അല്ലയോ അപ്പുകളെ! വഃ = നിങ്ങളെ

സംബന്ധിച്ചതായ, ഊർമിം = തരംഗങ്ങളെ, മാ അവ- ക്രമിഷം = ഞാൻ കടന്നു പോകാതിരിയ്ക്കട്ടെ. അഹം = ഞാൻ, പൃഥിവ്യാഃ = ഭൂമിയുടെ അച്ഛിന്നം തന്തും = അച്ഛിന്നമായ യാഗം, അനുഗവേഷം = അവിഘ്നമായി നടത്തട്ടെ

15. ഭദ്രാദഭി ശ്രേയഃ പ്രേഹി ബൃഹസ്പതിഃ
പുരഏത്താ തേ അസ്തു

സ്നാനം കഴിഞ്ഞു് പോകുമ്പോൾ ചൊല്ലേണ്ട മന്ത്രമാണു് ഇതു്.

ഭദ്രാത് = പ്രശസ്തമായ ഈ സ്ഥാനത്തുനിന്നു്, ശ്രേയഃ = ശ്രേയസ്കരമായ സ്ഥാനത്തേയ്ക്കു്, അഭി പ്രേഹി = പോവുക (ഇതു് ആന്തരാത്മാവിനെ സംബോധന ചെയ്തു പറയുന്നതാണു്) ബൃഹസ്പതിഃ = ബൃഹസ്പതി, തേ പുരഃ = നിന്റെ മുൻപിൽ, ഏത്താ അസ്തു = പോകുന്നവനായി ത്തീരട്ടെ.

16. അഥേ മവസ്യ വര ആ പൃഥിവ്യാ

യാഗ സ്ഥലത്തേയ്ക്കു പുറപ്പെടുന്നതിനു് മുൻപു് ചൊല്ലുന്ന മന്ത്രം ആണു് ഇതു്.

അഥ = അനന്തരം, പൃഥിവ്യാഃ = ഭൂമിയുടെ ഒരു ഭാഗത്തിൽനിന്നും, വരേ = ശ്രേഷ്ഠമായ സ്ഥാനത്തിൽ അവസ്യ ഈം = സ്ഥിരമായിരുന്നാലും.

17. ആരേ ശത്രൂൻ കൃണുഹി സർവ്വവീര

ഈ മന്ത്രം ചൊല്ലി ഉദിച്ചു വരുന്ന സൂര്യനെ ഉപാസിയ്ക്കുന്നു.

ഹേ സർവ്വവീര = സർവ്വവീരനായ ആദിത്യ! ശത്രൂൻ = ഞങ്ങളുടെ ശത്രുക്കളെ, ആരേ കൃണുഹി = ദൂരെയാക്കുക.

18. ഏദമഗന്മ ദേവയജനം പൃഥിവ്യാ വിശ്വേ ദേവാ
യദ ജുഷന്ത പൂർവ്വേ. ഋക്സാമാഭ്യാം യജുഷാ
സന്തരന്തോ രായസ്പോഷേണ സമിഷാ മദേമ.

ഉദ്ദിഷ്ടമായ യാഗ സ്ഥലത്തു നിന്നുകൊണ്ടു് ചൊല്ലുന്ന മന്ത്രമാണു് ഇതു്.

ദേവയജനം ഇദം = ദേവയാഗത്തിനു് വേണ്ടിയുള്ള ഈ സ്ഥലത്തിൽ, പൃഥിവ്യാഃ = മററൊരു പ്രദേശത്തിൽ നിന്നു്, ആ അഗന്മ = ഞങ്ങൾ വന്നുചേൎന്നിരിക്കുന്നു. വിശേ പൂൎവ്വേ = ഞങ്ങളുടെ പൂൎവ്വികന്മാരായ എല്ലാവരും, ദേവാഃ = ബ്രാഹ്മണരും, യദ് അജുഷന്ത = യാതൊരു പ്രദേശത്തെയാണോ ആശ്രയിച്ചിരുന്നതു് അവിടെ ഞങ്ങൾ വന്നിരിയ്ക്കുന്നു. ഋക്സാമാഭ്യാം യജുഷാ = ഋക്സാമം യജുസ്സ് എന്നീ വേദങ്ങൾ കൊണ്ടു്, സന്തരന്തം = യാഗം നല്ലപോലെ നടത്താൻ ആഗ്രഹിയ്ക്കുന്ന ഞങ്ങൾ, രായഃ പോഷേണ = ധനത്തിന്റെ പുഷ്ടികൊണ്ടും, ഇഷാ = അന്നം കൊണ്ടും, സം മദേ മ = നല്ലപോലെ സന്തുഷ്ടരായിത്തീരട്ടെ.

ഇതി തൃതീയോ ƒനുവാകഃ

ചതുൎത്ഥോ ƒനുവാകഃ

ഇയം തേ ശുക്ര തനൂരിദം വൎച്ചസ്തയാ സം ഭവ ഭ്രാജം ഗച്ഛ ജൂരസി ധൃതാ മനസാ ജുഷ്ടാ വിഷ്ണവേ തസ്യാസ്തേ സത്യ സവസഃ പ്രസവേ വാചോ യന്ത്രമശീയ സ്വാഹാ ശുക്രമസ്യ-മൃതമസി വൈശ്വദേവം ഹവിഃ സൂൎയസ്യ ചക്ഷുരാരുഹ-മഗ്നേരക്ഷ്ണഃ കനീനികാം യദേതശേഭിരീയസേ ഭ്രാജമാനോ വിപശ്ചിതാ ചിദസി മനാസി ധീരസി ദക്ഷിണാ അസി യജ്ഞിയാസി ക്ഷത്രിയാസ്യദിതിരസ്യുഭയതഃ ശീൎഷ്ണീ സാ നഃ സുപ്രാചി സുപ്രതീചീ സംഭവ മിത്രസ്ത്വാ പദി ബധ്നാതു പൂഷാധ്വനഃ പാത്വിന്ദ്രായാധ്യക്ഷായാനു ത്വാ മാതാ മന്യതാമനുപിതാ ƒനു ഭ്രാതാ സഗൎഭ്യോ ƒനു സഖാ സയൂഥ്യഃ സാ ദേവീ ദേവമച്ഛേഹീന്ദ്രായ സോമം രുദ്രസ്ത്വാ ƒƒവൎത്തയതു മിത്രസ്യ പഥാ സ്വസ്തി സോമസഖാ പുനരേഹി സഹ രയ്യാ ॥ (105)

ഇയം തേ ശുക്ര തനൂഃ ഇദം വർചഃ തയാ
സം ഭവ ഭ്രാജം ഗച്ഛ ജൂഃ അസി ധൃതാ മനസാ
ജുഷ്ടാ വിഷ്ണവേ തസ്യാഃ തേ സത്യസവസഃ
പ്രസവേ വാചഃ യന്ത്രം അശീയ സ്വാഹാ ശുക്രം
അസി അമൃതം അസി വൈശ്വദേവം ഹവിഃ
സൂര്യസ്യ ചക്ഷുഃ ആ രുഹം അഗ്നേഃ അക്ഷ്ണഃ
കനീനികാം യദ് ഏതശേഭിഃ ഈയസേ ഭ്രാജമാനഃ
വിപശ്ചിതാ ചിദ് അസി മനാ അസി ധീഃ
അസി ദക്ഷിണാ അസി യജ്ഞിയാ അസി
ക്ഷത്രിയാ അസി അദിതിഃ അസി ഉഭയതഃ
ശീർഷ്ണീ സാ നഃ സുപ്രാചീ സുപ്രതീചീ സം
ഭവ മിത്രഃ ത്വാ പദി ബധ്നാതു പൂഷാ
അധ്വനഃ പാതു ഇന്ദ്രായ അധ്യക്ഷായ അനു
ത്വാ മാതാ മന്യതാം അനു പിതാ അനു ഭ്രാതാ
സഗർഭ്യഃ അനു സഖാ സയൂഥ്യഃ സാ ദേവി
ദേവം അച്ഛ ഇഹി ഇന്ദ്രായ സോമം രുദ്രഃ ത്വാ
ആ വർതയതു മിത്രസ്യ പഥാ സ്വസ്തി സോമസഖാ
പുനഃ ആ ഇഹി സഹ രയ്യാ.

1 ഇയംതേശുക്രതനൂരിദം വർചസ്തയാ
സംഭവഭ്രാജംഗച്ഛ

ഈ മന്ത്രം ചൊല്ലി സ്രുവത്തിൽ സ്വർണ്ണം ഇടുന്നു.

ഹേ ശുക്ര = അല്ലയോ ശുദ്ധമായ സ്വർണ്ണമേ! ഇയം = ഈ സ്രുവം, തവ തനൂഃ = നിന്റെ ശരീരമാണ്. ഇദം = സ്രുവത്തിൽ ഒഴിച്ചിരിക്കുന്ന നെയ്യ്, തവ വർചഃ = നിന്റെ ബലമാണ്. തയാ സംഭവ = ആ നെയ്യോടുകൂടി യോജിക്കുക. ഭ്രാജംഗച്ഛ = നല്ലപോലെ ജ്വലിച്ച് പ്രകാശിക്കുക.

2 ജൂരസി ധൃതാ മനസാ ജുഷ്ടാ വിഷ്ണവേ തസ്യാസ്തേ സത്യ
സവസഃ പ്രസവേ വാചോ യന്ത്രമശീയ സ്വാഹാ

ഈ മന്ത്രം ചൊല്ലി സ്വർണ്ണമിശ്രിതമായ നെയ്യ് അഗ്നിയിൽ ഹോമിയ്ക്കുന്നു.

ത്വം ജൂഃ അസി = നീ കാര്യസാദ്ധ്യത്തിന് വേണ്ടി പോകുന്നവളാണ്, ത്വം മനസാ ധൃതാ അസി = നീ മനസ്സ കൊണ്ട് ധരിയ്ക്കപ്പെട്ടവരം ആകുന്നു ത്വം ജുഷ്ടാ അസി = നീ ഞങ്ങളാൽ സേവിയ്ക്കപ്പെട്ടവരം ആണ്. വിഷ്ണവേ അസി = യാഗത്തിന് വേണ്ടിയുള്ളവരം ആകുന്നു. തസ്യാഃ = അപ്രകാരമുള്ള. വാചഃ = വാഗ്രൂപമായ നിൻെറ, യന്ത്രം = സ്ഥിതി അശിയ = ഞങ്ങരം പ്രാപിയ്ക്കട്ടെ. സത്യസവസഃ = സൂര്യൻെറ, പ്രസവേ = അനുവാദത്താൽ, (ഇഷ്ടമായ എല്ലാക്കാര്യങ്ങളും സാധിയ്ക്കുന്നു) സ്വാഹം = ഞാൻ ഹോമിയ്ക്കുന്നു.

3 ശുക്രമസ്യമൃതമസി വൈശ്വദേവം ഹവിഃ

ഈ മന്ത്രം ചൊല്ലി ഹോമത്തിനെടുത്ത നെയ്യ് യജമാനനെ കാണിയ്ക്കുന്നു.

ശുക്രം അസി = നീ പരിശുദ്ധമാകുന്നു. അമൃതം അസി = നീ അമൃതം ആകുന്നു. വൈശ്വദേവം ഹവിഃ = വിശ്വേ ദേവന്മാക്കുള്ള ഹവിസ്സാകുന്നു.

4 സൂര്യസ്യ ചക്ഷുരാരുഹ മഗ്നേരക്ഷ്ണഃ കനീനികാം യദ്ദേതശേഭിരിയസേ ഭ്രാജമാനോ വിപശ്ചിതാ.

ഈ മന്ത്രം ചൊല്ലി യജമാനനോട് ആദിത്യനെ നോക്കാൻ പറയുന്നു.

സൂര്യസ്യ = സൂര്യമണ്ഡലാന്തർഗതനും, സ്ഥാവര ജംഗമങ്ങളുടെ ആത്മാവും ആയ പുരുഷൻെറ, ചക്ഷുഃ = ചക്ഷുർഭൂതമായിരിയ്ക്കുന്ന ഈ മണ്ഡലത്തിൽ, ആ അരുഹം = ഞാൻ ആരൂഢനായിരിയ്ക്കുന്നു. അഗ്നേഃ = അഗ്നിദേവൻെറ, അക്ഷ്ണഃ = കണ്ണുകളുടെ കൃഷ്ണമണിയായിരിയ്ക്കുന്ന ഈ ആദിത്യമണ്ഡലത്തിൽ ഞാൻ ആരൂഢനായിരിയ്ക്കുന്നു. (ഇവിടെ ആരോഹണം കൊണ്ട് വിവക്ഷിച്ചിരിയ്ക്കുന്നത് ആദിത്യമണ്ഡലാന്തർഗതനായ പരമാ

ത്മാവുമായി ഐക്യം പ്രാപിയ്ക്കുകയാണ്) യദ് (യഃ) = യാതൊരുത്തൻ, (ആദിത്യൻ) ഏതശേഭിഃ = ശുക്ല വർണ്ണമായ കതിരുകളോടുകൂടി വിപശ്ചിതാ = മേധാവികളായ മഹർഷിമാരാൽ ഭ്രാജമാനഃ ശോഭിയ്ക്കുന്നവനായി, ഈയസെ = പോകുന്നു.

5 ചിദസിമനാസി ധിരസി ദക്ഷിണാസി യജ്ഞിയാസി ക്ഷത്രിയാസ്യദിതിരസ്യുഭയതഃ ശീർഷ്ണിസാനഃ സുപ്രാചി സുപ്രതിചി സംഭവ. മിത്രസ്ത്വാപദി

ബധ്നാതു പൂഷാധ്വനഃ പാതു ഇന്ദ്രായാദ്ധ്യക്ഷായാനു ത്വാമാതാമന്യതാമനുപിതാ ƒ നുഭ്രാതം സഗർഭ്യോ ƒ നു സഖാ സയൂഥ്യഃ. സാദേവി ദേവമച്ഛേഹീന്ദ്രായ സോമം രുദ്രസ്ത്വാവർതയതു മിത്രസ്യപഥാ സ്വസ്തി സോമസഖാ പുനരേഹി സഹരയ്യാ

സോമക്രയണിയെ അനുമന്ത്രണം ചെയ്തു ചൊല്ലുന്ന മന്ത്രമാണിതു്.

[ഒരു വയസ്സു പ്രായമുള്ള അരുണവർണ്ണത്തിലുള്ള ഒരു പശു കൊടുത്താണ് സോമലത വാങ്ങിയ്ക്കുന്നതു്. അത്തരത്തിലുള്ള പശു വാഗ്ദേവതയുടെ രൂപാന്തരമാണെന്നാണ് ആഗമം. സോമലതയുടെ വിലയായി നിശ്ചയിച്ചിട്ടുള്ള പശുവിനെ സോമക്രയണി എന്നു് പറയുന്നു]

ഹേ സോമ ക്രയണി! ത്വം ചിദ് അസി = നീ ചിദ് എന്ന പദത്താൽ പ്രതിപാദിയ്ക്കപ്പെടുന്നവളാണ്. (ചൈതന്യം ആണ്) മനാ അസി = നീ വിചാരം ആകുന്നു. ധീഃ അസി = നീ ബുദ്ധി ആകുന്നു ദക്ഷിണാ അസി = സമർത്ഥയാകുന്നു (വേഗത്തിൽ പോകുന്നവശ ആകുന്നു) യജ്ഞിയാ അസി = യാഗകർമ്മത്തിനർഹയാകുന്നു. ക്ഷത്രിയാ അസി = ക്ഷത്രിയ സമുദായത്തിൽ ജനിച്ചവശ ആകുന്നു. ഉഭയതഃ ശീർഷ്ണി = യാഗത്തിന്റെ പ്രധാനമായ ആദ്യന്ത ഭാഗങ്ങളോടു കൂടിയ, അദിതിഃ

അസി = അദിതി ആകുന്നു. സാ ത്വം = അപ്രകാരം വിശിഷ്ടയായ നീ, സുപ്രാചി = ആദ്യം കിഴക്കോട്ട പോകുന്നവളും, സുപ്രതീചി ച = പിന്നീട് പടിഞ്ഞാറോട്ട് പോകുന്നവളും ആയി, സംഭവ = ഞങ്ങളുടെകൂടെ ത്തന്നെ ഇരിയ്ക്കുക (യാഗത്തിന്ന് വേണ്ടി ചിലവാക്കുന്നതു് യജമാനന്ന് തിരിച്ചുകിട്ടുമെന്നാണ് വിശ്വാസം സോമലത വിലയ്ക്കുവാങ്ങിയ്ക്കാൻ പശുവിനെ കൊടുത്താലും യജമാനന്ന് വീണ്ടും പശുക്കളെ ലഭിയ്ക്കുമെന്നുള്ള പ്രാർത്ഥനയാണ് ഇതിൽ അന്തർഭവിച്ചിരിയ്ക്കുന്നതു്.) മിത്രഃ — മിത്രൻ, ത്വാ = നിന്നെ, പദി ബധ്നാതു = പാദത്തിൽ കെട്ടട്ടെ. പൂഷാ = പൂഷാ എന്ന ദേവൻ, അധ്വനഃ പാതു = വഴിയിൽ ഉണ്ടാകുവുന്ന ഭയത്തിൽ നിന്നു് രക്ഷിയ്ക്കട്ടെ. അധ്യക്ഷായ = സോമലതയുടെ ഉടമസ്ഥനായ, ഇന്ദ്രായ = ഇന്ദ്രന്ന് നിന്നെ നൽകാൻ, മാതാ അനു മന്യതാം = നിന്റെ അമ്മ അനുവാദം നൽകട്ടെ. പിതാ അനു മന്യതാം = നിന്റെ പിതാവു് അനുവാദം നൽകട്ടെ. സഗർഭ്യഃ ഭ്രാതാ = നിന്റെ അമ്മയുടെ തന്നെ മകനായ സഹോദരൻ, അനു മന്യതാം = അനുവാദം തരട്ടെ. സാ ദേവി ത്വം = അപ്രകാരം വിശിഷ്ടയും ദേവതുല്യയും ആയ നീ, ഇന്ദ്രായ = ഇന്ദ്രന്ന് വേണ്ടി, സോമം അച്ഛ = സോമലതയ്ക്കഭിമുഖമായി, ഇഹി = പോയാലും, മിത്രസ്യ പഥാ = സ്നേഹഭാവത്തോടുകൂടി, രുദ്രഃ = രുദ്രൻ, ത്വാ ആ വർത്തയതു = നിന്നെ ഞങ്ങളുടെ സമീപത്തിലേയ്ക്കു് തിരിച്ചയയ്ക്കട്ടെ സ്വസ്തി = സുഖമായി, സോമസഖാ = സോമലതയാകുന്ന സഖാവോടു കൂടിയും, രയ്യാസഹ = ധനത്തോടു കൂടിയും, പുനഃ = വീണ്ടും, ത്വം ഏഹി = നീ ഞങ്ങളുടെ അടുക്കൽ വരിക.

ഇതി ചതുർത്ഥോ ഽനുവാകഃ

പഞ്ചമോ ƒ നുവാകഃ

വ്സ്ംവ്യസീരുദ്രാസ്യദിതീരസ്യാദിത്യാസീ ശുക്രാസീ ചന്ദ്രാസീ ബൃഹസ്പതി സ്ത്വാസുമ്നേ രണ്വതു രുദ്രോവസുഭീരാചികേതു പൃഥിവ്യാസ്ത്വാ മൂർധന്നാജിഘർമി ദേവയജന ഇഡായാഃ പദേഘൃതവതിസ്വാഹാ പരിലിഖിതം രക്ഷഃ പരിലിഖിതാ അരാതയഃ ഇദമഹം രക്ഷസോഗ്രീവാ അപികൃന്താമി യോ ƒ സ്മാൻദ്വേഷ്ടി യം ചവയം ദ്വിഷ്മ ഇദമസ്യഗ്രീവാഃ അപികൃന്താമ്യസ്മേ രായസ്ത്വേരായസ്തോതേ രായഃ സംദേവി ദേവ്യോർവശ്യാ പശ്യസ്വ ത്വഷ്ടീമതീ തേ സപേയ സുരേതാ രേതോ ദധാനാ വീരം വിദേയ തവസംദൃശി മാ ƒ ഹം രായസ്പോഷേണ വിയോഷം ॥ (79)

വസ്വീ അസി രുദ്രാ അസി അദിതിഃ അസി ആദിത്യാ അസി ശുക്രാ അസി ചന്ദ്രാ അസി ബൃഹസ്പതിഃ ത്വാ സുമ്നേ രണ്വതു രുദ്രഃ വസുഭിഃ ആ ചികേതു പൃഥിവ്യാഃ ത്വാ മൂർധൻ ആ ജിഘർമി ദേവയജനേ ഇഡായാഃ പദേ ഘൃതവതി സ്വാഹാ പരിലിഖിതം രക്ഷഃ പരിലിഖിതാഃ അരാതയഃ ഇദം അഹം രക്ഷസഃ ഗ്രീവാഃ അപി കൃന്താമി യഃ അസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ ഇദം അസ്യ ഗ്രീവാ അപി കൃന്താമി അസ്മേ രായഃ ത്വേ രായഃ തോതേ രായഃ സം ദേവി ദേവ്യാ ഉർവ്വശ്യാ പശ്യസ്വ ത്വഷ്ടീമതി തേ സപേയ സുരേതാഃ രേതഃ ദധാനാ വീരം വിദേയ തവ സംദൃശി മാ അഹം രായഃ പോഷേണ വി യോഷം.

1 വസ്വ്യസീരുദ്രാസ്യദിതിരസ്യാദിത്യാസീ ശുക്രാസിചന്ദ്രാസി.

സോമക്രയണിയെ അനുഗമിച്ച് ആറ് ചവട് നടക്കുമ്പോൾ ചൊല്ലുന്ന മന്ത്രമാണ് ഇത്.

ത്വം വസ്വീ അസി = നീ വസുക്കളോടുകൂടിയവം ആകുന്നു. രുദ്രാഅസി = രുദ്രനോടുകൂടിയവം ആകുന്നു. അദിതിഃ അസി = അദിതിയോടുകൂടിയവം ആകുന്നു. ആദിത്യാ അസി = ആദിത്യനോടുകൂടിയവം ആകുന്നു. ശുക്രാ അസീ = പ്രകാശത്തോടുകൂടിയവം ആകുന്നു. ചന്ദ്രാഅസി = ചന്ദ്രനോടുകൂടിയവം ആകുന്നു.

2 ബൃഹസ്പതിസ്ത്വാസുമ്നേരണ്വതു രുദ്രോ
വസുഭിരാചികേതു

സോമക്രയണി എഴാമത്തെ ചുവടു വെയ്ക്കുമ്പോൾ ചൊല്ലുന്ന മന്ത്രമാണ് ഇത്.

ബൃഹസ്പതിഃ = ബ്രഹ്മാവ്. ത്വാ സുമ്നേ രണ്വതു = നിന്നെ സുഖപ്രദമായ പ്രദേശത്തിൽ ഗമിപ്പിക്കട്ടെ രുദ്രഃ = രുദ്രൻ, വസുഭിഃ = വസുക്കളോടുകൂടി, ആചികേതു = അതു് അനുവദിക്കട്ടെ

3 പൃഥിവ്യാസ്ത്വാമൂർധന്നാജിഘർമി ദേവയജന
ഇഡായാഃ പദേ ഘൃതവതി സ്വാഹാ.

സോമക്രയണി ഏഴു ചുവടു് നടന്നു കഴിയുമ്പോൾ ഈ മന്ത്രം ചൊല്ലി ഹോമിക്കുന്നു.

പൃഥിവ്യാഃ മൂർധൻ = പൃഥിവിയുടെ പ്രധാന സ്ഥാനത്തിൽ (ഇവിടെ സപ്തമീ പ്രത്യയം ലോപിച്ചിരിക്കുന്നു) ദേവയജനേ = ദേവയാഗത്തിൽ, ഇഡായാഃ പദേ = സോമക്രയണി ഏഴാമത്തെ ചുവടു് വെയ്ക്കുമ്പോൾ, ഘൃതവതി = ഘൃതത്തോടുകൂടിയ സ്ഥലത്തു ; ഹേ ആജ്യ = അല്ലയോ ആജ്യമേ. ത്വാ ആജിഘർമി = നിന്നെ ഒഴിക്കുന്നു, സ്വാഹാ = അഗ്നിയിൽ ഹോമിച്ചതായി ഭവിക്കുന്നു.

4 പരിലിഖിതം രക്ഷഃ പരിലിഖിതാ അരാതയഃ
ഇദമഹം രക്ഷസോ ഗ്രീവാ അപികൃന്താമി.
യോ ƒസ്മാൻ ദ്വേഷ്ടി യം ച വയം ദ്വിഷ്മഃ
ഇദമസ്യ ഗ്രീവാ അപികൃന്താമി.

ഈ മന്ത്രം ചൊല്ലി കാൽചുവട്ട് പരിലേഖനം ചെയ്യുന്നു. രക്ഷഃ പരി ലിഖിതം അസ്തു = യജ്ഞത്തിന്ന് വിഘ്നം ഉണ്ടാക്കുന്ന രക്ഷസ്സ് നശിച്ചുപോകട്ടെ. അരാതയഃ പരി ലിഖിതാഃ സന്തു = ശത്രുക്കൾ നശിച്ചുപോകട്ടെ. അഹം = ഞാൻ, ഇദം = ഈ പദ ലേഖനം കൊണ്ട്, രക്ഷസഃ ഗ്രീവാ = രക്ഷസ്സിന്റെ കഴുത്ത്, അപി- കൃന്താമി = യഥേഷ്ടം ഛേദിക്കുന്നു യഃ അസ്മാൻ ദ്വേഷ്ടി = യാതൊരുത്തനാണോ ഞങ്ങളെ ദ്വേഷിക്കു ന്നത്, യം ച വയം ദ്വിഷ്മഃ = യാതൊരുത്തനേയാണോ ഞങ്ങൾ ദ്വേഷിക്കുന്നത്, തസ്യ ച ഗ്രീവാ = അവന്റെയും കഴുത്ത്, ഇദം കൃന്താമി = ഈ പദ ലേഖനം കൊണ്ട് ഞാൻ ഛേദിക്കുന്നു. സ്വർണ്ണ ശകലം കൊണ്ടോ കൃഷ്ണമൃഗ ത്തിന്റെ കൊമ്പിന്റെ അഗ്രം കൊണ്ടോ ആണ് പദം വരയ്ക്കേണ്ടത്.

5. അസ്മേ രായഃ

ഈ മന്ത്രം ചൊല്ലി സോമ ക്രയണി ഏഴാമത്തെ ചുവട് വെച്ച സ്ഥലത്തു നിന്നും അതിന്റെ പദപാംസുക്കൾ വാരി ഒരു പാത്രത്തിൽ ഇടുന്നു.

അസ്മേ രായഃ = ഈ പദപാംസുക്കൾ സൂക്ഷിയ്ക്കുന്നതു നിമിത്തം ഞങ്ങൾക്ക് ധനം ഉണ്ടാകട്ടെ.

6. ത്വേ രായഃ

ഈ മന്ത്രം ചൊല്ലി അധ്വര്യു സോമക്രയണിയുടെ പദ- പാംസു യജമാനന്ന് കൊടുക്കുന്നു.

ത്വേ രായഃ = അല്ലയോ യജമാന! നിനക്കു ധനം ഉണ്ടാ കട്ടെ.

7. തോതേരായഃ

ഈ മന്ത്രം ചൊല്ലി യജമാനൻ സോമക്രയണിയുടെ പദ പാംസു തന്റെ പത്നിയുടെ കയ്യിൽ കൊടുക്കുന്നു.

തോതേ = നിന്നാൽ രക്ഷിയ്ക്കപ്പെടുന്ന ഗൃഹത്തിൽ, രായഃ = ധനം ഉണ്ടാകട്ടെ.

8. സം ദേവീ ദേവ്യോർവ്വശ്യാ പശ്യസ്വ.

ഈ മന്ത്രം ചൊല്ലി സോമ ക്രയണിയെക്കൊണ്ടു് യജമാന പത്നിയെ നോക്കാൻ പറയുന്നു.

ഹേ ദേവി = ദേവീസദൃശയായ അല്ലയോ സോമക്രയണി! ഉർവ്വശ്യാ ദേവ്യാ = മഹത്തായ ശ്രേയസ്സനുഭവേിക്കുന്ന ഉർവശിയോടുകൂടി, സംപശ്യസ്വ = ഈ യജമാന പത്നിയെ നോക്കുക. (യജമാനപത്നി വലിയ ശ്രേയസ്സനുഭവിസ്ക്കത്തക്കവിധത്തിൽ നോക്കിയാലും)

9 ത്വഷ്ടീമതീതേ സപേയ സുരേതാ രേതോദധാനാ വീരം വിദേയ തവസംദൃശി

ഈ മന്ത്രം ചൊല്ലി യജമാനൻെറ പത്നി യജമാനനെ നോക്കുന്നു.

ത്വഷ്ടീമതീ അഹം = സന്താനജനനത്തിനു് ശക്തയായ ഞാൻ, തേസപേയ = അങ്ങയോടുകൂടി യോജിച്ചിരിക്കട്ടെ. സുരേതാഃ = സഫലമായരേതസ്സോടുകൂടിയ ഞാൻ, രേതഃ ദധാനാ = രേതസ്സു് ധരിക്കുന്നവളായി വീരം വിദേയ = വീരനായ പുത്രനെ പ്രസവിക്കട്ടെ. തവസംദൃശി = അങ്ങയുടെ സസ്നേഹമായ ദൃഷ്ടി എന്നിൽ ഉണ്ടാകട്ടെ.

10. മാഹം രായ സ്പോഷേണവിയോഷം

ഈ മന്ത്രം ചൊല്ലി യജമാനൻ സോമക്രയണിയെ നോക്കുന്നു.

അഹം = ഞാൻ രായഃ പോഷേണ = ധനത്തിൻെറ പുഷ്ടി കൊണ്ടു് മാവിയോഷം = വിമുക്തനായിത്തീരരുതു്. [എനിക്കു് ധനപുഷ്ടി ഉണ്ടാകട്ടെ.]

ഇതി പഞ്ചമോ*f*നുവാകഃ

ഷഷ്ഠോ *f*നുവാകഃ

അംശുനാതേ അംശുഃ പൃച്യതാം പരുഷാ പരുഗർന്ധസ്തേ കാമമവതു മദായരസോ അച്യുതോ*f*മാത്യോ*f*സി ശുക്രസ്ത

ഗ്രഹോഽഭി ത്യം ദേവം സവിതാരമൂണ്യോഃ കവിക്രതുമർചാമി സത്യസവസം രത്നധാമഭിപ്രിയം മതിമൂർധ്വാ യസ്യാ മതിർഭാ അദിദ്യുതത്സവീമനി ഹിരണ്യപാണിരമിമീത സുക്രതുഃ കൃപാസ്വഃ. പ്രജാഭ്യസ്ത്വാ പ്രാണായത്വാ വ്യാനായ ത്വാ പ്രജാസ്ത്വമനു പ്രാണിഹി പ്രജാസ്ത്വാമനു പ്രാണന്തു ॥ (57)

അംശുനാ തേ അംശുഃ പൃച്യതാം പരുഷാ പരുഃ ഗന്ധഃ തേ കാമം അവതു മദായ രസഃ അച്യുതഃ അമാത്യഃ അസി ശുക്രഃ തേ ഗ്രഹഃ അഭി ത്യം ദേവം സവിതാരം ഊണ്യോഃ കവിക്രതും അർചാമി സത്യസവസം രത്നധാം അഭി പ്രിയം മതിം ഊർധ്വാ യസ്യ അമതിഃ ഭാഃ അദിദ്യുതത് സവീമനി ഹിരണ്യപാണിഃ അമിമീത സുക്രതുഃ കൃപാ സ്വഃ പ്രജാഭ്യഃ ത്വാ പ്രാണായ ത്വാ വ്യാനായ ത്വാ പ്രജാഃ ത്വം അനു പ്ര അനിഹി പ്രജാഃ ത്വാം അനു പ്ര അനന്തു—

1. അംശുനാ തേ അംശുഃ പൃച്യതാം പരുഷാ
പരുർഗന്ധസ്തേ കാമമവതു മദായരസോ
അച്യുതോഽമാത്യോഽസി ശുക്രസ്തേ ഗ്രഹോ.

ഈ മന്ത്രം ചൊല്ലി സ്വർണ്ണം ധരിച്ച കൈകൊണ്ട് സോമലതയെ അഭിമർശനം ചെയ്യുന്നു.

ഹേ സോമ = അല്ലയോ സോമലതേ! തേ അംശുഃ = നിന്റെ ഓരോ സൂക്ഷ്മാവയവവും അംശുനാ = മററുള്ള സൂക്ഷ്മാവയവവുമായി, പൃച്യതാം = യോജിയ്ക്കട്ടെ. പരുഃ = ഓരോ മുട്ടും, പരുഷാ പൃച്യതാം = മററുള്ള മുട്ടുകളുമായി യോജിയ്ക്കട്ടെ. തവ ഗന്ധഃ = നിന്റെ ഗന്ധം, കാമം = യാഗം നടത്താനുള്ള ഞങ്ങളുടെ ആഗ്രഹത്തെ, അവതു = രക്ഷിയ്ക്കട്ടെ. (ഞങ്ങളുടെ ആഗ്രഹം സാധിയ്ക്കട്ടെ) രസഃ = നിന്റെ രസം, മദായ = ദേവതാതൃപ്തിയ്ക്കുവേണ്ടി, അച്യുതഃ = നശിയ്ക്കാതിരിയ്ക്കട്ടെ. ത്വം അമാത്യഃ അസി = നീ സഹായി ആകുന്നു (യാഗ

കർത്താവിനെ സഹായിയ്ക്കുന്നു) തേ ഗ്രഹഃ = നിന്നെ പിടിയ്ക്കാനുള്ള സാധനം, ശുക്രഃ = സ്വർണ്ണമാണ്.

2. അഭിത്യം ദേവം സവിതാരമുണ്യോഃ കവിക്രതു-
മർചാമി സത്യസവസം രത്നധാ മഭി പ്രിയമതി-
മൂർധ്വാ. യസ്യാ മതിർമാ അഭിദ്യുതത് സവീമനി
ഹിരണ്യപാണി രമിമീത സുക്രതുഃ കൃപാസ്വഃ.

ഈ മന്ത്രം ചൊല്ലി സോമലത അളക്കുന്നു.

ഊണ്യോഃ = ദ്യാവാ പൃഥിവികളുടെ. സവിതാരം = പ്രേരകനും, കവിക്രതും = കമനീയമായ കർമ്മങ്ങളോടു കൂടിയവനും, സത്യസവസം = സത്യപ്രേരകനും, രത്നധാം = രമണീയമായ ധനം ധരിയ്ക്കുന്നവനും, അഭി പ്രിയം = എല്ലാവർക്കും പ്രിയം ചെയ്യാൻ ആഗ്രഹിയ്ക്കുന്നവനും, മതിം = എല്ലാം അറിയാവുന്നവനും ആയ, ത്യം ദേവം = ആ ദേവനെ അഭി അർചാമി = ഞാൻ പൂജിയ്ക്കുന്നു. യസ്യ = യാതൊരു ദേവൻെറ, അമതിഃ ഭാഃ = വ്യാപന ശീലമായിരിയ്ക്കുന്ന ദീപ്തി, ഊർധ്വാഃ = ഉത്കൃഷ്ടമായി, അഭിദ്യുതത് = ലോകത്തെ പ്രകാശിപ്പിയ്ക്കുന്നുവോ, തം ദേവം അർചാമി = ആ ദേവനെ ഞാൻ അർചിയ്ക്കുന്നു, യസ്യ = യാതൊരു ദേവൻെറ, സവീമനി = ആജ്ഞാ ലാഭത്തിൽ, ഹിരണ്യപാണിഃ = സ്വർണ്ണം ധരിച്ച കൈകളോടുകൂടി, സോമം = അമിമീത = സോമലത അളക്കുന്നുവോ, തസ്യ സുക്രതുഃ സ്വഃ = ശോഭന കർമ്മാവായ ആ ആദിത്യൻ, കൃപയാ = എന്നിൽ കാരുണ്യം കൊണ്ട്, സോമം മ മിതെ = സോമലത അളക്കുന്നു.

3 പ്രജാഭ്യസ്ത്വാ

ഈ മന്ത്രം ചൊല്ലി നാഗത്തിനാവശ്യമുള്ള സോമലത എടുത്തതിനുശേഷം ബാക്കിയുള്ളത് മാററി വെയ്ക്കുന്നു.

പ്രജാഭ്യഃ ത്വാ = മററുള്ള ആളുകൾക്ക് വേണ്ടി നിന്നെ മാററി വെയ്ക്കുന്നു.

4 പ്രാണായ ത്വാ വ്യാനായ ത്വാ

ഈ മന്ത്രം ചൊല്ലി യാഗത്തിനെടുത്ത സോമലത ഒരു വസ്ത്രത്തിൽ വെച്ചു കെട്ടുന്നു.

പ്രാണായ ത്വാ = പ്രാണൻ എന്ന വായുവിനു് വേണ്ടി നിന്നെ കെട്ടുന്നു. വ്യാനായത്വാ = വ്യാനൻ എന്ന വായുവിനു് വേണ്ടി നിന്നെ കെട്ടുന്നു.

5 പ്രജാസ്ത്വമനു പ്രാണിഹി പ്രജാസ്ത്വാമനു പ്രാണന്തു

ഈ മന്ത്രം ചൊല്ലി യജമാനനോടു് സോമലത നോക്കാൻ പറയുന്നു.

ഹേ സോമ = അല്ലയോ സോമലതേ ! ത്വം = നീ, പ്രജാഃ അനു പ്രണിഹി = ജനങ്ങൾക്കുവേണ്ടി ജീവിയ്ക്കുക. പ്രജാഃ ജനങ്ങളും, പ്രാണന്തം ത്വാ = ജീവിച്ചിരിയ്ക്കുന്ന നിന്നെ, അനുപ്രാണന്തു = ആശ്രയിച്ചു് ജീവിയ്ക്കട്ടെ.

ഇതി ഷഷ്ഠോ ƒനുവാകഃ.

സപ്തമോ ƒ നുവാകഃ

സോമം തേ ക്രീണാ മൂർജസ്വന്തം പയസ്വന്തം വിര്യാവന്തമഭി മാതിഷാഹം ശുക്രം തേ ശുക്രേണ ക്രീണാമി ചന്ദ്രം ചന്ദ്രേണാമൃതമമൃതേന സമ്യത്തേ ഗോരസ്മേ ചന്ദ്രാണി തപസസ്തനൂരസി പ്രജാപതേർവർണസ്തസ്യാസ്തേ സഹസ്ര-പോഷം പുഷ്യന്ത്യാശ്ചരമേണ പശുനാ ക്രീണാമ്യസ്മേതേ ബന്ധുർമയി തേരായഃ ശ്രയന്താ മസ്മേജ്യോതിഃ സോമവിക്ര-യിണി തമോ മിത്രോന എഹി സുമിത്രധാ ഇന്ദ്രസ്യോരു-മാവിശ ദക്ഷിണമുശന്നുശന്തം സ്യോനഃ സ്യോനം സ്വാന ഭ്രാജാങ്ഘാരേ ബംഭാരേ ഹസ്ത സുഹസ്ത കൃശാനവേതേ വഃ സോമ ക്രയണാ സ്താൻ രക്ഷധ്വം മാ വോ ദഭൻ || (72)

സോമം തേ ക്രീണാമി ഊർജസ്വന്തം പയസ്വന്തം വിര്യാവന്തം അഭിമാതിഷാഹം ശുക്രം തേ ശുക്രേണ ക്രീണാമി ചന്ദ്രം ചന്ദ്രേണ അമൃതം

അമൃതേന സമൃക് തേ ഗോഃ അസ്മേ ചന്ദ്രാണി തപസഃ തനൂഃ അസി പ്രജാപതേഃ വർണഃ തസ്യാഃ തേ സഹസ്രപോഷം പുഷ്യന്ത്യാഃ ചരമേണ പശുനാ ക്രീണാമി അസ്മേ തേ ബന്ധുഃ മയി തേ രായഃ ശ്രയന്താം അസ്മേ ജ്യോതിഃ സോമ- വിക്രയിണി തമഃ മിത്രഃ നഃ ആ ഇഹി സുമിത്രധാഃ ഇന്ദ്രസ്യ ഊരും ആ വിശ ദക്ഷിണം ഉശൻ ഉശന്തം സ്യോനഃ സ്യോനം സ്വാന ഭ്രാജ അങ്ഘാരേ ബംഭാരേ ഹസ്ത സുഹസ്ത കൃശാനോ ഏതേ വഃ സോമക്രയണാഃ താൻ രക്ഷധ്വം മാ വഃ ദഭൻ.

1 സോമം തേ ക്രീണാമ്യൂർജസ്വന്തം പയസ്വന്തം
വീര്യാവന്തമഭിമാതിഷാഹം

ഈ മന്ത്രം ചൊല്ലി സോമലത വിലയ്ക്കു വാങ്ങുന്നു.

ഹേ സോമവിക്രയിൻ ! ഊർജസ്വന്തം = ബലമുള്ളതും പയസ്വന്തം = പാലോടു കൂടിയതും, അഭിമാതിഷാഹം = പാപത്തെ നശിപ്പിക്കുന്നതും ആയ, തേ സോമം = നിന്റെ അധീനതയിലുള്ള സോമം, ക്രീണാമി = ഞാൻ വിലയ്ക്കു വാങ്ങുന്നു.

2 ശുക്രം തേ ശുക്രേണ ക്രീണാമി ചന്ദ്രം
ചന്ദ്രേണാമൃതമമൃതേന സമൃത്തേഗോഃ.

ഈ മന്ത്രം ചൊല്ലി സോമലതയ്ക്കു വിലയായി സ്വർണ്ണം മുതലായവ നല്കാമെന്നു പറയുന്നു.

ഹേ സോമ = അല്ലയോ സോമലതേ! ശുക്രം തേ = പ്രകാശമേറിയ നിന്നെ, ശുക്രേണ = തേജോരൂപമായ സ്വർണ്ണംകൊണ്ടു്, ക്രീണാമി = ഞാൻ വിലയ്ക്കു് വാങ്ങുന്നു. ചന്ദ്രം = കാന്തിയുള്ള നിന്നെ, ചന്ദ്രേണ ക്രീണാമി = വെള്ളികൊടുത്തു വിലയ്ക്കു വാങ്ങുന്നു. അമൃതം = അമൃതമുള്ള നിന്നെ. അമൃതേന = അമൃതംകൊണ്ടു്, ക്രീണാമി = ഞാൻ വിലയ്ക്കുവാങ്ങുന്നു.

തേ സമൃക് ഗോഃ = നിൻെറ വിലയായി ഒരു പശു വിനേയും തരുന്നു.

3 അസ്മേ ചന്ദ്രാണി

ഈ മന്ത്രം ചൊല്ലി സോമലതയുടെ വിലയായി സ്വർണ്ണം നൽകുന്നു.

അസ്മേ = ഈ സോമലതയ്ക്കുവേണ്ടി ചന്ദ്രാണി = സ്വർണ്ണം വിലയായി നൽകാം

4 തപസസ്തനൂരസി പ്രജാപതേ വർണസ്തസ്യാസ്തേ സഹസ്രപോഷം പുഷ്യന്ത്യാശ്ചരമേണ പശുനാ ക്രീണാമ്യസ്മേ തേബന്ധുർമയിതേരായഃ ശ്രയന്താം

ഈ മന്ത്രം ചൊല്ലി സോമലതയുടെ വിലയായി ഒരു ആടിനെ കൂടി കൊടുക്കാമെന്നു് പറയുന്നു:

ഹേ അജേ = അല്ലയോ ആടേ! ത്വം = നീ, തപസഃ തനൂഃ അസി = തപസ്സിൻെറ ശരീരം ആകുന്നു. പ്രജാപതേഃ വർണഃ അസി = പ്രജാപതിയുടെ വർണ്ണവും ആകുന്നു, സഹസ്ര പോഷം പുഷ്യന്ത്യാഃ = ആയിര ക്കണക്കിനു് കുട്ടികളെ വളർത്തുന്ന, തസ്യാഃ തേ = നിൻെറ, ചരമേണ പശുനാ = ഒടുവിലത്തെ കുട്ടിയായ ആടിനെക്കൊണ്ടു്, ക്രീണാമി = ഞാൻ സോമം വിലയ്ക്കു വാങ്ങുന്നു തേ ബന്ധുഃ = ഞാൻ നിൻെറ ബന്ധുവാകുന്നു തേ രായഃ = നിൻെറ കുട്ടികളാകുന്ന ധനം, മയി ശ്രയന്താം = എന്നിൽ സ്ഥിരമായിരിക്കട്ടെ.

5. അസ്മേ ജ്യോതിഃ

ഈ മന്ത്രം ചൊല്ലി സ്വർണ്ണം മുതലായവ സോമലതയുടെ വിലയായി സ്വീകരിക്കുന്നു.

അസ്മേ = ഈ സോമലതയ്ക്കു വിലയായി, ജ്യോതി; = സ്വർണ്ണം മുതലായവ ഞാൻ സ്വീകരിയ്ക്കുന്നു.

6. സോമ വിക്രയിണിതമഃ

സോമലത വിൽക്കുന്ന ആറം ചൊല്ലുന്ന മന്ത്രമാണ് ഇതു്. സോമ വിക്രയിണി = സോമലത വിലയ്ക്കുകൊടുക്കുന്നതു്, തമഃ = ദോഷമാണ്.

7. മിത്രോന ഏഹി സുമിത്രധാ

ഈ മന്ത്രം ചൊല്ലി സോമലത ഏററുവാങ്ങുന്നു.

ഹേ സുമിത്രധാ = സ്നേഹിതരെ രക്ഷിയ്ക്കുന്ന അല്ലയോ സോമമേ! ത്വം നഃ മിത്രഃ ഏഹി = നീ ഞങ്ങളുടെ സ്നേഹിതനായി വന്നാലും.

8. ഇന്ദ്രസ്യോരുമാവിശ ദക്ഷിണമുശന്നുശന്തം
സ്യോനഃ സ്യോനം

ഈ മന്ത്രം ചൊല്ലി വലതു തുടയിൽ സോമലത വെയ്ക്കുന്നു

ഹേ സോമ! നീ, ഉശന്തം = ഉത്സാഹമുള്ളതും, സ്യോനം = സ്നേഹമുള്ളതുമായ, ദക്ഷിണം ഊരും = വലതു തുടയെ, ഉശൻ സ്യോനഃ = ഉത്സാഹത്തോടും പ്രിയത്തോടും കൂടി, ആ വിശ = പ്രാപിച്ചാലും.

9. സ്വാന ഭ്രാജാംഘാരേ ബംഭാരേ ഹസ്ത
സുഹസ്ത കൃശാനവേതേ വഃ സോമക്രയണാം-
സ്താൻ രക്ഷധ്വം മാ വോ ദഭൻ

ഈ മന്ത്രം ചൊല്ലി സോമലത വിററവനെ നോക്കുന്നു.

സ്വാന ഭ്രാജ അംഘാരേ ബംഭാരേ ഹസ്ത സുഹസ്ത ഏതേ = സ്വാനൻ ഭ്രാജൻ അംഘാരൻ ബംഭാരൻ ഹസ്തൻ സുഹസ്തൻ കൃശാനു എന്നീ സോമ രക്ഷകരായ ദേവന്മാരെ! നിങ്ങൾ, താൻ സോമ ക്രയണാൻ = സോമലതയ്ക്കു വിലയായി വാങ്ങിച്ച വസ്തുക്കളെ, രക്ഷധ്വം = രക്ഷിയ്ക്കുവിൻ, വഃ മാ ദഭൻ = നിങ്ങളെ (സോമലത വിലയ്ക്കു് കൊടുത്തവരെ) ആരും ഉപദ്രവിയ്ക്കരുതു്.

ഇതി സപ്ത മോऽനുവാകഃ

അഷ്ടമോ/നുവാകഃ

ഉദായുഷാ സ്വായുഷോദോഷധീനാം രസേനോത്പർ ജന്യസ്യ ശുഷ്മേണോദസ്ഥാമമൃതാം അനു. ഉവ്ന്തരിക്ഷ മന്വി. ഹ്യദിത്യാഃ സദോസ്യദിത്യാഃ സദ ആ സീദാസ്തഭ്നാദ് ദ്യാം. മൃഷഭോ അന്തരിക്ഷമമിമീത വരിമാണം പൃഥിവ്യാ ആ/സീദ- ദ്വിശ്വാ ഭുവനാനി സമ്രാഡ്വിശ്വേത്താനി വരുണസ്യ വ്രതാ നിവനേഷ്വവ്യന്തരിക്ഷം തതാനവാജമവ്ത്സു പയോ അഘ്നി- യാസു ഹൃത്സു ക്രതും വരുണോ വിക്ഷ്വഗ്നിം ദിവിസൂര്യ്യമദധാ- ത്സോമമദ്രാവുദുത്യം ജാത വേദസം ദേവം വഹന്തി കേതവഃ ദൃശേ വിശ്വായ സൂർയം ഉസ്രാവേതം ധൂർഷാഹാവനശ്രു അവീരഹണൌ ബ്രഹ്മചോദനൌ വരുണസ്യ സ്കംഭനമസി വരുണസ്യ സ്കംഭസർജനമസി പ്രത്യസ്തോ വ്രരുണസ്യ പാശഃ 11 (85)

ഉദ് ആയുഷാ സ്വായുഷാ ഉദ് ഓഷധീനാം രസേന ഉത് പർജന്യസ്യ ശുഷ്മേണ ഉദ് അസ്ഥാം അമൃതാൻ അനു ഉരു അന്തരിക്ഷം അനു ഇഹി അദിത്യാഃ സദഃ അസി അദിത്യാഃ സദഃ ആ സീദ അസ്തഭ്നാത് ദ്യാം ഋഷഭഃ അന്തരീക്ഷം അമിമീത വരിമാണം പൃഥിവ്യാഃ ആ അസീദത് വിശ്വാ ഭുവനാനി സമ്രാഡ് വിശ്വാ, ഇത്, താനി വരുണസ്യ വ്രതാനി വനേഷു വി അന്തരിക്ഷം തതാന വാജം അവ്ത്സു പയഃ അഘ്നിയാസു ഹൃത്സു ക്രതും വരുണഃ വിക്ഷു അഗ്നിം ദിവി സൂര്യ്യം അദധാത് സോമം അദ്രൌ ഉദ് ഉ ത്യം ജാതവേദസം ദേവം വഹന്തി കേതവഃ ദൃശേ വിശ്വായ സൂര്യ്യം ഉസ്രൌ ആ ഇതം ധൂർഷാഹൌ അനശ്രു അവീരഹണൌ ബ്രഹ്മചോദനൌ വരുണസ്യ സ്കംഭനം അസി സ്കംഭസർജനം അസി പ്രത്യസ്തഃ വരുണസ്യ പാശഃ.

1. ഉദായുഷാ സ്വായുഷോദോഷധീനാം
രസേ നോത്പർജന്യ സ്യ ശുഷ്മേണോദസ്ഥാ മമൃതാമനു
ഈ മന്ത്രം ചൊല്ലി സോമലത വിലയ്ക്കു വാങ്ങിച്ച ആം
എഴുനേൽക്കുന്നു

ആയുഷാ = ആയുവർദ്ധകമായ സോമലതയോടുകൂടി, ഉദസ്ഥാം = ഞാൻ എഴുനേൽക്കുന്നു. സ്വായുഷാ ഉദസ്ഥാം = ദീർഘായുസ്സോടുകൂടി ഞാൻ എഴുനേൽക്കുന്നു. ഓഷധീനാം രസേന ഉദസ്ഥാം = ഓഷധികളുടെ രസമായ സോമലതയോടുകൂടി ഞാൻ എഴുനേൽക്കുന്നു- പർജനസ്യ ശുഷ്മേണ ഉദസ്ഥാം = മഴയുടെ സാരമായ സോമലതയോടുകൂടി ഞാൻ എഴുനേൽക്കുന്നു, അമൃതാം അനു = അമൃത തുല്യമായ സോമലതയോടുകൂടി, ഉദ് അസ്ഥാം = ഞാൻ എഴുനേൽക്കുന്നു.

2 ഉർവന്തരിക്ഷമന്വിഹി
ഈ മന്ത്രംചൊല്ലി സോമലത കയ്യിലെടുത്തുകൊണ്ടു് വണ്ടിയുടെ അടുക്കൽ പോകുന്നു.

അല്ലയോ സോമ ലതേ! നീ, ഉരു അന്തരിക്ഷം അന്വിഹി = വിസ്തീർണ്ണമായ അന്തരിക്ഷത്തിലേയ്ക്കു് പോയാലും

3 അദിത്യാ സദോസി
ഈ മന്ത്രം ചൊല്ലി വണ്ടിയിൽ കൃഷ്ണമൃഗത്തിൻെറ തോലു് വിരിയ്ക്കുന്നു.

അല്ലയോ കൃഷ്ണാജിനമേ ! നീ, അദിത്യാഃ സദഃ അസി = ഭൂമിയുടെ സദസ്സാകുന്നു.

4 അദിത്യാ സദ ആസീദാസ്തഭ്നാദ്ദ്യാമൃഷഭോ
അന്തരിക്ഷ മമി മിത വരിമാണം പൃഥിവ്യാ
ആ സീദദ്വിശ്വാ ഭുവനാനി സമ്രാഡ് വിശ്വേത്താനി
വരുണസ്യ വ്രതാനി.

ഈ മന്ത്രം ചൊല്ലി സോമലത വണ്ടിയിൽ മാൻതോലി ന്റെ പുറത്തു വയ്ക്കുന്നു.

ഹേ സോമ = അല്ലയോ സോമലതേ! നീ, അദിത്യാഃ സദഃ സീദ = ഭൂമിയുടെ സദസ്സിൽ ഇരിയ്ക്കുക ഋഷഭഃ ത്വം = സാമർത്ഥ്യമുള്ള നീ, ദ്യാം അസ്തഭ്നാത് = സ്വർഗ്ഗത്തെ ധരിയ്ക്കുക. അന്തരിക്ഷം അമിമീത = അന്തരിക്ഷത്തെ അളക്കുക. പൃഥിവ്യാഃ വരിമാണം = ഭൂമിയുടെ വലിപ്പത്തേയും, അമിമീത = അളക്കുക. സമ്രാഡ് = എല്ലാററിനും ഉപരിയായിരിയ്ക്കുന്ന സോമം, വിശ്വാ ഭുവനാനി = എല്ലാ ലോകങ്ങളിലും, ആ സീദത് = വ്യാപിച്ചിരിയ്ക്കുന്നു. വിശ്വേത്താനി വ്രതാനി = എല്ലാ വ്രതങ്ങളും, വരുണസ്യ = വരുണൻ എന്നു് പ്രസിദ്ധമായ സോമത്തെ ആശ്രയിച്ചിരിയ്ക്കുന്നു.

5. വനേഷു വ്യന്തരിക്ഷം തതാന വാജമർവത്സു
പയോ അഘ്നിയാസുഹൃത്സു ക്രതും വരുണോ
വിക്ഷ്വഗ്നിം ദിവി സൂര്യമദധാത്സോമമദ്രൌ.

ഈ മന്ത്രം ചൊല്ലി വണ്ടിയിൽ മാൻ തോലിന്റെ പുറത്തു വെച്ചിരിയ്ക്കുന്ന സോമലതയെ ഒരു വസ്ത്രം കൊണ്ടു് കെട്ടുന്നു.

വരുണഃ = വരുണൻ എന്നു് പ്രസിദ്ധമായ സോമം, വനേഷു = കാടുകളിൽ, അന്തരിക്ഷം വിതതാന = അന്തരിക്ഷം ഉണ്ടാക്കി, അർവത്സു = കുതിരകളിൽ, വാജം = വേഗതയും, അഘ്നിയാസു = പശുക്കളിൽ, പയഃ = പാലും, ഹൃത്സു = ഹൃദയങ്ങളിൽ, ക്രതും = അറിവും, വിക്ഷു = ആളുകളിൽ, അഗ്നിം = ജഠരാഗ്നിയേയും, ദിവി = സ്വർഗ്ഗത്തിൽ, സൂര്യം = സൂര്യനേയും, അദ്രൌ = പർവ്വതത്തിൽ, സോമം = സോമലതയേയും, അദധാത് = നിർമ്മിച്ചു.

6. ഉദുത്യം ജാതവേദസം ദേവം വഹന്തി കേതവഃ.
ദൃശേ വിശ്വായ സൂർയം.

ഈ മന്ത്രം ചൊല്ലി സോമലത വണ്ടിയിൽ കെട്ടിത്തൂക്കുന്നു.

കേതവഃ = കിരണങ്ങൾ, ദേവം = പ്രകാശിയ്ക്കുന്ന വനും, ത്യം = പ്രത്യക്ഷത്തിൽ കാണപ്പെടുന്നവനുമായ സൂർയം = സൂർയനെ, വിശ്വായ ദൃശേ = എല്ലാവരും കാണത്തക്കവിധത്തിൽ, ഉദ് വഹന്തി = മേൽപോട്ടു് കൊണ്ടു പോകുന്നു.

7. ഉസ്രാവേതം ധൂർഷാഹാവനശ്രൂ അവീരഹണൗ ബ്രഹ്മചോദനൗ

ഈ മന്ത്രം ചൊല്ലി സോമലത വെച്ചിരിയ്ക്കുന്ന വണ്ടിയിൽ കെട്ടുന്നതിനുള്ള കാളകളെ വണ്ടിയുടെ സമീപത്തിൽ കൊണ്ടുവരുന്നു.

ധൂർഷാഹൌ = ഭാരം വഹിയ്ക്കുന്നവരും, അനശ്രൂ = വണ്ടി വലിയ്ക്കുന്നതിൽ പ്രസിദ്ധിയാർജ്ജിച്ചവരും, അവീരഹണൌ = വീരം എന്ന പ്രസിദ്ധമായ സോമലത നശിപ്പിയ്ക്കാത്തവരും, ബ്രഹ്മചോദനൌ = കൃഷിപ്പണിയിൽ സഹായിയ്ക്കുന്നതുകൊണ്ടു് ഭക്ഷണം ഉണ്ടാക്കിത്തരുന്നവരും ആയ, ഹേ ഉസ്രൌ = അല്ലയോ കാളകളേ! ഏതം = വന്നാലും

8 വരുണസ്യ സ്കംഭനമസി

ഈ മന്ത്രം ചൊല്ലി നുകത്തിലുള്ള ദ്വാരങ്ങളിൽ ഓരോ നുകക്കയ്യു് ഇടുന്നു (ഈഷ)

വരുണസ്യ സ്കംഭനം അസി = നീങ്ങൾ കാളകളെ നീങ്ങിപ്പോകാതെ നിറുത്തുന്നവയാകുന്നു.

9. സ്കംഭസർജ്ജനമസി

ഈ മന്ത്രം ചൊല്ലി കാളകളെ നുകത്തിന്റെ അടിയിൽ കെട്ടുന്നു.

സ്കംഭസർജ്ജനം അസി = നീ കാളകളെ നീങ്ങിപ്പോകാതെ സൂക്ഷിയ്ക്കുന്നു.

10 പ്രത്യസ്തോ വരുണസ്യ പാശഃ

ഈ മന്ത്രം ചൊല്ലി കാളകളുടെ കഴുത്തിൽ കെട്ടിയിരിക്കുന്ന കയറിൻെറ മറെറാരു തല വണ്ടിയിൽ ഇടുന്നു.

വരുണസ്യ പാശഃ = നീളമുള്ള കയറ്, പ്രത്യസ്തഃ = വണ്ടിയിൽ നിക്ഷേപിയ്ക്കപ്പെട്ടു.

ഇതി അഷ്ടമോ ƒ നുവാകഃ

നവമോ ƒ നുവാകഃ

പ്രച്യവസ്വ ഭുവസ്പതേ വിശ്വാന്യഭി ധാമാനി മാത്വാ പരിപരീ വിദന്മാ ത്വാ പരി പന്ഥിനോ വിദന്മാ ത്വാ പുരാ അഘായവോ മാ ഗന്ധർവ്വോ വിശ്വാവസുരാദഘച്ഛ്യേനോ-ഭൂത്വാ പരാ പത യജമാനസ്യ നോ ഗൃഹേ ദേവൈ: സംസ്കൃതം യജമാനസ്യ സ്വസ്ത്യയന്യസ്യപി പന്ഥാമഗസ്മഹി സ്വസ്തി ഗാമനേഹസം യേന വിശ്വാഃ പരിദ്വിഷോ വൃണക്തി വിന്ദ-തേ വസുനമോ മിത്രസ്യ വരുണസ്യ ചക്ഷസേ മഹോ ദേവായ തദൃതം സപർയത ദൂരേ ദൃശേ ദേവജാതായ കേതവേ ദിവസ്പു-ത്രായ സൂർയായ ശംസത വരുണസ്യ സ്കംഭനമസി വരുണസ്യ സ്കംഭസർജന മസ്യുന്മുക്തോ വരുണസ്യ പാശഃ || (73)

